
# ഗിരിദീപം

ഫെബ്രുവരി 2026



നോമ്പുകാലം

മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിൻറെ നാവിൽ നിന്നു
പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണു ജീവിക്കുന്നത്
എന്ന് എഴുതപ്പെട്ടിരിക്കുന്നു. (മത്താ 4:4)



നവവൈദികർ അഭിവന്ദ്യ പിതാവിനോടൊപ്പം



തലശ്ശേരി അതിരൂപത ഇടവക കോർഡിനേറ്റേഴ്സ് നേതൃസംഗമം
മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്യുന്നു.
തളിപ്പറമ്പ്, 22 ജനുവരി 2026

ഫെബ്രുവരി 2026

വാല്യം 09
ലക്കം 02

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. പരിശുദ്ധ പിതാവിന്റെ ഡിക്രി - വി. ഫ്രാൻസിസിന്റെ വർഷം ................ 05
2. Prot. No.064 /2026, Circular No. 03/2026 ................ 14
3. Prot. No. 070/2026, Circular No. 04/2026 ................ 10
4. കച്ചേരിക്കാര്യം ................ 17
5. സീറോ മലബാർ സഭ - സമുദായ ശക്തീകരണവർഷം 2026 ................ 24
6. വൈദികക്ഷേമം ................ 30
7. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ................ 31
8. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ................ 38
9. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ................ 40
   തിരുബാലസഖ്യം ................ 44
10. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ................ 46
11. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ................ 48
12. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ................ 56
   വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ................ 59
   നിർമ്മലഗിരി കോളേജ് ................ 61
   TRACE ................ 64
13. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
   എ.കെ.സി.സി. ................ 65
   കരിസ്മാറ്റിക് ................ 71
   ADAM ................ 73
   കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ................ 75
14. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ................ 78
   ബയോമൗണ്ടൻ ................ 83
   ഇൻഫാം ................ 87
15. ധ്യാനകേന്ദ്രങ്ങളിലൂടെ ................ 89
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ................ 90
17. Engagements - February (Archbishop Mar Joseph Pamplany) ................ 93
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ................ 94
19. Engagements - February (Archbishop Mar George Njaralakatt) ................ 96
20. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ................ 97
21. Engagements - February (Archbishop Mar George Valiamattam) ................ 98

4177/K-35/KCBC/OL/DS 16 January 2026

# അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ വർഷം ഡിക്രി

അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ 800-ാമത് ചരമവാർഷികത്തോട് അനുബന്ധിച്ച് ഒരു സവിശേഷ ജൂബിലി വർഷം പ്രഖ്യാപിക്കപ്പെടുന്നു; അതിനോടുചേർന്ന് സമ്പൂർണ ദണ്ഡവിമോചന സാധ്യതയും.

"നമ്മുടെ പിതാവും സഹോദരനുമായ ഫ്രാൻസിസിന്റെ സ്മരണ നിലനിർത്തുക. അത് അവനെ മനുഷ്യരുടെ ഇടയിൽ ഉന്നതനും മാലാഖമാരുടെ ഇടയിൽ മഹത്വീകൃതനും ആക്കിത്തീർത്തവന്റെ സ്തുതിക്കും മഹത്വത്തിനും ആയിരിക്കട്ടെ. തന്റെ മരണത്തിനു മുമ്പായി അദ്ദേഹം സ്വയം ആവശ്യപ്പെട്ടതനുസരിച്ച് ഫ്രാൻസിസിനു വേണ്ടി നമുക്ക് പ്രാർഥിക്കാം; അവന്റെയും മാധ്യസ്ഥ്യം നമുക്കു അപേക്ഷിക്കാം; അങ്ങനെ ദൈവം തന്റെ പരിശുദ്ധ കൃപ അവനോടൊപ്പം നാമുമായും പങ്കുവയ്ക്കട്ടെ".

2025-ലെ സാധാരണ ജൂബിലി വർഷം അവസാനിച്ചതേയുള്ളു. അതിന്റെ കൃപ നമ്മെ നിരാശരാക്കാത്ത പ്രത്യാശയുടെ (റോമാ 5:5 കാണുക) തീർഥാടകരാകാൻ പ്രചോദിപ്പിച്ചിരിക്കുന്ന ഈ അവസരത്തിൽ അത് കാലോചിതവും ഫലപ്രദവും ആയിരിക്കേ, അതിനോടുചേർത്ത് അതിന്റെ തുടർച്ചയായി മാതൃകാപരമായ മറ്റൊരു അവസരം കൂടി സന്തോഷിക്കുന്നതിനും സ്വയം വിശദീകരിക്കുന്നതിനും കൈവന്നിരിക്കുന്നു: ഈ ലോകജീവിതത്തിൽനിന്നു വിശുദ്ധ ഫ്രാൻസിസ് അസ്സീസി തന്റെ സ്വർഗീയ ഭവനത്തിലേക്ക് സന്തോഷപൂർവ്വം കടന്നുപോയതിന്റെ 800-ാമത് വാർഷികം.

സമീപകാലങ്ങളിൽ നടന്ന മറ്റു പ്രധാനപ്പെട്ട ജൂബിലികൾ അസ്സീസിയിലെ വിശുദ്ധന്റെ വ്യക്തിത്വത്തോടും പ്രവർത്തനത്തോടും ബന്ധപ്പെട്ടവയായിരുന്നു: ഗ്രേച്ചോയിൽ അദ്ദേഹം ഒരുക്കിയ ആദ്യത്തെ തിരുപ്പിറവി രംഗം (Nativity scene), സൃഷ്ടിയുടെ പരിശുദ്ധ സൗന്ദര്യത്തിന്റെ ഗാനമായ "സൃഷ്ടി ഗീതത്തിന്റെ" രചന, തന്റെ മരണത്തിന് രണ്ടുവർഷം മുമ്പ്, പുതിയ കാൽവരി എന്നറിയപ്പെടുന്ന, വെർണ മലയിൽ (Monte della Verna) വച്ച് അദ്ദേഹത്തിന്റെ ശരീരത്തിൽ പഞ്ചക്ഷതങ്ങൾ പതിപ്പിക്കപ്പെട്ടത് എന്നിവയുടെ 800-ാം വാർഷികം. ഇപ്രകാരം മുമ്പുള്ള എല്ലാ ആഘോഷങ്ങളുടെയും ഉച്ചസ്ഥാനവും പരിപൂർത്തിയുമായി 2026 മാറും; അങ്ങനെ അത് യഥാർഥത്തിൽ

വിശുദ്ധ ഫ്രാൻസിസിന്റെ വർഷമായിരിക്കും; അതുവഴി നാമെല്ലാവരും ഈ സെറാഫിക് പാത്രിയാർക്കിസിന്റെ (Seraphic Patriarch) മാതൃക സ്വീകരിച്ചുകൊണ്ട് ഇന്നത്തെ ലോകത്ത് വിശുദ്ധരായിത്തീരാൻ വിളിക്കപ്പെട്ടവരാകും.

മനുഷ്യരാശിയുടെ രക്ഷകൻ എന്ന നിലയിൽ യേശുക്രിസ്തു അല്ലാതെ "നാം രക്ഷിക്കപ്പെടേണ്ടതിന് ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമമില്ല" (അപ്പ 4:12) എന്നത് ആശ്ചര്യകരമാംവിധം സത്യമാണെങ്കിൽ, തത്തുല്യമായി അനിതരസാധാരണമാംവിധം മറ്റൊരു കാര്യംകൂടി സത്യമാണ്: 12-ഉം 13-ഉം നൂറ്റാണ്ടുകളുടെ ഇടയിൽ, വിശുദ്ധ യുദ്ധങ്ങൾ എന്നു വിളിക്കപ്പെട്ടവ ഉണ്ടായിരുന്ന കാലഘട്ടത്തിൽ, ധാർമിക മൂല്യങ്ങൾക്ക് ഇടിവുണ്ടായിരുന്നപ്പോൾ, മതാത്മക ആവേശം തെറ്റിദ്ധരിക്കപ്പെട്ടിരുന്നപ്പോൾ, "ഒരു സൂര്യൻ ലോകത്തിലേക്ക് പിറന്നു"[2]: ഫ്രാൻസിസ്. അവൻ ഒരു ധനികനായ വ്യാപാരിയുടെ മകനിൽനിന്ന് ദരിദ്രനും വിനീതനും യഥാർഥ പുരാതന ക്രിസ്തുവായി *(true Ancient Christ)* ഭൂമിയിൽ പരിണമിച്ചു; അവൻ ലോകത്തിനു സ്പർശനീയമായ സുവിശേഷാത്മക ജീവിതത്തിന്റെ മാതൃകകളും യഥാർഥ ക്രൈസ്തവ പരിപൂർണതയുടെ ചിത്രവും നല്കി. ഫ്രാൻസിസ് ജീവിച്ചിരുന്ന കാലഘട്ടത്തിൽനിന്ന് വളരെ വ്യത്യസ്തമല്ല നമ്മുടെ കാലഘട്ടവും; ഇന്നത്തെ പശ്ചാത്തലത്തിൽ അദ്ദേഹത്തിന്റെ പ്രബോധനം ഒരുപക്ഷേ കൂടുതൽ കൃത്യമായി പ്രസക്തവും മനസ്സിലാക്കപ്പെടാവുന്നതുമാണ്. ക്രൈസ്തവ ഉപവി കുറഞ്ഞുവരുന്ന ഇക്കാലത്ത്, അറിവില്ലായ്മ അസാന്മാർഗികതപോലെ വ്യാപിക്കുമ്പോൾ, ജനങ്ങളുടെ ഇടയിൽ ഐക്യം ഉണ്ടാക്കുന്നു എന്നു കരുതുന്നവർ ആത്മാർഥമായ ക്രൈസ്തവ ചൈതന്യത്തിനു വിരുദ്ധമായി സ്വാർഥപരമായ ലക്ഷ്യങ്ങളോടെ പെരുമാറുമ്പോൾ, യഥാർഥമായതിനെ സാങ്കല്പികമായത് കൈയടക്കുമ്പോൾ (when the virtual takes over the real), ഭിന്നിപ്പുകളും സാമൂഹിക അക്രമവും ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറുമ്പോൾ, സമാധാനം ദിവസംതോറും സുരക്ഷിതമല്ലാത്തതും വിദൂരത്തായിരിക്കുന്നതും ആകുമ്പോൾ, വിശുദ്ധ ഫ്രാൻസിസിന്റെ ഈ വർഷം നമുക്ക് എല്ലാവർക്കും പ്രചോദനമാകണം: ഓരോരുത്തരും അവരവരുടെ സാധ്യതകൾക്കനുസൃതം, അസ്സീസിയിലെ ആ ദരിദ്രനായ മനുഷ്യനെ *(the poor man of Assisi)* അനുകരിക്കാൻ; അങ്ങനെ നമ്മെത്തന്നെ കഴിയുന്നിടത്തോളം ക്രിസ്തുവിന്റെ മാതൃക അനുസരിച്ച് രൂപപ്പെടുത്താൻ; അതുവഴിയായി ഇപ്പോൾ അവസാനിച്ച വിശുദ്ധ വർഷത്തിന്റെ ലക്ഷ്യങ്ങൾ നിരാകരിക്കപ്പെടാതിരിക്കട്ടെ; നമ്മെ

തീർഥാടകരായി വീക്ഷിച്ച പ്രത്യാശ ഇപ്പോൾ സജീവ ഉപവിയിൽ തീക്ഷ്ണമതികളായി പരിണമിപ്പിക്കട്ടെ.

"ഇതു ചെയ്യുകവഴിയായി നീ കർത്താവിനെയും അവിടത്തെയും നിന്റെയും ദാസനായ എന്നെയും സ്നേഹിക്കുന്നുവോ എന്നു ഞാൻ അറിയും: അതായത്, നിനക്കെതിരായി ഒരു സഹോദരൻ എത്രമാത്രം പാപം ചെയ്യാമോ അത്രമാത്രം ചെയ്തശേഷം നിന്റെ കണ്ണുകളിലേക്ക് നോക്കി, നിന്റെ കരുണാർദ്രമായ മാപ്പിനായി അപേക്ഷിക്കുന്നെങ്കിൽ നീ അത് നല്കിക്കൊണ്ട് അവനെ പറഞ്ഞുവിടുകയാണെങ്കിൽ"[3].

പ്രസിദ്ധമായ *quendam ministrum* ("ഒരു പ്രത്യേക ശുശ്രൂഷകന്") എന്ന ലേഖനത്തിൽ എഴുതപ്പെട്ടിരിക്കുന്ന അനിതരസാധാരണമായ ഈ വാക്കുകളിലൂടെ ഒരുവശത്ത് വിശുദ്ധ ഫ്രാൻസിസ് അജ്ഞാതനായ ഒരു സഹോദരന് ആശ്വാസവും ഉപദേശവും പകരുന്നു; എന്നാൽ, അതിലുപരി അടിസ്ഥാനപരമായ കരുണയുടെ സങ്കല്പത്തിന് ഊന്നൽ നല്കുകയും ചെയ്യുന്നു; മാപ്പുനല്കുന്നതും ദണ്ഡവിമോചനവും പ്രസ്തുത സങ്കല്പത്തോട് അഭേദ്യമാംവിധം ചേർന്നിരിക്കുന്നു. അത് യഥാർഥത്തിൽ ഒരു മാപ്പുനല്കലാണ്; അതായത്, പ്രസിദ്ധമായ ''അസ്സീസിയിലെ മാപ്പു നല്കൽ'' (Pardon of Assisi) അഥവാ "പോർസിങ്കുളയിലെ ദണ്ഡവിമോചനം". ഹൊണോറിയസ് മൂന്നാമൻ പാപ്പാ പ്രത്യേക ആനുകൂല്യത്താൽ ഫ്രാൻസിസിനു നേരിട്ട് നൽകിയതായിരുന്നു അത്. അതിന്റെ നിബന്ധന, കുമ്പസാരിച്ച് ദിവ്യകാരുണ്യം സ്വീകരിക്കുകയും ഓഗസ്റ്റ് രണ്ടാം തീയതി അസ്സീസിക്ക് അടുത്തുള്ള പുരാതന ദൈവാലയം സന്ദർശിക്കുക എന്നതുമായിരുന്നു; അത് ഏതാണ്ട് 800 വർഷം മുമ്പ് ഒരു ചെറിയ സ്ഥലത്ത് (a small portion of land) സ്ഥാപിക്കപ്പെട്ടതായിരുന്നു, അതിനാലാണ് അതിന്റെ നാമം പോർസിങ്കുള (hence the name Porzincula) എന്നായത്.

തന്റെ അപേക്ഷ ക്രിസ്തുവിന്റെ വികാരി സ്വീകരിച്ചിരിക്കുന്നു എന്നു കണ്ടപ്പോൾ അന്ന് വിശുദ്ധനുണ്ടായ വളരെ വലിയ ചൈതന്യവും ആനന്ദവും, തുടർന്ന് പോർസിങ്കുളയുടെ പ്രതിഷ്ഠാനേരത്ത് അവിടെ കൂടിയിരുന്ന ജനത്തോടു തനിക്കു ലഭിച്ച കൃപയെക്കുറിച്ച് പ്രഖ്യാപിക്കുകയും ചെയ്തപ്പോൾ അവ അവരുടെമേൽ പ്രസരിച്ചതുപോലെ, പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ, നമ്മുടെ വിശ്വാസത്തിന്റെയും സന്തോഷത്തിന്റെയും ശുശ്രൂഷകൻ എന്ന നിലയിൽ, ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു: 2026 ജനുവരി 10 മുതൽ, അതായത്, ഇപ്പോഴത്തെ സാധാരണ ജൂബിലി ഉപസംഹരിക്കുന്നവേളയിൽതന്നെ 2027 ജനുവരി 10 വരെ വിശുദ്ധ ഫ്രാൻസിസിന്റെ

പ്രത്യേക വർഷമായിരിക്കും; അങ്ങനെ ഓരോ ക്രിസ്തുവിശ്വാസിയും അസ്സീസിയിലെ വിശുദ്ധന്റെ മാതൃക പിന്തുടർന്നുകൊണ്ട് ജീവിത വിശുദ്ധിയുടെ മാതൃകയും നിരന്തരം സമാധാനത്തിന്റെ സാക്ഷിയും ആയിത്തീരട്ടെ.

ഈ ലക്ഷ്യങ്ങൾ പൂർണമായി പ്രാപിക്കുന്നതിന് അപ്പസ്തോലിക പെനിടെൻഷ്യറി, പരിശുദ്ധ പിതാവിന്റെ ഹിതത്തോട് ചേർന്നുനിന്നു കൊണ്ട്, ഈ ഡിക്രിവഴിയായി വിശുദ്ധ ഫ്രാൻസിസിന്റെ വർഷം ആചരിക്കുന്ന വേളയിൽ പൂർണ ദണ്ഡവിമോചനം, സാധാരണയുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു; അതായത്, അനുരഞ്ജന കൂദാശയുടെയും ദിവ്യകാരുണ്യത്തിന്റെയും സ്വീകരണം, പരിശുദ്ധ പിതാവിന്റെ നിയോഗങ്ങൾക്കായുള്ള പ്രാർഥന എന്നിവവഴി. അത് ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ മോചനസഹായം എന്ന രൂപത്തിലും അർപ്പിക്കാവുന്നതാണ്:

1) താഴെപ്പറയുന്ന ഗണങ്ങളിലെ അംഗങ്ങൾക്കുവേണ്ടി:

- ഫ്രാൻസിസ്കൻ കുടുംബത്തിലെ ഒന്നും രണ്ടും മൂന്നും റെഗുലറും സെക്കുലറും ഓർഡറുകൾ,

- സമർപ്പിത സന്യസ്ത സമൂഹങ്ങൾ, അപ്പസ്തോലിക ജീവിത സമൂഹങ്ങൾ, വിശുദ്ധ ഫ്രാൻസിസിന്റെ നിയമം പാലിക്കുകയോ അദ്ദേഹത്തിന്റെ ആധ്യാത്മികതയാൽ പ്രചോദിതരാവുകയോ മറ്റേതെങ്കിലും തരത്തിൽ അദ്ദേഹത്തിന്റെ വരദാന ചൈതന്യം (charism) നിലനിർത്തുകയോ ചെയ്യുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും പരസ്യമോ രഹസ്യമോ ആയ വിശ്വാസികളുടെ സംഘടനകൾ (Public or Private Associations of the Faithful);

2) വ്യത്യാസങ്ങൾ കൂടാതെ എല്ലാ വിശ്വാസികൾക്കുംവേണ്ടി:

ഇപ്രകാരം ദണ്ഡമോചനം ആഗ്രഹിക്കുന്നവർ, പാപത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനുള്ള താത്പര്യത്തോടെ വിശുദ്ധ ഫ്രാൻസിസിന്റെ വർഷത്തിൽ പങ്കുചേരും. അത് താഴെപ്പറയുന്ന വിധം ആകാം:

ഒരു തീർഥാടനം എന്നവിധം ഒരു ഫ്രാൻസിസ്കൻ സന്യാസഭവന ദേവാലയമോ വിശുദ്ധ ഫ്രാൻസിസിന്റെ നാമധേയത്തിലുള്ള ആരാധനാലയമോ ഏതെങ്കിലും കാരണവശാൽ അദ്ദേഹവുമായി ബന്ധപ്പെടുത്തിയ സ്ഥലമോ സന്ദർശിക്കുന്നതുവഴി: അവിടെ അവർ ഭക്തിപൂർവം ജൂബിലി കർമങ്ങൾ നിർവഹിക്കുകയോ കുറച്ചുസമയം ധ്യാനപൂർവ്വം ചിലവഴിക്കുകയോ ചെയ്യണം. ക്രൈസ്തവ ഉപവിക്ക് ചേർന്നവിധം അയൽക്കാരനുവേണ്ടിയും ജനതകളുടെ ഇടയിൽ

പൊരുത്തവും സമാധാനവും പുലരുന്നതിനുവേണ്ടിയുമുള്ള അർഥന കൾ തങ്ങളുടെ ഹൃദയങ്ങളിൽ ഉയർത്തുകയും അവസാനം ''സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ'', ''വിശ്വാസപ്രമാണം'', "നന്മ നിറഞ്ഞ മറിയമേ" എന്നീ പ്രാർഥനകളും, വിശുദ്ധ ഫ്രാൻസിസ് അസ്സീസിയോടും വിശുദ്ധ ക്ലാരയോടും ഫ്രാൻസിസ്കൻ കുടുംബ ത്തിൽപ്പെട്ട ഇതര വിശുദ്ധരോടും പ്രാർഥിക്കുകയും ചെയ്യണം.

വൃദ്ധർക്കും രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും മറ്റ് ഗൗരവമായ കാരണങ്ങളാൽ തങ്ങളുടെ ഭവനങ്ങൾ വിട്ടുപോകാൻ കഴിയാത്തവർക്കും പൂർണദണ്ഡവിമോചനം പ്രാപിക്കാനാകും. അതിന് അവരും പാപത്തിൽനിന്ന് ഒഴിഞ്ഞുനിന്നുകൊണ്ട് കഴിയുന്നത്ര മേൽപ്പറഞ്ഞ മൂന്ന് വ്യവസ്ഥകളും പാലിച്ചുകൊണ്ട് ആത്മീയമായി വിശുദ്ധ ഫ്രാൻസിസിന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കുചേരുകയും അവരുടെ പ്രാർഥനകളും ജീവിതത്തിലെ വേദനകളും സഹനങ്ങളും കരുണാർദ്രനായ ദൈവത്തിനു കാഴ്ചവയ്ക്കുകയും ചെയ്യണം.

സഭയുടെ താക്കോലുകളുടെ ശക്തിവഴിയായി ദൈവിക കൃപ ലഭിക്കാനുള്ള ഈ അവസരം വളരെ എളുപ്പം ലഭ്യമാക്കാനായി ഈ പെനിടെൻഷ്യറി ശരിയായ ഫാക്കൽറ്റികളുള്ള സന്യസ്തരും രൂപതാ വൈദികരും ആയവരോട് ശക്തമായി അഭ്യർഥിക്കുന്നു: നിങ്ങളുടെ മുമ്പിൽ അനുരഞ്ജന കൂദാശയ്ക്കായി അണയുന്നവരെ ഉദാരമനസ് കതയോടെയും കരുണാപൂർവവും സ്വാഗതം ചെയ്യാൻ തയ്യാറാ കുക. ഈ ഡിക്രി വിശുദ്ധ ഫ്രാൻസിസിന്റെ വർഷം മുഴുവൻ പ്രാബല്യ ത്തിലുള്ളതാണ്; മറ്റൊരു നിയമവും ഇതിന് വിരുദ്ധമായി നിലനില്ക്കു ന്നില്ല.

റോമായിലെ അപ്പസ്തോലിക പെനിടെൻഷ്യറിയുടെ മന്ദിര ത്തിൽനിന്ന് കർത്താവിന്റെ ജ്ഞാനസ്നാനത്തിരുനാളിന്റെ തലേന്നാൾ 2026 ജനുവരി പത്താം തീയതി നല്കപ്പെട്ടത്.

**കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം**

**പി.ഒ.സി. കൊച്ചി - 682025**

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 064/2026, Circular No. 03/2026

## കത്തോലിക്കാ കോൺഗ്രസ് ജന്മവാർഷികം

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരെ,

സീറോമലബാർ സഭാംഗങ്ങളുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിന്റെ 108-ാം ജന്മവാർഷികം പ്രമാണിച്ചുള്ള അന്തർദ്ദേശീയ സമ്മേളനത്തിന് ഈ വർഷം തലശ്ശേരി അതിരൂപതയാണ് ആതിഥേയത്വം വഹിക്കുന്നത്. 2026 സമുദായ ശക്തീകരണ വർഷമായി സീറോമലബാർ സഭയിൽ ആചരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ വലിയ പ്രാധാന്യത്തോടെയാണ് ഈ വർഷത്തെ സമ്മേളനം സംഘടിപ്പിക്കുന്നത്. കേരളത്തിനകത്തും പുറത്തുനിന്നുമുള്ള രൂപതകളിൽനിന്നും മറ്റ് രാജ്യങ്ങളിൽനിന്നുള്ള സീറോമലബാർ സമുദായാംഗങ്ങളും പ്രതിനിധികളും സഭയുടെ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവും അഭിവന്ദ്യ പിതാക്കന്മാരും വാർഷികാഘോഷങ്ങൾക്കായി എത്തിച്ചേരും. 2026 മാർച്ച് 13, 14 തീയതികളിലായി തലശ്ശേരിയിലും കണ്ണൂരുമായാണ് വാർഷികാഘോഷങ്ങൾ നടക്കുന്നത്. മാർച്ച് 14 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് കണ്ണൂർ നഗരത്തിൽ മഹാറാലിയും പോലീസ് മൈതാനിയിൽ അന്തർദ്ദേശീയ സമ്മേളനവും വാർഷികാഘോഷത്തിന്റെ ഭാഗമായി നടക്കുന്നതാണ്.

സീറോമലബാർ സഭയുടെ ചരിത്രത്തിൽ സൂര്യതേജസ്സായി വിളങ്ങി നില്ക്കുന്ന നിധീരിക്കൽ മാണിക്കത്തനാരുടെ നേതൃത്വത്തിൽ ആരംഭിച്ച ജാതൈ്യകൃസംഘത്തിന്റെ തുടർച്ചയായാണ് കത്തോലിക്കാ കോൺഗ്രസ് രൂപംകൊണ്ടത്. സമുദായ സ്നേഹികളായ ഒട്ടനവധി അത്മായ രത്നങ്ങൾ കത്തോലിക്കാ കോൺഗ്രസിലൂടെ സഭയെയും സമുദായത്തെയും

വളർത്തുവാൻ നിസ്തുലമായ സംഭാവനകൾ നല്കി. ക്രൈസ്തവർ നേതൃത്വം നല്കിയ ഐതിഹാസിക സമരങ്ങൾക്ക് നട്ടെല്ലായി നിന്നത് കത്തോലിക്കാ കോൺഗ്രസ് ആയിരുന്നു. 1918 ലെ പൗരസമത്വവാദ പ്രക്ഷോഭം മുതൽ 1959 ലെ വിമോചന സമരംവരെയുള്ള ജനകീയ മുന്നേറ്റങ്ങളിൽ കത്തോലിക്കാ കോൺഗ്രസിന്റെ ശക്തമായ നേതൃത്വമുണ്ടായിരുന്നു. മലബാറിലെ കുടിയേറ്റ ജനത നേരിട്ട ഗൂഡല്ലൂർ, ഷിമോഗ കുടിയിറക്കങ്ങൾക്കെതിരെ നടന്ന സമരങ്ങൾ, നിലയ്ക്കൽ സമരം, വിദ്യാഭ്യാസ അവകാശങ്ങൾ നിഷേധിക്കപ്പെട്ടതിനെതിരെ നടന്ന വിവിധ പോരാട്ടങ്ങൾ എന്നിവ കത്തോലിക്കാ കോൺഗ്രസിന്റെ ശക്തമായ സമരങ്ങളായിരുന്നു. ഒരു സമുദായമെന്ന നിലയിൽ നാം ഇന്ന് നേരിടുന്ന പ്രതിസന്ധികളെ പരിഹരിക്കുവാൻ സമുദായാംഗങ്ങളെ ഒരുമിച്ച് നിർത്തുന്നതിൽ കത്തോലിക്കാ കോൺഗ്രസിന് വലിയ പ്രസക്തിയുണ്ട്. സമുദായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പഠിക്കുന്നതിനും പ്രതികരിക്കുന്നതിനും സമുദായാംഗങ്ങൾക്ക് ഒരുമിച്ച് ചേരുവാനുള്ള പൊതുവേദിയായി കത്തോലിക്കാ കോൺഗ്രസ് നമ്മുടെ ഇടവകകളിൽ മാറിയിട്ടുണ്ട്. സഭയ്ക്കും സമുദായത്തിനുമെതിരെ വരുന്ന എല്ലാ നീക്കങ്ങളെയും പ്രതിരോധിക്കുവാൻ കത്തോലിക്കാ കോൺഗ്രസിലൂടെ ദൈവജനത്തിനു കഴിയണം.

'സമുദായ ശക്തീകരണം രാഷ്ട്ര പുരോഗതിക്ക്' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചാണ് വാർഷികാഘോഷങ്ങൾ നടത്തുന്നത്. സമുദായ ശക്തീകരണ വർഷത്തിൽ ഒരു സമുദായം എന്ന നിലയിൽ നാം നേരിടുന്ന വെല്ലുവിളികളെ സമുദായത്തിന്റെയും പൊതുസമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും മുമ്പിൽ തുറന്നു പറയുവാനുമുള്ള ഒരവസരമായി ഈ വാർഷികാഘോഷത്തെ നമുക്ക് മാറ്റണം. ആഘോഷത്തെക്കാൾ ഉപരി ഒരു സമുദായത്തിന്റെ അതിജീവനത്തെ ആകുലപ്പെടുത്തുന്ന വസ്തുതകൾ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഈ മഹാസംഗമം ഉപയുക്തമാക്കണം.

സീറോമലബാർ സഭയ്ക്കു മുഴുവൻ മാതൃകയും പ്രചോദനവുമാകുന്ന പ്രവർത്തനങ്ങളാണ് തലശ്ശേരി അതിരൂപതയിലെ കത്തോലിക്കാ കോൺഗ്രസ് കാഴ്ചവയ്ക്കുന്നത് എന്ന യാഥാർത്ഥ്യം അഭിമാനത്തോടെ ഓർമ്മിക്കട്ടെ. തലശ്ശേരി അതിരൂപതയിലെ എല്ലാ ഇടവകകളിലും സമുദായ ശക്തീകരണവർഷാചരണത്തിന്റെ ഭാഗമായി കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമായിട്ടുണ്ട്. കുടിയേറ്റ ജനതയുടെ മഹാസംഗമമായി കണ്ണൂരിൽ നടക്കുന്ന വാർഷികാഘോഷം മാറും വിധത്തിലുള്ള തയ്യാറെടുപ്പുകൾ

നമുക്ക് നടത്താം. എല്ലാ ഇടവകകളിൽനിന്നും പരമാവധി ആളുകൾ മഹാറാലിയിലേക്കും വാർഷിക സമ്മേളനത്തിലേക്കും എത്തിച്ചേരുവാൻ പരിശ്രമിക്കണം.

കത്തോലിക്കാ കോൺഗ്രസിന്റെ അംഗങ്ങൾ വീടുകൾ സന്ദർശിച്ച് ഈ വാർഷികാഘോഷത്തെക്കുറിച്ച് അറിയിക്കുകയും കത്തോലിക്കാ കോൺഗ്രസിന്റെ ഇടവകാ തലത്തിലുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്യുമല്ലോ. ഈ വാർഷികാഘോഷത്തിന്റെ നടത്തിപ്പിനായുള്ള സാമ്പത്തികമായ സഹകരണവും സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു. ബഹു. വൈദികരുടെ നേതൃത്വത്തിൽ ഇടവകകളിലെ പാരിഷ് കൗൺസിൽ അംഗങ്ങളുടെ സഹായത്തോടെ വാഹന സൗകര്യങ്ങൾ ഒരുക്കി പരമാവധി ആളുകളെ മാർച്ച് 14 ന് കണ്ണൂർ എത്തിക്കുവാൻ പരിശ്രമിക്കുമല്ലോ.

സമുദായ ശക്തീകരണവർഷാചരണത്തിന്റെ ഭാഗമായി നമ്മുടെ അതിരൂപതയിൽ നടക്കുന്ന സമുദായ അംഗങ്ങളുടെ മഹാസംഗമമായി ഈ വാർഷികാഘോഷത്തെ നമുക്ക് മാറ്റാം. കെട്ടുറപ്പുള്ള ഒരു സമുദായത്തിന്റെ ഭാഗമായി നിന്നു മാത്രമേ നമുക്ക് വളർച്ചയുണ്ടാകൂ എന്ന തിരിച്ചറിവ് നമുക്ക് സമുദായബോധം വളർത്താൻ പ്രേരകമാകട്ടെ. നമ്മുടെ സമുദായത്തെ ശക്തിപ്പെടുത്തുന്ന എല്ലാ പ്രവർത്തനങ്ങളെയും ഈശോ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിങ്ങൾ ഏവരെയും പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ ആശീർവ്വദിക്കുന്നു.

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2026 ജനുവരി 24 ന് വി. ഫ്രാൻസീസ് സാലസിന്റെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2026 ഫെബ്രുവരി 08-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No.070 /2026, Circular No. 04/2026

## നോമ്പുകാലം

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരെ,

നമ്മുടെ കർത്താവിന്റെ പീഢാനുഭവങ്ങളെ ആഴത്തിൽ ധ്യാനിക്കുന്ന വലിയ നോമ്പിന്റെ ദിനങ്ങളിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. 2026 ഫെബ്രുവരി 15-ാം തീയതി ഞായറാഴ്ച അർദ്ധരാത്രിയിലാണ് ഈ വർഷത്തെ വലിയ നോമ്പാരംഭിക്കുന്നത്. മാനസാന്തരത്തിലൂടെയും ജീവിതനവീകരണത്തിലൂടെയും കർത്താവിന്റെ ഉയിർപ്പുതിരുനാളിന് ഒരുങ്ങുവാൻ ഒരാണ്ടുവട്ടത്തിലെ 50 ദിനങ്ങൾ തിരുസഭ മാറ്റിവച്ചിരിക്കുകയാണ്. 'മനുഷ്യാ നീ മണ്ണാകുന്നു, മണ്ണിലേക്ക് മടങ്ങും നൂനം' എന്ന ഹൃദയസ്പർശിയായ ഗാനം ആലപിച്ച് നെറ്റിയിൽ അനുതാപത്തിന്റെ ചാരം പൂശിയാണ് നാം നോമ്പിന്റെ കവാടം കടക്കുന്നത്. പാപത്തെ ഉപേക്ഷിച്ച് നിർമലമായ ജീവിതം നയിക്കുവാൻ ഈശോ നമ്മോട് സ്നേഹത്തോടെ ആവശ്യപ്പെടുന്ന ദിവസങ്ങൾ നമ്മുടെ വ്യക്തിജീവിതത്തിൽ ആത്മീയ ഉണർവിന്റെ അവസരമാകട്ടെ. കുരിശുമരണത്തിലൂടെ നമുക്ക് രക്ഷ നേടിത്തന്ന ഈശോയോടൊപ്പം ഈ നോമ്പിന്റെ ദിനങ്ങളിൽ സഞ്ചരിക്കാം. ഈ വർഷത്തെ നോമ്പാചാരണത്തെ സംബന്ധിച്ച് ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ.

ഒന്നാമതായി-നോമ്പ് പ്രലോഭനങ്ങളെ കീഴടക്കാനുള്ള സമയമാണ്. മരുഭൂമിയിലെ പ്രലോഭനങ്ങളെ അതിജീവിക്കുന്ന ഈശോയെ അവതരിപ്പിച്ചുകൊണ്ടാണ് നോമ്പിന്റെ ആദ്യഞായർ ആരംഭിക്കുന്നത്. പ്രലോഭനങ്ങളുടെ മരുഭൂമി കടക്കാതെ ആത്മീയതയുടെ കാനാൻദേശത്തേക്ക് നമുക്ക് പ്രവേശിക്കാനാവില്ല. മൂന്നു പ്രലോഭനങ്ങളാണ് ഈശോ നേരിട്ടത്. കല്ലുകളെ അപ്പമാക്കി വിശപ്പുമാറ്റുവാൻ ഈശോയെ പിശാച് പ്രലോഭിപ്പി

ക്കുന്നു. ശരീരവും അതിന്റെ ദുരാശകളും മനുഷ്യന്റെ പ്രലോഭനമേഖലകളിൽ എല്ലാ കാലഘട്ടത്തിലും പ്രഥമസ്ഥാനത്താണ്. ഭൂമിയിലെ സർവപ്രതാപങ്ങളും പ്രശസ്തിയും കാണിച്ചുകൊണ്ടാണ് രണ്ടാമത് ഈശോയെ പിശാച് പ്രലോഭിപ്പിക്കുന്നത്. നീ ദൈവപുത്രനാണെങ്കിൽ താഴേക്ക് ചാടി നിന്റെ മഹത്വം മറ്റുള്ളവർക്കുമുമ്പിൽ പ്രകടിപ്പിക്കുക എന്ന പ്രലോഭനമാണ് അവസാനമായി പിശാച് ഈശോയ്ക്ക് നല്കിയത്. സമ്പത്തും അധികാരവും മനുഷ്യന്റെ പ്രലോഭനങ്ങളുടെ ശക്തമായ മേഖലകളാണെന്ന സത്യമാണ് വചനം പറഞ്ഞുതരുന്നത്. എല്ലാ പ്രലോഭനങ്ങളെയും ഈശോ നേരിടുന്നത് ദൈവവചനം ഉദ്ധരിച്ചുകൊണ്ടാണ്. നോമ്പുകാലം പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള കാലമാണ്. ദൈവവചനമാകുന്ന വാൾ പ്രലോഭകനായ പിശാചിനെതിരായ ആയുധമാണ്. വചനം ഹൃദയത്തിൽ സൂക്ഷിച്ച് പ്രലോഭനങ്ങളെ അതിജീവിക്കുന്ന ശൈലി നമുക്ക് സ്വന്തമാക്കാം. "കർത്താവേ അങ്ങേയ്ക്കെതിരായി പാപം ചെയ്യാതിരിക്കുവാൻ അങ്ങേ വചനം എന്റെ ഹൃദയത്തിൽ സൂക്ഷിച്ചു"വെന്ന തിരുവചനം നമ്മെ ശക്തിപ്പെടുത്തട്ടെ. വചനത്തിന്റെ ആഴങ്ങളെ നമ്മുടെ ആത്മാവ് ധ്യാനിക്കുന്ന കാലമാകട്ടെ നോമ്പിന്റെ ദിനങ്ങൾ. പുതിയ നിയമത്തിലെ മുഴുവൻ ഭാഗങ്ങളും നോമ്പുകാലത്ത് ധ്യാനപൂർവം വായിച്ചുതീർക്കുവാൻ ഞാൻ നിങ്ങളെ സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു. വചനത്തിന്റെ ശക്തിയാൽ പ്രലോഭനങ്ങളെ നാം തോല്പ്പിക്കുമ്പോൾ കൃപയുടെ കിരീടമാണ് ദൈവം നമുക്ക് സമ്മാനിക്കുന്നത്.

രണ്ടാമതായി-നോമ്പുകാലം പരിത്യാഗത്തിന്റെയും വിരക്തിയുടെയും കാലമാണ്. മത്സ്യമാംസാദികളും ലഹരിപദാർത്ഥങ്ങളും ഒഴിവാക്കുന്നതും വെള്ളിയാഴ്ചകളിൽ ഉപവസിക്കുന്നതും സുറിയാനി കത്തോലിക്കരുടെ ശ്രേഷ്ഠമായ പാരമ്പര്യങ്ങളാണ്. തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും ജീവിതരീതി കാലഹരണപ്പെട്ട ആത്മീയ ശൈലിയായി കാണുന്ന ധാരാളം ആളുകൾ നമ്മുടെ ഇടയിലുണ്ട്. നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രാധാന്യം വീണ്ടെടുക്കുവാൻ മാതാപിതാക്കൾ പ്രത്യേക താല്പര്യം കാണിക്കുമല്ലോ. ചില കാര്യങ്ങളൊക്കെ ഒഴിവാക്കുന്നതും പരിമിതപ്പെടുത്തുന്നതും അച്ചടക്കത്തിന്റെ വഴികൂടിയാണെന്നുള്ള കാര്യം നാം തിരിച്ചറിയണം. കുട്ടികളെ അനുസരണം പഠിപ്പിക്കുവാനും മൊബൈൽ ഫോൺ ആസക്തി ഒഴിവാക്കുവാനുമൊക്കെ മാതാപിതാക്കൾ കഷ്ടപ്പെടുന്നത് ഈ കാലഘട്ടത്തിന്റെ സവിശേഷതകളാണ്. ചിലതൊക്കെ ഒഴിവാക്കപ്പെടേണ്ടതാണെന്ന ചിന്ത കുട്ടികൾക്ക് ലഭിക്കുംവിധം മാതാപിതാക്കൾ നോമ്പിലെ ദിനങ്ങൾ ക്രമീകരിക്കുമല്ലോ. അമ്പതുദിനങ്ങളിലും

മത്സ്യവും മാംസവും ലഹരിപദാർത്ഥങ്ങളും നമ്മുടെ വീടുകളിൽ നിന്നും പൂർണ്ണമായും ഒഴിവാക്കും എന്ന തീരുമാനം നാം എടുക്കണം. ഏതു നിഷേധവും നമുക്കു വേദന നല്കും. മദ്യപാനി മദ്യം ഉപേക്ഷിക്കുമ്പോഴും പുകവലിക്കുന്നയാൾ വലി നിർത്തുമ്പോഴും മണിക്കൂറുകൾ റീലുകൾ കണ്ടും സോഷ്യൽ മീഡിയായിൽ സമയം ചിലവഴിക്കുന്നവർ അത് ഉപേക്ഷിക്കുമ്പോഴും ഒരു വേദന അനുഭവപ്പെടും. ഈ വേദനയാണ് നോമ്പിന്റെ നോവ്. ഈ നോവ് പുതിയ ജന്മത്തിന്റെ ഈറ്റുനോവാണ്. ഈ നോവ് അനുഭവിക്കാതെ നമുക്ക് മോചനമില്ല. "വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവന് ദൈവരാജ്യം കാണാൻ കഴിയുകയില്ല" (യോഹ. 3:3).

മൂന്നാമതായി-നോമ്പുകാലം നമ്മുടെ ഭവനങ്ങൾ ദൈവാലയങ്ങളായി മാറേണ്ട കാലമാണ്. സമുദായ ശക്തീകരണവർഷാചരണത്തിന്റെ പ്രധാന ലക്ഷ്യം കുടുംബങ്ങളുടെ ആത്മീയ ഉണർവാണ്. എല്ലാ ദിവസവും കുടുംബാംഗങ്ങൾ സാധിക്കുന്നിടത്തോളം ഒരുമിച്ച് വി. കുർബാനയിൽ പങ്കെടുക്കുവാൻ ഈ നോമ്പുകാലത്ത് നിങ്ങൾക്ക് കഴിയട്ടെ. പരിശുദ്ധ കുർബാനയിൽ അഭയം പ്രാപിക്കുന്ന കുടുംബത്തെ ആർക്കും തകർക്കാൻ കഴിയുകയില്ല. നമ്മുടെ കുടുംബങ്ങളുടെ ശക്തി വീടുകളിൽ മാതാപിതാക്കളും മക്കളും ഒരുമിച്ച് നടത്തുന്ന കുടുംബപ്രാർത്ഥനയാണ്. തിരുഹൃദയരൂപത്തിന്റെ മുമ്പിൽ മുട്ടുകുത്തി നില്ക്കുന്ന അപ്പനും അമ്മയും അവരുടെ ചാരത്ത് മുട്ടുകുത്തി നിൽക്കുന്ന മക്കളും അവരുടെ അധരങ്ങളിൽനിന്ന് ഉയരുന്ന ജപമാല പ്രാർത്ഥനകളും നമ്മുടെ കുടുംബങ്ങളുടെ ചൈതന്യമാണ്. നോമ്പിന്റെ ദിനങ്ങളിൽ ഒരു ദിവസംപോലും മുടങ്ങാതെ കുടുംബപ്രാർത്ഥന നടത്തുവാൻ നിങ്ങൾ പരിശ്രമിക്കുമല്ലോ. കുടുംബപ്രാർത്ഥന മുടങ്ങാതെ നടത്തുന്ന കുടുംബങ്ങളുടെ മുകളിൽ കർത്താവിന്റെ അനുഗ്രഹത്തിന്റെ കരം ഉയർന്നു നില്ക്കുന്നുണ്ട്. എല്ലാ വെള്ളിയാഴ്ചകളിലും 'കുരിശിന്റെ വഴി' നടത്തി കർത്താവിന്റെ പീഡകളെ ധ്യാനിക്കാം. വിശുദ്ധ സ്ലീവായുടെ സംരക്ഷണകോട്ടയാൽ ഇത്തരം കുടുംബങ്ങൾ സുരക്ഷിതമാണ്. പ്രാർത്ഥിക്കുന്ന കുടുംബങ്ങളിലെ കുഞ്ഞുങ്ങളെ ലഹരി കീഴടക്കില്ല. പ്രണയച്ചതിയിൽ ഈ കുടുംബത്തിലെ കുഞ്ഞുങ്ങൾ വീഴില്ല.

നാലാമതായി-നോമ്പുകാലം പുണ്യത്തിൽ വളരാനുള്ള കാലം കൂടിയാണ്. ജീവിതത്തിന്റെ ഹ്രസ്വത ധ്യാനിച്ചുകൊണ്ട് വെറുപ്പിനെയും വിദ്വേഷത്തെയും നമുക്ക് ഒഴിവാക്കാം. ക്ഷമയുടെ വഴിയിൽ നാം പാദങ്ങൾ ഊന്നണം. കർത്താവിന്റെ കുരിശിന്റെ വഴി ക്ഷമയുടെയും വിട്ടുവീഴ്ചയുടെയും വഴിയാണ്. ഒരാളോടുപോലും പിണക്കവും വെറുപ്പും

സൂക്ഷിക്കാൻ ഇടയാകരുത്. നോമ്പുകാലം നമ്മുടെ ഹൃദയത്തിൽ സ്നേഹം പൂത്തുലയുന്നകാലമാകട്ടെ. നമ്മുടെ പ്രിയപ്പെട്ടവരിൽ ഈശോയെ കാണാനും അവരെ ആഴത്തിൽ സ്നേഹിക്കുവാനും ബോധപൂർവം നമുക്ക് പരിശ്രമിക്കാം. പ്രയാസങ്ങൾ അനുഭവിക്കുന്ന സഹോദരങ്ങളെ കഴിയുന്നവിധത്തിലൊക്കെ സഹായിക്കാൻ നമുക്ക് നോമ്പുകാലത്ത് കഴിയട്ടെ.

നോമ്പിന്റെ അമ്പതുദിനങ്ങൾ ഉത്ഥിതനായ ഈശോയെ സ്വീകരിക്കാനുള്ള ആത്മീയമായ ഒരുക്കത്തിന്റെ നാളുകളാകട്ടെയെന്ന് ഒരിക്കൽകൂടി ആശംസിക്കുന്നു. കർത്താവിന്റെ കുരിശിൽ നിന്ന് വീഴുന്ന തിരുരക്തം നമ്മുടെ സമൂഹത്തെയും കുടുംബങ്ങളെയും വിശുദ്ധീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യട്ടെ. സർവശക്തനായ ദൈവം നിങ്ങൾ ഓരോരുത്തരെയും പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ ആശീർവ്വദിക്കുന്നു.

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2026 ജനുവരി 28 ന് വി. തോമസ് അക്വീനാസിന്റെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2026 ഫെബ്രുവരി 15-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം
## ഫെബ്രുവരി 2026

**1. ബഹു. വൈദികരുടെ സ്ഥലം മാറ്റവും നിയമനവും (01-02-2026)**

1) റവ. ഫാ. സെബാസ്റ്റ്യൻ അമ്പാട്ട് - വികാരി, പടിമരുത്
2) റവ. ഫാ. മാത്യു നടുവിലേക്കൂറ്റ് - വികാരി, കനകപ്പള്ളി
3) റവ. ഫാ. ജോർജ് തെക്കേവയലിൽ - വികാരി, മാവുഞ്ചാൽ
HR മാനേജർ - SJH കരുവഞ്ചാൽ
4) റവ. ഫാ. ജോമി ജോസഫ് തൊട്ടിയിൽ PSDP- വികാരി, ജോസ്മൗണ്ട്
5) റവ. ഫാ. മാത്യു ആനിക്കുഴിക്കാട്ടിൽ - പ്രോ-വികാരി, രണ്ടാംകടവ്
6) റവ. ഫാ. ചെറിയാൻ ചെമ്പകശ്ശേരി - പ്രോ-വികാരി, പെർള, കുമ്പള
7) റവ. ഫാ. ജോസഫ് ചെല്ലങ്കോട്ട് - പ്രോ-വികാരി, കാര്യപ്പള്ളി
8) റവ. ഫാ. മാത്യു ചെബ്ലായി - പ്രോ-വികാരി, ചെടിക്കുളം
9) റവ. ഫാ. ജോസഫ് തുരുത്തേൽ - പ്രോ-വികാരി, ചാവറഗിരി
10) റവ. ഫാ. വർഗ്ഗീസ് കുന്നത്ത് - ഉപരിപഠനം
11) റവ. ഫാ. മാത്യു മൂന്നാനാൽ - അഡ്മിനിസ്ട്രേറ്റർ, VJEC
12) റവ. ഫാ. ജോസഫ് തേനമ്മാക്കൽ - പാരിഷ് സോഫ്റ്റ്വെയർ
13) റവ. ഫാ. ജോൺസൺ വേങ്ങപ്പറമ്പിൽ - അജപാലന ശുശ്രൂഷ
ഗ്രേറ്റ് ബ്രിട്ടൻ

**അസിസ്റ്റന്റ് വികാരിമാർ**

1) റവ. ഫാ. ജെയിംസ് അട്ടാറക്കൽ - ചന്ദനക്കാംപാറ
2) റവ. ഫാ. ജോസഫ് അയിലൂക്കുന്നേൽ - പടന്നക്കാട്
3) റവ. ഫാ. ജോസഫ് ചെറുകരക്കുന്നേൽ - കരിക്കോട്ടക്കരി
4) റവ. ഫാ. അഗസ്റ്റിൻ ചെറുനിലം - ആലക്കോട്
5) റവ. ഫാ. തോമസ് ചിന്താർമണിയിൽ - വായാട്ടുപറമ്പ്
6) റവ. ഫാ. ജോസഫ് ചൊള്ളംപുഴ - പുളിങ്ങോം
7) റവ. ഫാ. അഗസ്റ്റിൻ ഈറ്റയ്ക്കൽ - പടുപ്പ്
8) റവ. ഫാ. ചാക്കോ കളപ്പുരയ്ക്കൽ - നെല്ലിക്കാംപൊയിൽ
9) റവ. ഫാ. ജേക്കബ് കാശാംക്കാട്ടിൽ - വെള്ളരിക്കുണ്ട്
10) റവ. ഫാ. സേവ്യർ കുരിയളാനിക്കൽ - കുടിയാൻമല

11) റവ. ഫാ. ജോർജ് മാപ്പിളപറമ്പിൽ - കൊളക്കാട്
12) റവ. ഫാ. ജോൺ മുള്ളംകുഴി - മണിക്കടവ്
13) റവ. ഫാ. ക്ലമന്റ് നരിക്കുഴിയിൽ - ഉദയഗിരി
14) റവ. ഫാ. ജോസഫ് പാലക്കൽ - പേരാവൂർ
15) റവ. ഫാ. ജോസഫ് പാറക്കാലായിൽ - കണിച്ചാർ
16) റവ. ഫാ. ജോസഫ് പൂക്കുളത്തേൽ - കരിക്കോട്ടക്കരി
17) റവ. ഫാ. മാത്യു പൂക്കുളത്തേൽ - പെരുമ്പടവ്
18) റവ. ഫാ. ദേവസ്യ പൊട്ടക്കുളത്തിൽ - മാലോം
19) റവ. ഫാ. കുര്യാക്കോസ് പുളിയനാപ്പള്ളിൽ - എടൂർ
20) റവ. ഫാ. ജേക്കബ് തുണ്ടിയിൽ - ചെറുപുഴ
21) റവ. ഫാ. മാർട്ടിൻ തുറയ്ക്കൽ - ചെമ്പേരി
22) റവ. ഫാ. സെബാസ്റ്റ്യൻ തൈപ്പറമ്പിൽ - തളിപറമ്പ്
23) റവ. ഫാ. മാത്യു വടക്കേൽ - മാങ്ങോട്
24) റവ. ഫാ. ജോൺ വലിയപറമ്പിൽ - കുന്നോത്ത്
25) റവ. ഫാ. തോമസ് വള്ളിയിൽ - വിളക്കണ്ണൂർ
26) റവ. ഫാ. സെബാസ്റ്റ്യൻ മണ്ണാറാത്ത് MST - ചെമ്പേരി
27) റവ. ഫാ. മാത്യു കൈതാരത്ത് ISCH - പാലാവയൽ
28) റവ. ഫാ. ജോസഫ് കാഞ്ഞിരമറ്റത്തിൽ MST - ഭീമനടി
29) റവ. ഫാ. ദേവസ്സി വടക്കുംതല RCJ - അങ്ങാടിക്കടവ്
30) റവ. ഫാ. ജോൺ കുറ്റിക്കോമ്പിൽ CMI - പെരുമ്പുന്ന
31) റവ. ഫാ. മാത്യു മണലേൽ RCJ - തോമാപുരം
32) റവ. ഫാ. ജോസഫ് കവുന്നുകാട്ടിൽ MST - ചെമ്പന്തൊട്ടി
33) റവ. ഫാ. ജോർജ് പാലാട്ടി RCJ - കരുണാപുരം
34) റവ. ഫാ. തോമസ് പാണ്ട്യാപ്പള്ളിൽ CST - മണ്ടളം
35) റവ. ഫാ. ജോർജ് പെങ്ങാട്ട് MST - ആലക്കോട്
36) റവ. ഫാ. കുര്യൻ പുന്നക്കുഴി MCBS - എടൂർ
37) റവ. ഫാ. പോൾ തോപ്പിൽ RCJ - ഇരിട്ടി
38) ഡീ. സെബാസ്റ്റ്യൻ മടപ്പാത്തോട്ടത്തിൽ TOR - നിർമ്മലഗിരി

**2. നന്ദി**

തലശ്ശേരി അതിരൂപതയിലെ വിവിധ ഇടവകകളിൽ വികാരിമാരായും സഹവികാരിമാരായും ശുശ്രൂഷ ചെയ്തതിനുശേഷം തങ്ങളുടെ സന്യാസ സമൂഹങ്ങളിലേക്ക് തിരികെ പോകുന്ന റവ. ഫാ. ലോറൻസ് ഒടിയത്തിങ്കൽ SCJ, ഫാ. ജെയിംസ് തോട്ടപ്പിള്ളിൽ SJ, ഫാ. ചാക്കോ പെരുകുന്നേൽ RCJ, ഫാ. തോമസ് തോപ്പിൽ RCJ, ഫാ. നെൽസൻ ഞാളിയൻ, ഫാ. തോമസ് കുഴിപ്പറമ്പിൽ CST എന്നീ വൈദിക സഹോ

ദരങ്ങൾക്ക് തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദി അറിയിക്കുന്നു.

**3. സ്വാഗതം**

തലശ്ശേരി അതിരൂപതയിൽ അജപാലന ശുശ്രൂഷയ്ക്കായി എത്തിയിരിക്കുന്ന ഫാ. സെബാസ്റ്റ്യൻ മണ്ണാറാത്ത് MST, ഫാ. ജോസഫ് കാഞ്ഞിരമറ്റത്തിൽ MST, ഫാ. ജോസഫ് കവുന്നുകാട്ടിൽ MST, ഫാ. ജോർജ് പെങ്ങാട്ട് MST, ഫാ. മാത്യു കൈതാരത്ത് ISCH, ഫാ. ദേവസ്സി വടക്കുംതല RCJ, ഫാ. മാത്യു മണലേൽ RCJ, ഫാ. ജോർജ് പാലാട്ടി RCJ, ഫാ. പോൾ തോപ്പിൽ RCJ, ഫാ. കുര്യൻ പുന്നക്കുഴി MCBS, ഫാ. തോമസ് പാണ്ട്യാപ്പള്ളിൽ CST, ഫാ. ജോൺ കുറ്റിക്കോമ്പിൽ CMI എന്നീ വൈദികർക്ക് ഹൃദ്യമായ സ്വാഗതം.

**4. റവ. ഫാ. ജോൺസൺ വേങ്ങപ്പറമ്പിൽ**

ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപതയിൽ അജപാലന ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന ബഹു. ജോൺസൺ വേങ്ങപ്പറമ്പിലച്ചന് ആശംസകൾ. 2026 ഫെബ്രുവരി 02 ന് ബഹു. ജോൺസൺ അച്ചൻ ഇംഗ്ലണ്ടിലേക്ക് യാത്രതിരിക്കും.

**5. ലോക രോഗീദിനം**

ഫെബ്രുവരി 11-ന് ലോകരോഗീദിനമായി ആചരിക്കുകയാണ്. എല്ലാ ഇടവകകളിലും രോഗികൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥന, കിടപ്പുരോഗികളെ സന്ദർശിക്കുക, അവർക്ക് വി. കുമ്പസാരത്തിനും വി. കുർബാന സ്വീകരണത്തിനും അവസരം ഒരുക്കുക തുടങ്ങിയ ശുശ്രൂഷകളിലൂടെ ലോകരോഗീദിനം ആചരിക്കുമല്ലോ.

**6. വൈദികസമിതി സമ്മേളനം**

തലശ്ശേരി അതിരൂപതാ പ്രിസ്ബിറ്ററൽ കൗൺസിലിന്റെ യോഗം 2026 ഫെബ്രുവരി 24 ന് ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ സന്ദേശഭവനിൽ വച്ച് ചേരുന്നതാണ്. പ്രിസ്ബിറ്ററൽ കൗൺസിൽ അംഗങ്ങളായ ബഹു. വൈദികർ ഈ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**7. തിരുബാലസഖ്യദിനം**

ഈ വർഷം ഫെബ്രുവരി 15 ന് തിരുബാല സഖ്യദിനമായി ആചരിക്കുന്നത്. അന്നേ ദിവസം ചെടിക്കുളം ഇടവകയിൽ ദിവ്യബലി അർപ്പിച്ച് അഭിവന്ദ്യ പിതാവ് തിരുബാലസഖ്യദിനം ഉദ്ഘാടനം ചെയ്യും. ഇടവകകളിൽ ഉചിതമായ പരിപാടികളോടെ തിരുബാല

സഖ്യദിനം ആചരിക്കുമല്ലോ. അന്നേദിവസത്തെ സ്തോത്രകാഴ്ച തിരുബാല സഖ്യപ്രവർത്തനങ്ങൾക്കായി അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

**8. പുതിയ ഫോൺ നമ്പറുകൾ**

1. റവ. ഫാ. അയിലൂക്കുന്നേൽ ജോസഫ് - 8113910477
2. റവ. ഫാ. കാശാംകാട്ടിൽ ജേക്കബ് - 8848455758
3. റവ. ഫാ. കുരിയളാനിക്കൽ സേവ്യർ - 7025471136
4. റവ. ഫാ. മാപ്പിളപ്പറമ്പിൽ ജോർജ് - 9526344922
5. റവ. ഫാ. നരിക്കുഴിയിൽ ക്ലമന്റ് - 8943921410
6. റവ. ഫാ. പാലയ്ക്കൽ ജോസഫ് - 8281538042
7. റവ. ഫാ. പാറക്കാലായിൽ ജോസഫ് - 9061058559
8. റവ. ഫാ. പൂക്കുളത്തേൽ ജോസഫ് - 9400918128
9. റവ. ഫാ. പൂക്കുളത്തേൽ മാത്യു - 9400467796
10. റവ. ഫാ. പൊട്ടക്കുളത്തിൽ ദേവസ്യ - 7592889374
11. റവ. ഫാ. പുളിയനാപ്പള്ളിൽ കുര്യാക്കോസ് - 8606193506
12. റവ. ഫാ. തുണ്ടിയിൽ ജേക്കബ് - 8606616623
13. റവ. ഫാ. തുറയ്ക്കൽ മാർട്ടിൻ - 9495625632
14. റവ. ഫാ. വടക്കേൽ മാത്യു - 7909100347

**9. ആദരാഞ്ജലികൾ**

**1. റവ. സി. അഗസ്റ്റ മണക്കാട്ടുമറ്റത്തിൽ എസ്. എച്ച്. (79)**



തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായ റവ. സി. അഗസ്റ്റ മണക്കാട്ടുമറ്റത്തിൽ 2026 ജനുവരി 09 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2026 ജനുവരി 10 ന് പേരാവൂർ തൊണ്ടിയിലുള്ള പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. തൊണ്ടിയിൽ, തിരൂർ, തൊക്കിലങ്ങാടി, കൊളക്കാട്, എടത്തൊട്ടി, കോട്ടയം ജനറലേറ്റ്, ചായോത്ത്, പരിയാരം, നീലേശ്വരം, സാൻജോസ് ഭവൻ, എന്നീ മഠങ്ങളിൽ ബഹു. അഗസ്റ്റാമ്മ ശുശ്രൂഷ നിർവഹിച്ചിട്ടുണ്ട്. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**2. ശ്രീ. തോമസ് പുളിന്താനത്ത് (87)**

ബഹു. സെബാസ്റ്റ്യൻ പുളിന്താനത്ത് അച്ചന്റെ ജ്യേഷ്ഠൻ ശ്രീ. തോമസ് പുളിന്താനത്ത് 2026 ജനുവരി 12 ന് നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ 2026 ജനുവരി 13 ന് പെരുവണ്ണാമുഴി ഫാത്തിമ

മാതാ ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയ മറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ വ്യസനിക്കുന്ന പ്രിയപ്പെട്ട പുളിന്താനത്ത് അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**3. റവ. സി. ആനിപോൾ ചാലപ്പുറത്ത് എസ്.എച്ച് (77)**




തിരുഹൃദയ സന്യാസിനീ സമൂഹം സെന്റ് ജോസഫ് പ്രൊവിൻസ് അംഗം റവ. സി. ആനിപോൾ എസ്. എച്ച് 2026 ജനുവരി 19ന് നിര്യാതയായി. മൃത സംസ്കാര ശുശ്രൂഷകൾ 2026 ജനുവരി 20 ന് പേരാവൂർ പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. തൊണ്ടിയിൽ, ചുങ്കക്കുന്ന്, മരിയാപുരം, ബത്തേരി, കരുവഞ്ചാൽ, തൊക്കിലങ്ങാടി, ഹോസ്ക്കോട്ട, ഉദന, സിദ്ധാപുരം, ഹെഗ്ള, വായാട്ടുപറമ്പ്, നിർമ്മലഗിരി എന്നീ മഠങ്ങളിൽ ബഹു. ആനിപോൾ സിസ്റ്റർ സേവനം ചെയ്തിട്ടുണ്ട്. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**5. സ്നേഹസ്മൃതി**

1. റവ. ഫാ. ജോസഫ് മഞ്ചുവള്ളിൽ - 01-02-2016
2. റവ. ഫാ. സക്കറിയാസ് കട്ടക്കൽ - 05-02-2020
3. റവ. ഫാ. തോമസ് മറ്റപ്പള്ളിൽ - 10-02-1987
4. റവ. ഫാ. പോൾ കളപ്പുര - 11-02-1998
5. റവ. ഫാ. കുര്യൻ പാണ്ട്യാമ്മാക്കൽ - 17-02-1973
6. റവ. ഫാ. മാത്യു മണ്ണൂരാംപറമ്പിൽ - 20-02-1983
7. റവ. ഫാ. പോൾ വെട്ടിക്കനാക്കുടി - 22-02-1960
8. റവ. ഫാ. മാത്യു മുതിരചിന്തിയിൽ - 24-02-2011
9. റവ. ഫാ. മാത്യു മണ്ണുക്കുശുമ്പിൽ - 25-02-1981
10. റവ. ഫാ. ദൊസിത്തേവൂസ് ആനിത്തോട്ടം സിഎംഐ - 25-02-1989
11. റവ. ഫാ. ജോസഫ് പുത്തൻപുര - 27-02-1998
12. റവ. ഫാ. തോമസ് നടയിൽ - 28-02-2020

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*



# അനുസ്മരണം

## റവ. ഫാ. ജോസ് ഇളയാനിത്തോട്ടം (78)

*"എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ ഇടവിടാതെ പ്രാർത്ഥിക്കുവിൻ, എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെക്കുറിച്ചുള്ള ദൈവഹിതം"*

*(1 തെസ. 5:16 –18)*

തലശ്ശേരി അതിരൂപതാംഗമായ ബഹു. ജോസ് ഇളയാനിത്തോട്ടം അച്ചൻ 2026 ജനുവരി 02 ന് രാവിലെ 11.30 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കരുവഞ്ചാൽ വൈദിക മന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്ന ജോസച്ചൻ കഴിഞ്ഞ ഏതാനും വർഷങ്ങളായി വാർദ്ധക്യ സഹജമായ രോഗങ്ങളാൽ പ്രയാസപ്പെടുകയായിരുന്നു. പാലാ രൂപതയിലെ കുടക്കച്ചിറയിൽ 1947 നവംബർ 14 ന് ഇളയാനിത്തോട്ടം പരേതരായ ലൂക്കോസ് - മേരി ദമ്പതികളുടെ മൂത്ത മകനായി ബഹു. ജോസച്ചൻ ജനിച്ചു. തലശ്ശേരി അതിരൂപതയിലെ ചെമ്പേരിയിലേക്കാണ് അച്ചന്റെ മാതാപിതാക്കൾ കുടിയേറ്റക്കാരായി എത്തിയത്. 3 സഹോദരന്മാരും 5 സഹോദരിമാരുമാണ് അച്ചനുള്ളത്. ആലീസ് കരിങ്ങട (ചെമ്പന്തൊട്ടി), മേരി കൊച്ചുപുരയ്ക്കൽ (വെള്ളരിക്കുണ്ട്), തോമസ് (ചെമ്പേരി), സെബാസ്റ്റ്യൻ (ചെമ്പേരി), സി. ആഗ്നസ് എഫ്.സി.സി. (കുടിയാന്മല), ജമ്മ കല്ലെടുക്കനാനി (കോട്ടയം), സിസി മലയിക്കൽ (ചെമ്പന്തൊട്ടി), പരേതനായ ജോർജ് എന്നിവരാണ് അച്ചന്റെ സഹോദരങ്ങൾ.

തലശ്ശേരി മൈനർ സെമിനാരിയിൽ വൈദിക പരിശീലനം ആരംഭിക്കുകയും ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. 1975 ഡിസംബർ 20 ന് തലശ്ശേരി അതിരൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

ഉദയഗിരി പള്ളിയിൽ അസി. വികാരിയായിട്ടാണ് ബഹു. ജോസച്ചന്റെ പൗരോഹിത്യ ജീവിതം ആരംഭിക്കുന്നത്. തുടർന്ന് താമരശ്ശേരി രൂപതയിലെ കോടഞ്ചേരി പള്ളിയിൽ അസി. വികാരിയായി സേവനം ചെയ്തു. വളയം, വാഴമല, കുന്നുംകൈ, ബഡൂർ, ആര്യപറമ്പ, അറബി, ചരൾ, കാഞ്ഞിരടുക്കം, ഉദയപുരം, കണ്ണിവയൽ, കുന്നോത്ത്, പെരിങ്കിരി, ചുണ്ടപ്പറമ്പ, കമ്പല്ലൂർ, നെടുവാലൂർ, കാര്യപ്പള്ളി എന്നീ ഇടവകകളിൽ വികാരിയായി അച്ചൻ ശുശ്രൂഷ ചെയ്തു. 2015 നവംബർ മാസമാണ് വിശ്രമ ജീവിതത്തിനായി കരുവഞ്ചാൽ വൈദിക മന്ദിരത്തിലെത്തുന്നത്.

തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ തന്റേതായ സംഭാവനകൾ നല്കിയാണ് ജോസച്ചൻ വിട പറയുന്നത്. കുടിയേറ്റ ജനതയുടെ ഹൃദയത്തിലിടംപിടിച്ച ഇടയനായിരുന്നു അദ്ദേഹം. ശാന്തതയും സൗമ്യതയും അജപാലന ശൈലിയാക്കിയ പുരോഹിതനായിരുന്നു ജോസച്ചൻ. അച്ചൻ സേവനം ചെയ്ത 18 ഇടവകകളിലും ആ പ്രദേശങ്ങളുടെ സമഗ്രമായ വളർച്ചയ്ക്ക് ഉതകുന്ന ഒട്ടനവധി കാര്യങ്ങൾ ചെയ്യുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. കണ്ണിവയലിൽ ഇന്നുള്ള മനോഹരമായ ദൈവാലയം ബഹു. ജോസച്ചന്റെ നേതൃത്വത്തിലാണ് നിർമ്മിച്ചത്. കുന്നോത്ത് പ്ലസ്ടു സ്കൂൾ ആരംഭിക്കുന്നതിൽ ജോസച്ചന്റെ പ്രത്യേക താല്പര്യവും പരിശ്രമവും കാരണമായിട്ടുണ്ട്. അസൗകര്യങ്ങളുടെയും ഇല്ലായ്മകളുടെയും കാലഘട്ടത്തിൽ കുടിയേറ്റ ജനതയുടെയും തലശ്ശേരി അതിരൂപതയുടെയും വളർച്ചയ്ക്കുവേണ്ടി ബഹു. ജോസച്ചൻ കഠിനാദ്ധ്വാനം ചെയ്തു.

വളരെ സൗമ്യമായ വ്യക്തിത്വത്തിന്റെ ഉടമയാണ് ബഹു. ജോസച്ചൻ. എല്ലാവരോടും സൗഹൃദ ഭാവത്തിൽ അച്ചൻ ഇടപെട്ടു. ഏതാനും വർഷങ്ങളായി ബഹു. ജോസച്ചൻ രോഗപീഡകളാൽ വിഷമിക്കുകയായിരുന്നു. സഹനങ്ങൾക്കുനടുവിലും സന്തോഷത്തോടെയാണ് ജോസച്ചൻ കാണപ്പെട്ടത്. പൗരോഹിത്യ സ്വീകരണത്തിന്റെ 5 പതിറ്റാണ്ടുകൾ പൂർത്തിയാക്കി സുവർണ്ണ ജൂബിലി ആഘോഷിച്ചാണ് ജോസച്ചൻ നിത്യസമ്മാനത്തിനായി യാത്ര തിരിച്ചിരിക്കുന്നത്. ദൈവജനത്തിന് ഈശോയുടെ കരുണയും സ്നേഹവും പകർന്നു നല്കിയ അങ്ങേക്ക് നിത്യപുരോഹിതനായ ഈശോ നിത്യജീവന്റെ കിരീടം സമ്മാനിക്കട്ടെ.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# സീറോ മലബാർ സഭ
## സമുദായ ശക്തീകരണ വർഷം 2026

സീറോമലബാർ സഭ ഈ വർഷം സമുദായ ശക്തീകരണ വർഷമായി ആചരിക്കുകയാണല്ലോ. നമ്മുടെ അതിരൂപത കഴിഞ്ഞ വർഷം സമുദായ ശക്തീകരണ വർഷമായി ആചരിക്കുകയും അനേകം കർമ്മ പദ്ധതികൾക്ക് ആരംഭം കുറിക്കുകയും ചെയ്തിരുന്നു. ഈ വർഷം അതിന്റെ തുടർച്ചയായി വിവിധ കർമ്മപദ്ധതികൾക്ക് അതിരൂപതാ എക്സിക്യൂട്ടീവ് കമ്മറ്റി രൂപം കൊടുക്കുകയും അഭിവന്ദ്യ പിതാവ് പ്രസ്തുത കർമപദ്ധതികൾക്ക് അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ സമുദായത്തിന്റെ സമുദ്ധാരണത്തെ ലക്ഷ്യംവച്ചുകൊണ്ട് നടപ്പിലാക്കേണ്ട കർമപദ്ധതികൾ എല്ലാ ഇടവകകളിലും നടപ്പിലാക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ഓരോ ഇടവകയിലും ഇതിനുവേണ്ടി ഒരു എക്സിക്യൂട്ടീവ് കമ്മറ്റി രൂപീകരിക്കുകയും ഈ കർമപദ്ധതികൾ നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം. ഇടവക വികാരി, കോ-ഓർഡിനേറ്റർ, കൈക്കാരന്മാർ, ഭക്ത സംഘടനകളുടെ പ്രസിഡന്റുമാർ എന്നിവരുൾപ്പെടുന്ന ഒരു കമ്മറ്റി രൂപീകരിച്ച് ഇടവകതലത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കണം. കൂടുതൽ ആളുകളെ ഉൾപ്പെടുത്തണമെങ്കിൽ വികാരിയച്ചന്മാർക്ക് അത് ചെയ്യാവുന്നതാണ്.

### I. ഇടവകാതലത്തിൽ ഈ വർഷം നടപ്പിലാക്കേണ്ട കർമപദ്ധതികൾ

**1. സമുദായനാമം :** സീറോമലബാർ സഭയിലെ സുറിയാനി കത്തോലിക്കർ സർക്കാർ അംഗീകൃതവും ഏകീകൃതവുമായ സമുദായ നാമമായ 'സീറോമലബാർ സിറിയൻ കാത്തലിക്ക്' എന്ന നാമം മാത്രം ഉപയോഗിക്കുക. ഈ കാര്യം പ്രചരിപ്പിക്കുക. നമ്മുടെ സമൂഹത്തിന് ഏർപ്പെടുത്തിയിരിക്കുന്ന സംവരണാനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ ഈ നാമത്തിലുള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കണമെന്ന കാര്യം ദൈവജനത്തെ അറിയിക്കണം.

**2. ബോധവൽക്കരണം :** കുടുംബകൂട്ടായ്മകൾ, സംഘടനകൾ, സൺഡേസ്കൂൾ, സെമിനാരികൾ, സന്യാസ സമൂഹങ്ങൾ എന്നിങ്ങനെ എല്ലാ തലങ്ങളിലും സമുദായ വിഷയങ്ങളിൽ ക്ലാസ്സുകളും ചർച്ചകളും നടത്തുക.

**3. കത്തോലിക്കാ കോൺഗ്രസ് :** കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കണം.

**4. ദീപിക :** ഇടവകകളിലെ പകുതി കുടുംബങ്ങളിലെങ്കിലും ദീപിക പത്രം എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

**5. വാട്സ്ആപ്പ് ഗ്രൂപ്പ് :** ഓരോ ഇടവകയിലും എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പ് ആരംഭിക്കുകയും സഭാ, അതിരൂപതാ വാർത്തകൾ ഷെയർ ചെയ്യുകയും ചെയ്യുക.

**6. സമുദായത്തനിമ :** സമുദായ വസ്ത്ര ധാരണം, സമുദായ ഭക്ഷണങ്ങൾ, സമുദായ കലകൾ, സമുദായ ആചാര മര്യാദകൾ എന്നിവ വിശേഷാവസരങ്ങളിലെങ്കിലും പ്രായോഗികമാക്കണം.

**7. ഡേ കെയർ സെന്റർ :** ജോലിക്കാരായ മാതാപിതാക്കൾക്ക് കുട്ടികളെ ഏല്പിച്ചിട്ടുപോകാൻ വലിയ ഇടവകകളിലെങ്കിലും ഡേ കെയർ സെന്ററുകളും ബൈബിൾ നഴ്സറികളും തുടങ്ങുക.

**8. പള്ളിയങ്ങാടികൾ :** ആഴ്ചചന്തകൾ ആരംഭിക്കണം. ക്രെഡിറ്റ് യൂണിയൻ, ബയോമൗണ്ടൻ, AKCC, മാതൃവേദി, എന്നിങ്ങനെ ഏതെങ്കിലും യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പള്ളിയങ്കണത്തിൽ ഇവ ആരംഭിക്കണം. നമ്മൾ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ, ബയോമൗണ്ടൻ ഉല്പങ്ങൾ, TSSS ഉല്പന്നങ്ങൾ, ഇടവകയിലെ കുടുംബാംഗങ്ങൾ തയ്യാറാക്കുന്ന ഭക്ഷ്യവിഭവങ്ങൾ എന്നിവയൊക്കെ വിൽക്കുവാൻ സൗകര്യം ക്രമീകരിക്കുക.

**9. പ്രോലൈഫ് :** കൂടുതൽ കുട്ടികളുള്ള കുടുംബങ്ങളെ, ആവശ്യമെങ്കിൽ സാമ്പത്തികമായി സഹായിക്കാൻ പദ്ധതികൾ തയാറാക്കുക.

**10. ഇ. ഡബ്ല്യൂ. എസ് :** ഇ. ഡബ്ല്യൂ. എസ് സംവരണത്തിന് വ്യാപക പ്രചാരണം നടത്തുകയും സംസ്ഥാന, കേന്ദ്ര ഇ. ഡബ്ല്യൂ. എസ് ആനുകൂല്യങ്ങൾക്ക് അർഹതയുള്ളവരെ വിളിച്ചുചേർത്ത് അവർക്ക് ബോധവൽക്കരണവും ഈ ആനുകൂല്യവും ലഭിക്കുവാൻ വേണ്ട സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കണം.

**11. ഹെൽപ്ഡെസ്ക് :** എല്ലാ ഇടവകകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഹെൽപ് ഡെസ്ക് ആരംഭിക്കണം. ഇതിലൂടെ അർഹതപ്പെട്ട ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളെക്കുറിച്ചുള്ള അറിവും ഇ. ഡബ്ല്യൂ. എസ്, ലോണുകൾ, മറ്റ് സംവരണങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവും നല്കാൻ കഴിയണം.

**12. ആൺകുട്ടികളുടെ പിന്നാക്കാവസ്ഥ :** ആൺകുട്ടികളുടെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

**13. ന്യൂനപക്ഷാവകാശങ്ങൾ :** ന്യൂനപക്ഷാവകാശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക. വിദ്യാലയങ്ങളിൽ ക്രിസ്ത്യൻ ചിഹ്നങ്ങൾ പ്രചരിപ്പിക്കുകയും ക്രൈസ്തവ ന്യൂനപക്ഷ സ്ഥാപനം എന്ന ഔദ്യോഗിക രേഖകളിൽ രേഖപ്പെടുത്തുകയും ചെയ്യുക.

**14. വോട്ടർപട്ടിക :** പ്രായപൂർത്തിയായ മുഴുവൻ ഇടവകാംഗങ്ങളും വോട്ടർപട്ടികയിൽ പേര് ചേർത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.

**15. ഗ്രാമസഭ :** ഗ്രാമസഭകളിൽ ഇടവകാംഗങ്ങളെ പങ്കെടുപ്പിക്കുക.

**16. തെരഞ്ഞെടുപ്പ് :** തദ്ദേശ തെരഞ്ഞെടുപ്പുകളിൽ ഇടവകാംഗങ്ങളെ കൂടുതലായി മത്സരിക്കാൻ പ്രോത്സാഹിപ്പിക്കുകയും അവർക്ക് പരിശീലനം നല്കുകയും ചെയ്യുക. റെസിഡൻസ് അസോസിയേഷൻസ്, കോഓപ്പറേറ്റീവ് ബാങ്ക് എന്നിവയുടെയൊക്കെ തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുവാൻ പ്രോത്സാഹിപ്പിക്കുക.

**17. ലെയ്സണിങ്ങ് :** ഇടവകയിലെ സർക്കാർ ഓഫീസുകളും അവിടുത്തെ ഉദ്യോഗസ്ഥരുമായി ബന്ധം സൂക്ഷിക്കുകയും ഇടവകയിലെ ആഘോഷാവസരങ്ങളിൽ അവരെ ക്ഷണിക്കുകയും ചെയ്യുക.

**18. കുടുംബകൂട്ടായ്മകൾ :** കുടുംബകൂട്ടായ്മകൾ എല്ലായിടത്തും നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. അവിടെ സമുദായ വിഷയങ്ങൾ പഠിപ്പിക്കുകയും ചർച്ച നടത്തുകയും ചെയ്യുക.

**19. ചരിത്ര രചന :** ഇടവകയുടെ ചരിത്ര രചന 2026 ജൂൺ 30 ന് മുൻപ് പൂർത്തീകരിക്കുക.

**20. മതബോധനം :** വിശ്വാസ പരിശീലകരായ കുട്ടികളുടെ മാതാപിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ കൊടുക്കണം. ഈ കാലഘട്ടത്തിലെ കുട്ടികളെ അനുധാവനം ചെയ്യേണ്ടത് എങ്ങനെയെും കുട്ടികളുടെ താല്പര്യവും കഴിവും അനുസരിച്ച് അവരുടെ കരിയർ മേഖല കണ്ടെത്താൻ ആവശ്യമായ പരിശീലനങ്ങൾ നൽകേണ്ടതിന്റെ ആവശ്യകതയും അവരെ ബോധ്യപ്പെടുത്തണം. ഇന്ത്യയിൽ ലഭ്യമായിട്ടുള്ള പഠന സാധ്യതകളെക്കുറിച്ചും ജോലി സാധ്യതകളെക്കുറിച്ചും അവരെ ബോധവൽക്കരിക്കണം. ഇതിന് അതിരൂപതാ തലത്തിൽ പ്രവർത്തിക്കുന്ന എഡ്യൂസ് പാർക്ക്, ടീച്ചിംഗ് ടീം എന്നിവയുടെ സേവനം ലഭ്യമാക്കുന്നതാണ്.

**21. ഭവന നിർമ്മാണം :** മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവന നിർമ്മാണ പദ്ധതി തുടരണം. വീടു വയ്ക്കാൻ സ്ഥലം ഇല്ലാത്തവർക്ക് സ്ഥലം കണ്ടെത്താനും വീട് നിർമ്മിച്ച് കൊടുക്കുവാനും പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കണം.

**22. അനുരഞ്ജന സമിതികൾ :** ഇടവകാ തലത്തിൽ അനുരഞ്ജന സമിതികൾ രൂപീകരിക്കുകയും ഭിന്നിച്ചുനിൽക്കുന്ന കുടുംബങ്ങളെ കണ്ടെത്തി അനുരഞ്ജനത്തിലേക്ക് അവരെ കൊണ്ടുവരികയും വേണം.

## II. അതിരൂപതാ തലത്തിൽ നടത്തുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ

**1. വിവിധ തീർത്ഥാടനങ്ങൾ :** മരിയൻ തീർത്ഥാടനം, സാൻജോസ് തീർത്ഥാടനം, നാല്പതാം വെള്ളി തീർത്ഥാടനം, പുതുഞ്ഞായർ തീർത്ഥാടനം.

**2. വിവിധ സംഗമങ്ങൾ :** സംരംഭകരുടെ കൂട്ടായ്മ, വിയാനി നിധി ഉപകാരികളുടെ സംഗമം, തദ്ദേശ സ്വയംഭരണ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടവരുടെ സംഗമം, വിധവകൾ, വിഭാര്യർ എന്നിവരുടെ സംഗമം, അൾത്താര ബാലന്മാരുടെ സംഗമം, അഡ്വക്കേറ്റ്സ്, ഡോക്ടേഴ്സ് എന്നിവരുടെ സംഗമങ്ങൾ, പള്ളി ഭരണ സമിതി അംഗങ്ങളുടെ സംഗമം, സന്യസ്തരുടെ റീജിയണൽ തലത്തിലുള്ള സംഗമം, 10, 11 ക്ലാസ്സുകളിൽ വിശ്വാസ പരിശീലനം നടത്തുന്നവരുടെ സംഗമം, നഴ്സുമാരുടെ സംഗമം AKCC യുടെ സംസ്ഥാന സമ്മേളനം, ബൈബിൾ കൺവെൻഷൻ എന്നിവ നടത്തുവാൻ തീരുമാനിച്ചു. ഈ സംഗമങ്ങളെല്ലാം അതിരൂപതാ കൂരിയാ അംഗങ്ങളുടെയും വിവിധ അപ്പൊസ്റ്റൊലേറ്റുകളുടെയും നേതൃത്വത്തിൽ ആയിരിക്കും നടത്തപ്പെടുക.

**3. ടീച്ചിംഗ് ടീം :** അതിരൂപതാ തലത്തിൽ ബോധവത്ക്കരണം നടത്തുന്നതിനായി ടീച്ചിംഗ് ടീമിനെ രൂപീകരിക്കണം.

**4. സഭാമാധ്യമങ്ങൾ :** സീറോമലബാർ സഭയുടെ മുഖപത്രമായ സീറോ മലബാർ മിഷൻ, സഭയുടെ ഫേസ്ബുക്ക് പേജ്, ഇൻസ്റ്റഗ്രാം എന്നിവ പ്രചരിപ്പിക്കണം.

**5. സുറിയാനി ഭാഷാപഠനം :** സെമിനാരിയിലും സന്യാസഭവനങ്ങളിലും സാധിക്കുമെങ്കിൽ സുറിയാനി പാട്ടുകൾ പഠിപ്പിക്കുകയും കുട്ടികൾക്കും മുതിർന്നവർക്കുമായി പഠന കളരികൾ ആരംഭിക്കുകയും ചെയ്യുക.

**6. കൗൺസിലിംഗ് :** കൗൺസിലിംഗിനുള്ള സൗകര്യങ്ങൾ ക്രമീകരിക്കുക. നിലവിൽ അതിരൂപതയിൽ പ്രവർത്തിക്കുന്ന കൗൺസിലിംഗ് സെന്ററുകളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുക.

**7. ജോബ് ഫെയറുകൾ :** ജോബ് ഫെയറുകൾ അതിരൂപതാ തലത്തിൽ നടത്തുക.

**8. ബിസിനസ് ഫോറം :** ബിസിനസുകാരുടെ കൂട്ടായ്മകൾ ഇടവക, രൂപതാ തലങ്ങളിൽ സംഘടിപ്പിക്കുക.

**9. റിട്ടയർ ചെയ്തവരുടെ കൂട്ടായ്മ :** റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരുടെ കൂട്ടായ്മകൾ ഇടവകാ തലങ്ങളിലോ അതിരൂപതാ നേതൃത്വത്തിലോ നടത്തുക.

**10. കോച്ചിംഗ് സെന്ററുകൾ :** PSc പോലുള്ള വിവിധ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുക.

**11. മാധ്യമ പഠനം :** മാധ്യമ പഠന സംവിധാനങ്ങൾ രൂപീകരിക്കുന്നതോടൊപ്പം സഭയേയും സമുദായത്തേയും ബാധിക്കുന്ന വിഷയങ്ങളിൽ പ്രതികരിക്കുവാൻ പരിശീലിപ്പിക്കുക.

**12. ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് :** ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാനും നടപ്പിലാക്കുവാനും സമ്മർദം ചെലുത്തണം.

**13. രാഷ്ട്രീയകാര്യ സമിതി :** അതിരൂപതാ രാഷ്ട്രീകാര്യ സമിതി കൂടുകയും സഭയുടെ നിലപാടുകൾ ഇടവകാ ഫോറങ്ങളിൽ അറിയിക്കുകയും ചെയ്യുക.

**14. ചരിത്ര രചന :** മലബാർ കുടിയേറ്റ ചരിത്രവും അതിരൂപതാചരിത്രവും ശാസ്ത്രീയമായി പഠിക്കുവാനും പുസ്തക രൂപത്തിൽ തയ്യാറാക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

## III. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ

വിവിധ അപ്പസ്തോലേറ്റുകളുടെ ആഭിമുഖ്യത്തിൽ അതിരൂപതാ തലത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ തുടരുന്നതാണ്.

**1. പ്രോ ലൈഫ് :** പ്രോലൈഫിന്റെ നേതൃത്വത്തിൽ നടുകൊണ്ടിരിക്കുന്ന താരാട്ട്, കരുതൽ, കുഞ്ഞേ നിനക്കായി, കൈത്താങ്ങ്, ജീവോത്സവം പദ്ധതികൾ തുടരുന്നു. കൂടാതെ ഫാമിലി അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയത് തുടരുന്നതാണ്.

**2. കത്തോലിക്കാ കോൺഗ്രസ് :** എല്ലാ ഇടവകകളിലും കത്തോലിക്കാ കോൺഗ്രസ് യൂണിറ്റുകൾ സ്ഥാപിക്കുന്ന നടപടികളുമായി മുന്നോട്ട് പോകുന്നു. സംസ്ഥാന സമ്മേളനം 2026 മാർച്ച് 14 ന് കണ്ണൂർവച്ച് നടത്താൻ വിപുലമായ പ്ലാനിംഗ് നടക്കുന്നു. സഭയുടേയും സമുദായത്തിന്റേയും ആവശ്യങ്ങളിൽ ക്രിയാത്മകമായി ഇടപെടുന്നു.

**3. കുടുംബ കൂട്ടായ്മകൾ :** സമുദായ ശാക്തീകരണം ലക്ഷ്യമാക്കി ഓരോ മാസവും സമുദായ കേന്ദ്രീകൃത വിഷയങ്ങൾ ചർച്ച ചെയ്യുന്നു.

**4. ചെറുപുഷ്പ മിഷൻലീഗ് :** കുട്ടികൾക്കായി സാമുദായിക വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി വിവിധ മത്സരങ്ങൾ നടത്തുന്നു. വിവിധ റാലികൾ, കൂട്ടായ്മകൾ എന്നിവ സംഘടിപ്പിക്കുന്നു. ചരിത്ര രചനാ ക്ലാസ്സുകൾ, ഷോർട്ട് ഫിലിം നിർമ്മാണം, ടീം ക്വിസ് മത്സരങ്ങൾ എന്നിവ നടത്തുന്നു.

**5. കെ. സി. വൈ. എം. :** നസ്രാണി പാരമ്പര്യവും കലകളും അണിനിരത്തി യുവജന സംഗമം, നസ്രാണി കാർണിവൽ, യുവജനങ്ങൾക്കുവേണ്ടിയുള്ള മറ്റ് പദ്ധതികൾ എന്നിവ നടത്തുന്നു. യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന 'ബോൺ നത്താലെ' എല്ലാ വർഷവും തുടരുന്നു.

**6. മദ്യലഹരി വിരുദ്ധ സമിതി :** മദ്യത്തിനും ലഹരിക്കും സാമൂഹ്യ തിന്മകൾക്കും എതിരേ നടത്തിക്കൊണ്ടിരിക്കുന്ന ബോധവത്ക്കരണങ്ങളും കോർണർ മീറ്റിംഗുകളും തുടരുന്നു. മദ്യപാനത്തിന് അടിമപ്പെട്ടവർക്ക് ക്ലാസ്സു

കളും കൗൺസിലിംഗുകളും നടത്തുന്നതോടൊപ്പം ഒരു മാസം താമസിച്ചുള്ള ചികിത്സക്കും സൗകര്യമൊരുക്കുന്നു.

**7. കാറ്റക്കെറ്റിക്കൽ അപ്പസ്റ്റൊലേറ്റ് :** അധ്യാപക ശക്തീകരണത്തിന് ബോധവത്ക്കരണ ക്ലാസ്സുകൾ, കുട്ടികൾക്ക് വിവിധ മത്സരങ്ങൾ, തീർത്ഥാടനങ്ങൾ, +2 കുട്ടികൾക്കുള്ള 'സോൾട്ട് പ്രോഗ്രാം' എന്നിവയോടൊപ്പം വിവിധ കർമപദ്ധതികൾ തുടരുന്നു.

**8. ഹെൽപ് ഡെസ്ക്, എഡ്യൂസ് പാർക്ക് :** ന്യൂനപക്ഷ വിഭാഗത്തിനുള്ള ആനുകൂല്യങ്ങളെക്കുറിച്ചും ക്ഷേമപദ്ധതികളെക്കുറിച്ചും അറിവുകൾ വിവിധ ഫോറങ്ങളിലും ആളുകളിലും എത്തിക്കുന്നു. പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ക്ലാസ്സുകൾ, കരിയർ നൈപുണ്യ വികസന പ്രോഗ്രാമുകൾ ചെയ്യുന്നു. മെന്റൽ ഹെൽത്ത് മിനിസ്ട്രിയിലൂടെ മാനസികാരോഗ്യത്തിനുള്ള ക്ലാസ്സുകൾ നല്കുന്നു.

**9. ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി :** സമുദായത്തിലെ ആളുകളുടെ കാർഷിക ഉല്പന്നങ്ങൾ വാങ്ങിമൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുകയും ഇടവകകളിലെ സ്റ്റാളുകൽ വഴി വിപണനം നടത്തുകയും ചെയ്യുന്നു. വിവിധയിനം കറിപൗഡറുകളും പുട്ട് പൊടിയും മാർക്കറ്റിൽ എത്തിക്കുന്നു.

**10. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി :** കോർപ്പറേറ്റിലെ അധ്യാപകർക്കുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ നല്കുന്നു.

**11. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി :** മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ധന കുടുംബങ്ങൾക്ക് ഭവനങ്ങൾ നിർമ്മിച്ചു നല്കുതോടൊപ്പം മറ്റ് ആതുര സേവന ശുശ്രൂഷാമേഖലകളിലും പ്രവർത്തിക്കുന്നു.

അതിരൂപതയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളും വിവിധ ശുശ്രൂഷാ സംവിധാനങ്ങളും സമുദായ ശക്തീകരണത്തെ മുൻനിർത്തി പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നുണ്ട്. ഈ വർഷം സമുദായ ശക്തീകരണത്തിന് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളുമായി നമുക്ക് മുന്നോട്ട് പോകാം.

**മോൺ. ആന്റണി മുതുകുന്നേൽ, പ്രോട്ടോസിഞ്ചെല്ലൂസ്**
സമുദായ ശക്തീകരണ പ്രവർത്തനങ്ങളുടെ
അതിരൂപതാതല കോ-ഓർഡിനേറ്റർ

# വൈദികക്ഷേമം

## A. P.P.F

1. ബഹു. ജോസഫ് ഇളയാനിത്തോട്ടം അച്ചന്റെ ആത്മശാന്തിയ്ക്കായി എല്ലാ അംഗങ്ങളും ഒരു വി. കുർബാന അർപ്പിക്കേണ്ടതാണ്.
2. P.P.F ലേക്കുള്ള ഇടവകാവിഹിതവും വ്യക്തിവിഹിതവും ബാങ്കിൽ അടച്ചു കഴിയുമ്പോൾ അതിന്റെ സ്ക്രീൻഷോർട്ട് P.P.F ന്റെ ഫോൺ നമ്പറിലേക്ക് അയക്കേണ്ടതാണ് (Mob: 8330870228).
3. 2026 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി നിലവിലുള്ള ഇൻഷുറൻസ് പോളിസികൾ അവസാനിക്കുന്നതാണ്. ഈ പോളിസി തുടരാൻ ആഗ്രഹിക്കുന്നവർ പ്രസ്തുത പോളിസി പുതുക്കേണ്ടതാണ്.

   (Contact: ശ്രീ. ആഗസ്തി മൂലയിൽ Mob: 9447399613), ശ്രീ. ജോബി മണ്ഡപത്തിൽ Mob: 9447688460).

**B . റീജിയണൽ വൈദികസമ്മേളനം**

അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ ഇരിട്ടി, ചെമ്പേരി റീജിയണുകളിലെ വൈദികസമ്മേളനം ജനുവരി 20, ജനുവരി 27 തീയതികളിലായി തളിപ്പറമ്പിനടുത്ത് ഏഴിലം ടൂറിസം കേന്ദ്രത്തിൽ വച്ച് നടന്നു. പ്രസ്തുത സമ്മേളനങ്ങൾ അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. സമുദായ ശക്തീകരണവർഷത്തിൽ ഇടവക, ഫൊറോന, അതിരൂപത തലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ബഹു. വൈദികർ ചർച്ച ചെയ്തു. ഉച്ചഭക്ഷണത്തെ തുടർന്ന് ബഹു. ജോസഫ് വയലുങ്കൽ അച്ചന്റെ നേതൃത്വത്തിൽ നടത്തിയ വ്യത്യസ്തങ്ങളായ കലാവിരുന്ന് ഏവർക്കും വേറിട്ട ഒരു അനുഭവമായിരുന്നു. നമ്മുടെ അതിരൂപതയിലെ അജപാലന പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാനും വൈദിക കൂട്ടായ്മയെ ശക്തിപ്പെടുത്തുവാനും കഴിയുംവിധത്തിലാണ് റീജിയണൽ സംഗമങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. പങ്കെടുത്ത എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

ചെറുപുഴ, കാസർഗോഡ് റീജിയണുകളിലെ വൈദിക സമ്മേളനങ്ങൾ യഥാക്രമം ഫെബ്രുവരി 3, ഫെബ്രുവരി 11 തീയതികളിലായി തളിപ്പറമ്പിലും നീലേശ്വരത്തും വെച്ച് നടത്തുമ്പോൾ ആ റീജിയണുകളിലെ എല്ലാ ബഹു. വൈദികരും താല്പര്യപൂർവ്വം പങ്കെടുക്കുമല്ലോ. കൂടുതൽ വിവരങ്ങൾ വാട്സ്ആപ്പിലൂടെ അറിയിക്കുന്നതാണ്.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

**1. ഡിപ്ലോമ പരീക്ഷ - നന്ദി**

XII-ാം ക്ലാസ്സിന്റെ ഡിപ്ലോമ പരീക്ഷ ജനുവരി 26-ന് തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെ നടത്തി. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് സഹകരിച്ച ബഹു. വികാരിയച്ചൻമാർക്കും പ്രധാനാധ്യാപ കർക്കും ക്ലാസ്സ് അധ്യാപകർക്കും അതിരൂപത കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ നന്ദി.

**2. ഡിപ്ലോമ പുനർമൂല്യനിർണ്ണയം - സേ പരീക്ഷ**

ഡിപ്ലോമ പരീക്ഷാഫലം മാർച്ച് 19 വ്യാഴാഴ്ച പ്രസിദ്ധപ്പെടുത്തുന്നതാണ്. ഉത്തരപേപ്പർ പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 1 ബുധനാഴ്ച ആയിരിക്കും. സേ-പരീക്ഷ ഏപ്രിൽ 11 ശനിയാഴ്ച നടത്തുന്നതാണ്. രോഗം മൂലമോ മറ്റേതെങ്കിലും ഗൗരവമായ കാരണങ്ങളാലോ ജനുവരി 26-ന് നടത്തിയ പരീക്ഷ എഴുതാൻ സാധിക്കാതെപോയ കുട്ടികൾക്ക് 2026 ഏപ്രിൽ 11-ന് നടത്തുന്ന സേ പരീക്ഷയുടെ ദിവസം പരീക്ഷ എഴുതാവുന്നതാണ്.

**3. യാത്രയയപ്പ് മീറ്റിംഗ്**

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയാക്കി പോകുന്നതിനുമുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് സൺഡേ സ്കൂളുകളിലുണ്ട്. സൺഡേസ്കൂൾ പഠനത്തിന്റെ ഓർമ നിലനിർത്തുന്നതിനും ദൈവാനുഭവത്തിന്റെ മേഖലകൾ നിലനിർത്തുന്നതിനുമായി അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

**4. വാർഷികപരീക്ഷ I - XI - ഏപ്രിൽ 11 ശനി**

അതിരൂപതാ മതബോധനകമ്മിറ്റിയുടെ തീരുമാനപ്രകാരം 1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 11 ശനിയാഴ്ച രാവിലെ 9 മണി**

**മുതൽ 11 മണിവരെ** ആയിരിക്കും. പരീക്ഷയ്ക്ക് പാഠപുസ്തകത്തിലെ എല്ലാ അദ്ധ്യായങ്ങളിൽ നിന്നും ഉപപാഠപുസ്തകത്തിൽ നിന്നും മതബോധന മണിക്കൂറിൽ (ക്രിസ്തുമസ് പരീക്ഷയ്ക്കുശേഷം) നിന്നുമുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**5. വിശ്വാസോത്സവം - ഏപ്രിൽ 06 മുതൽ 09 വരെ**

വിശ്വാസോത്സവം ഏപ്രിൽ 06 മുതൽ 09 വരെയാണ്. വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഓർഡർ ഫോം സമയബന്ധിതമായി പൂരിപ്പിച്ച് നൽകിയ എല്ലാവർക്കും നന്ദി. വർക്കുബുക്കുകളുടെ വില എല്ലാ ക്ലാസ്സുകൾക്കും 35 രൂപയായിരിക്കും. നാലാം ക്ലാസ്സിന്റെ 'ജീവന്റെ അപ്പം' പുസ്തകത്തിന് 65 രൂപയാണ് നല്കേണ്ടത്.

a. **വിശ്വാസോത്സവ പഠനശിബിരം (അതിരൂപതാതലം)**

മാർച്ച് 20 വെള്ളിയാഴ്ച അതിരൂപതാതല പഠനശിബിരം നടത്തുന്നതാണ്. ▸ ഓരോ ഫൊറോനയിൽ നിന്നും 7 പേരടങ്ങുന്ന ഗ്രൂപ്പാണ് പഠന ശിബിരത്തിൽ പങ്കെടുക്കേണ്ടത് (1 വൈദികൻ, പ്രധാനാധ്യപകരുടെ പ്രതിനിധി, 5 വിശ്വാസപരിശീലകർ). ▸ ഫൊറോന പ്രസിഡണ്ട് ഗ്രൂപ്പിനെ രൂപീകരിച്ച് ട്രെയിനിംഗ് പ്രോഗ്രാമിന് പറഞ്ഞയക്കണം. ▸ ഓരോ ഫൊറോനയിലേക്കുമുള്ള വൈദികരെ വിശ്വാസപരിശീലനകേന്ദ്രം നിർദ്ദേശിക്കുന്നതാണ്.

b. **വിശ്വാസോത്സവ പഠനശിബിരം (ഫൊറോനാതലം)**

മാർച്ച് 22 ഞായറാഴ്ച ഫൊറോനാതല പഠനശിബിരം നടത്തുന്നതാണ്. ▸ അതിരൂപതാതലത്തിൽ ട്രെയിനിംഗ് ലഭിച്ച 7 പേരടങ്ങുന്ന ഗ്രൂപ്പായിരിക്കും ഫൊറോനാതലത്തിൽ ട്രെയിനിംഗിന് നേതൃത്വം നല്കുന്നത്. ▸ ഫൊറോനാതല ട്രെയിനിംഗിൽ ഓരോ ഇടവകയിലെയും മുഴുവൻ വിശ്വാസപരിശീലകരും പങ്കെടുക്കേണ്ടതാണ്. ▸ മാർച്ച് 22 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെയായിരിക്കും ട്രെയിനിംഗ് പ്രോഗ്രം.

**6. സ്കോളർഷിപ്പ് പരീക്ഷ**

നാല്, ഏഴ്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കും. ▸ ഉത്തര പേപ്പറുകൾ ഫൊറോനാ തലത്തിൽ മൂല്യനിർണ്ണയം നടത്തി **ഏറ്റവും കൂടുതൽ മാർക്ക് നേടിയ രണ്ട് ഉത്തരപേപ്പറുകൾ ഏപ്രിൽ 16 വ്യാഴാഴ്ചക്കുള്ളിൽ** വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ എത്തിക്കേണ്ടതാണ്. ▸ അതിരൂപതാതലത്തിലുള്ള സ്കോളർഷിപ്പ് ഫലം പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ ഫൊറോനാതലത്തിലുള്ള ഫലം പ്രസിദ്ധപ്പെടുത്താവൂ.

**7. അവധിക്കാല വേദപാഠം ഏപ്രിൽ 13–17**

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 13 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 17-ാം തീയതി വെള്ളിയാഴ്ച ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതി കൊണ്ടു വരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 6-ന് മുമ്പായി ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.** ക്യാമ്പ് ഫീസ് 2000/- രൂപയായിരിക്കും.

**8. ആസ്പെക്ട് പുസ്തക പ്രകാശനം**

റവ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ അച്ചൻ രചിച്ച്, തലശ്ശേരി കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ് പബ്ലിഷ് ചെയ്യുന്ന "ക്രൈസ്തവരും കേരള നവോത്ഥാനവും" എന്ന പുസ്തകം ജനുവരി 20 ചൊവ്വാഴ്ച അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രകാശനം ചെയ്തു. സമുദായശക്തീകരണ വർഷം പ്രമാണിച്ച് പുറത്തിറക്കിയിരിക്കുന്ന ഈ പുസ്തകത്തിൽ കേരളത്തിലെ മാർത്തോമാ ക്രിസ്ത്യാനികളും ക്രൈസ്തവ മിഷനറിമാരും നാടിനു നൽകിയ വിവിധ രംഗങ്ങളിലെ സംഭാവനകളും, കേരളത്തിൽ നസ്രാണികൾ നേരിട്ട പീഡനങ്ങളും, നസ്രാണികൾ നേതൃത്വം കൊടുത്ത സമരങ്ങളും പ്രധാന നസ്രാണി നേതാക്കളും, ഇന്ന് നമ്മുടെ സമുദായം നേരിടുന്ന പ്രതിസന്ധികളും അതിനുള്ള പ്രതിവിധികളുമെല്ലാം ചർച്ച ചെയ്യപ്പെടുന്നു. ബഹു. ജോസഫ് കാക്കരമറ്റം അച്ചന് ഹൃദയപൂർവ്വം അഭിനന്ദനങ്ങളും നന്ദിയും. പുസ്തകത്തിന്റെ വില-120 രൂപ. മതാധ്യാപകർക്കും പാരിഷ് കൗൺസിൽ അംഗങ്ങൾക്കും 100 രൂപ നിരക്കിൽ ലഭിക്കുന്നതാണ്. പുസ്തകം ആവശ്യമുള്ളവർ ബന്ധപ്പെടുക: 8078336370.

**9. ആസ്പെക്ട് 2025-2026**

"ക്രൈസ്തവരും കേരള നവോത്ഥാനവും" എന്ന പുസ്തകമാണ് ആസ്പെക്ട് പരീക്ഷയ്ക്കായി അധ്യാപകർ പഠിക്കേണ്ടത്. **മാർച്ച് 15 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മണി മുതൽ 3 മണിവരെയായിരിക്കും** എഴുത്തുപരീക്ഷ. മോഡൽ ചോദ്യങ്ങൾ കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് തയ്യാറാക്കി നൽകുന്നതാണ്. പരീക്ഷയ്ക്ക് ഒറ്റവാക്കിൽ ഉത്തരം എഴുതാനുള്ള 100 ചോദ്യങ്ങൾ ഉണ്ടായിരിക്കും. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**10. സഭാവിജ്ഞാനീയ ക്വിസ്**

വിശ്വാസപരിശീലകർക്കുവേണ്ടിയുള്ള സഭാവിജ്ഞാനീയ ക്വിസ് മാർച്ച് 20 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 3.30 വരെ തളിപ്പറമ്പിൽവച്ച് നടത്തുന്നതാണ്. ❖ ''ക്രൈസ്തവരും കേരള നവോത്ഥാനവും'' അധ്യായം 2 മുതൽ 7 വരെ ❖ സഭാപിതാക്കന്മാർ (മതബോധന മണിക്കൂർ) ❖ സീറോമലബാർ സഭയുടെ ചരിത്രം (ക്ലാസ്സ് XI ഉപപാഠം) ❖ സഭയെ സംബന്ധിച്ച പൊതുവിവരങ്ങൾ.

**നിർദ്ദേശങ്ങൾ:** ❖ ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള 50 ചോദ്യങ്ങളായിരിക്കും പരീക്ഷയ്ക്ക് നൽകുന്നത്.

**11. അതിരൂപതാ വിസിറ്റേഴ്സ് സമ്മേളനം**

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം മാർച്ച് 21 ശനിയാഴ്ച രാവിലെ 10.00 മുതൽ 12.30 വരെ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. വിസിറ്റേഴ്സ് റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

**12. വിസിറ്റ് - നന്ദി**

ജനുവരി, ഫെബ്രുവരി മാസങ്ങളിൽ 13 സൺഡേസ്കൂളുകളിൽ അതിരൂപതാ വിസിറ്റ് നടത്തി. സഹകരിച്ച എല്ലാ ബഹു. വികാരിയച്ചൻമാർക്കും, വിസിറ്റേഴ്സിനും, പ്രധാനാധ്യാപകർക്കും വിശ്വാസപരിശീലകർക്കും നന്ദി.

**13. അതിരൂപതാ മതബോധന കമ്മിറ്റി**

2025-2026 അധ്യയനവർഷത്തെ അതിരൂപതാ മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ **2026 മാർച്ച് 3-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 മണി മുതൽ 4 മണിവരെ** സന്ദേശഭവനിൽ വച്ച് ചേരുന്നതാണ്. സന്യാസസമൂഹങ്ങളുടെ പ്രൊവിൻഷ്യൽസും ബഹു. ഫൊറോന വികാരിയച്ചന്മാരും ഫൊറോനാ പ്രസിഡന്റ്- സെക്രട്ടറിമാരും വിസിറ്റേഴ്സ് പ്രതിനിധികളും മറ്റ് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരും മതബോധന കമ്മിറ്റിയിൽ സംബന്ധിക്കേണ്ടതാണ്.

**14. പ്രധാനാധ്യാപകരുടെ മീറ്റിംഗ് - നന്ദി**

**ജനുവരി 21:** പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ, മണിക്കടവ്, പൈസക്കരി എന്നീ ഫൊറോനകളിൽ മീറ്റിംഗിന് വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്ത ജോൺസൺ പൊട്ടയ്ക്കൽ, ജോസഫ് ചെമ്പോത്തനാടിയിൽ, ടോം കുറുന്തോട്ടം, പ്രസാദ് ഇലവുങ്കച്ചാലിൽ, ജോസ് നെട്ടനാനിക്കൽ എന്നീ ഫൊറോനാ പ്രസിഡണ്ടുമാർക്ക് നന്ദി.

**ജനുവരി 22:** ചെമ്പേരി, ചെമ്പന്തൊട്ടി, വായാട്ടുപറമ്പ്, ആലക്കോട്, മേരിഗിരി, ചെറുപുഴ, തളിപ്പറമ്പ് എന്നീ ഫൊറോനകളിൽ മീറ്റിംഗിന് വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്ത ബേബി കുന്നേൽ, തോമസ് താഴത്തേൽ,

ജോസഫ് പുല്ലാട്ട്, ജസ്റ്റിൻ ലൂക്കോസ് മംഗലത്തിൽ, നോവിച്ചൻ ഓലിക്കൽ, ബേബി മാങ്കോട്ടിൽ, ബാബു പതിപ്പള്ളിൽ എന്നീ ഫൊറോന പ്രസിഡണ്ടുമാർക്ക് നന്ദി.

**ജനുവരി 23:** കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി, വെള്ളരിക്കുണ്ട്, മാലോം, തോമാപുരം എന്നീ ഫൊറോനകളിൽ മീറ്റിംഗിന് വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്ത ജോയ് ചെല്ലങ്കോട്ട്, ജെയിംസ് ചിറയിൽ, പയസ് പറേടം, സിബി ജോസഫ് കളപ്പുരയ്ക്കൽ, റെജീസ് മാത്യു ചെറുപറമ്പിൽ, സജി വള്ളോപ്പിള്ളിൽ എന്നീ ഫൊറോന പ്രസിഡണ്ടുമാർക്ക് നന്ദി.

കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ആന്റണി കിടാരത്തിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽവെച്ച് ഡിപ്ലോമ പരീക്ഷയുടെ ചോദ്യ പേപ്പറുകളും വിശ്വാസപരിശീലകർക്കായുള്ള ആസ്പെക്ട് പുസ്തകങ്ങളും വിതരണം ചെയ്തു. പരീക്ഷ നടത്തിപ്പ് സംബന്ധമായ നിർദ്ദേശങ്ങൾ നൽകി. ആസ്പെക്ട് പരീക്ഷ, വിശ്വാസോത്സവ പഠനശിബിരം (അതിരൂപതാതലം, ഫൊറോനാതലം), സഭാവിജ്ഞാനീയ ക്വിസ്, അവധിക്കാല ധ്യാനം, വിശ്വാസോത്സവം, വിശ്വാസോത്സവ തീർത്ഥാടനങ്ങൾ - സംഗമങ്ങൾ, സ്കോളർഷിപ്പ് പരീക്ഷ എന്നിവയെക്കുറിച്ചുള്ള ചർച്ച നടത്തി. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ പ്രധാനാധ്യാപകർക്കും നന്ദി.

### 15. പരീക്ഷാ സൂപ്പർവൈസർമാർ - മീറ്റിംഗ്

ജനുവരി 25 ഞായറാഴ്ച വൈകുന്നേരം ഡിപ്ലോമ പരീക്ഷയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയുള്ള സൂപ്പവൈസർമാരുടെ ഓൺലൈൻ മീറ്റിംഗ് നടത്തി. മീറ്റിംഗിൽവെച്ച് ഡിപ്ലോമ പരീക്ഷയ്ക്കുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകി.

### 16. സൂപ്പർവൈസർമാർ - നന്ദി

ജനുവരി 26-ന് നടത്തിയ ഡിപ്ലോമ പരീക്ഷാകേന്ദ്രങ്ങളിൽ സൂപ്പർവൈസർമാരായെത്തിയ എല്ലാ അധ്യാപകർക്കും കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ നന്ദി.

### 17. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. ഫെബ്രുവരി 9 ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ് കൂടി വിശ്വാസപരിശീലന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനു വേണ്ട ക്രമീകരണങ്ങൾ നടത്തണം.

### 18. കാറ്റക്കിസം ക്ലാസ്സ് സമയം

ബഹു. വൈദികരുടെ ധ്യാനാവസരത്തിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് അറിയിച്ചതിൻപ്രകാരം എല്ലാ ഇടവകകളിലും കുട്ടികളുടെ ഞായറാഴ്ച കുർബാനക്കുശേഷം വിശ്വാസപരിശീലനം 1½ മണിക്കൂർ എങ്കിലും

ഉണ്ടായിരിക്കണം. 45 മിനുട്ടുകൾ വീതമുള്ള രണ്ട് പിരീയഡുകളും 10 മിനുട്ട് ഇടവേളയും ലഭിക്കത്തക്കവിധം സമയം ക്രമീകരിക്കേണ്ടതാണ്. അധ്യാപകർക്ക് പാഠങ്ങൾ പഠിപ്പിക്കാനാവശ്യമായ സമയം ലഭിക്കുന്നുണ്ടെന്ന് വികാരിയച്ചനും ഹെഡ്മാസ്റ്ററും ഉറപ്പുവരുത്തേണ്ടതാണ്. വേദപാഠ ക്ലാസ്സുകളുടെ സമയം അപഹരിച്ചുകൊണ്ട് മറ്റുപ്രോഗ്രാമുകൾ നടത്താൻ പാടില്ല.

**19. സീറോമലബാർ പ്രതിഭാസംഗമം 2025-2026 അഭിനന്ദനങ്ങൾ**

സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ ഡിസംബർ 29, 30, 31 തീയതികളിൽ നടത്തിയ സംസ്ഥാനതല പ്രതിഭാസംഗമത്തിൽ അതിരൂപതയിൽ നിന്നും അന്ന ജോഷി കട്ടക്കയം, മാലോം സംസ്ഥാ നതല പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാന പ്രതിഭയ്ക്ക് കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ അനുമോദനങ്ങൾ.

**20. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്**

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

**സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ**

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 85% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ഏപ്രിൽ 30-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

**21. ജൂബിലി**

വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** ഏപ്രിൽ 30-നുമുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**22. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്**

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് (വി. കുർബാന + വിശ്വാസ പരിശീലനം) വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടി

കളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**23. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും**

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

**24. റിട്ടയർമെന്റ്**

അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ടതാണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.

**25. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

2025–2026 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ, വിശ്വാസോത്സവ വർക്ക്ബുക്ക്, വിശ്വാസോത്സവ അധ്യാപക സഹായി) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

**26. ഡയറക്ടറച്ചന്റെ സന്ദർശനം**

ഡയറക്ടറച്ചൻ പടന്നക്കാട്, കാവുംതല, തയ്യേനി, കുടിയാൻമല, മാലോം, കണ്ണൂർ, എണ്ണപ്പാറ, പുലിക്കുരുമ്പ, പൂളക്കുറ്റി, പുളിങ്ങോം എന്നീ സൺഡേ സ്കൂളുകളിൽ സന്ദർശനം നടത്തി.

**ഫാ. ആന്റണി കിടാരത്തിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**ആൽഫാ ഹയർ ഇൻസ്റ്റിറ്റ്യൂട്ടിന് അംഗീകാരം**

തലശ്ശേരി അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന് റോമിലെ Culture and Education Decastery യുടെ അംഗീകാരം ലഭിച്ചിരിക്കുന്നു. Alpha Higher Institute of Religious Science എന്നായിരിക്കും പുതിയ പേര്. Batchelor Degree in Religious Science (BRS) എന്ന മൂന്നുവർഷത്തെ റഗുലർ കോഴ്സിനാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്. ധർമ്മാരാം വിദ്യാക്ഷേത്രത്തിനു (DVK) കീഴിലായിരിക്കും പുതിയ കോഴ്സിന്റെ പ്രവർത്തനം. അല്മായർക്കും സിസ്റ്റേഴ്സിനും വേണ്ടിയുള്ള ഈ കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**ടെലി ആൽഫാ സെന്റർ ഫോർ റിലിജിയസ് സയൻസ്**

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിക്കൊണ്ടിരിക്കുന്ന ഓൺലൈൻ കോഴ്സുകൾ TELY-ALPHA CENTRE FOR RELIGIOUS SCIENCE എന്ന പേരിലായിരിക്കും വരുന്നത്. രജിസ്റ്റർ ചെയ്യുമ്പോൾ ശ്രദ്ധിക്കുമല്ലോ.

**റീജണൽ കൊൺവൊക്കേഷൻസ്**

ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് സേക്രഡ് ഹാർട്ടിന്റെ ഇന്ത്യൻ പ്രൊവിൻസിൽപ്പെട്ട 13 സിസ്റ്റേഴ്സിന്റെ മൂന്നു വർഷത്തെ റിലീജിയസ് സയൻസ് കോഴ്സിന്റെ കൊൺവൊക്കേഷൻ ഡിസം-13ന് ചെങ്ങളത്തുവച്ചു നടത്തപ്പെട്ടു. നെയ്യാറ്റിൻകര രൂപതയുടെ പ്രഥമ മെത്രാൻ ബിഷപ്പ് വിൻസന്റ് സാമുവൽ മുഖ്യ അതിഥി ആയിരുന്നു.

**ലോഗോസ് സമ്മാനങ്ങൾ**

ലോഗോസ് ബൈബിൾ ക്വിസിൽ രൂപതാ തലത്തിൽ സമ്മാനർഹരായവരുടെ ക്യാഷ് അവാർഡുകളും പുസ്തകങ്ങളും നിശ്ചിത ശത

മാനത്തിനു മുകളിൽ മാർക്കു നേടിയവരുടെ സർട്ടിഫിക്കറ്റുകളും ഫൊറോന കേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്. ഓരോ ഇടവകയിലെയും വികാരി അച്ചന്മാർ അവ കൈപ്പറ്റാനും വിതരണം ചെയ്യാനും ശ്രദ്ധിക്കുമല്ലോ.

**ബൈബിൾ പകർത്തിയെഴുത്ത്**

ബൈബിൾ പകർത്തിയെഴുത്ത് മത്സരത്തിൽ പങ്കെടുക്കുന്നവർ അവ എത്രയും വേഗം തലശ്ശേരി ബൈബിൾ അപ്പസ്റ്റൊലേറ്റ് ഓഫീസിൽ ഏൽപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ...

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ, ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

## മരിയൻ പിൽഗ്രിം മിനിസ്ട്രി

മരിയൻ പിൽഗ്രിം മിനിസ്ട്രി തലശ്ശേരി അതിരൂപത വിശുദ്ധ നാട് തീർത്ഥാടനം 2026 ഏപ്രിൽ 7 മുതൽ 18 വരെ ജോർദാൻ - ഇസ്രായേൽ - പാലസ്തീൻ - ഈജിപ്ത് എല്ലാ ചിലവുകളും ഉൾപ്പെടെ **1,65,000/-** യൂറോപ്പ് മരിയൻ തീർത്ഥാടനം 2025 ഏപ്രിൽ 26 മുതൽ മെയ് 11 വരെ ഇറ്റലി, വത്തിക്കാൻ, സ്വിറ്റ്സർലൻഡ്, ജർമ്മനി, ഫ്രാൻസ്, പോർച്ചുഗൽ, സ്പെയിൻ 16 ദിവസം 7 രാജ്യങ്ങൾ **3,35,000/-** മാർപ്പാപ്പയെ നേരിൽ കാണുന്നതിന് അവസരം - ലൂർദിലും ഫാത്തിമയിലും മെഴുകുതിരി പ്രദക്ഷിണം. വത്തിക്കാൻ, അസ്സീസി, പാദുവ, ആവില, ലയോളാ, ലൂർദ്, ഫാത്തിമ, എന്നീ സ്ഥലങ്ങളിൽ പ്രത്യേക വി. കുർബാന ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു.

**7306266198** ഫാ. ജോർജ് വെള്ളരിങ്ങാട്ട്. മരിയൻ പിൽഗ്രിം മിനിസ്ട്രി.

**ഫാ. ജോർജ് വെള്ളരിങ്ങാട്ട്**
**ഡയറക്ടർ, മരിയൻ പിൽഗ്രിം മിനിസ്ട്രി, തലശ്ശേരി അതിരൂപത**

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്

## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഈശോയുടെ പീഡാനുഭവങ്ങളെക്കുറിച്ച് ധ്യാനിച്ചും, രക്ഷാകര രഹസ്യങ്ങളിലൂടെ തീർത്ഥാടനം നടത്തിയും വിശുദ്ധി പ്രാപിക്കാൻ ഒരു നോമ്പുകാലംകൂടി അടുത്തെത്തിയിരിക്കുന്നു. മനുഷ്യ ജീവിതത്തിലെ ഏറ്റവും വലിയ സങ്കീർണ്ണതയായ സഹനത്തിന് പീഢാസഹനത്തിലൂടെ രക്ഷ പകർന്ന ഈശോയുടെ സഹനങ്ങളിൽ പങ്കുചേർന്ന് വിശുദ്ധിയിൽ ജീവിക്കുവാൻ ഈ നോമ്പുകാലത്തിൽ നമുക്ക് സാധിക്കട്ടെ.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : വാ. റാണി മരിയ |
| അനുസ്മരിക്കുന്ന വിശുദ്ധ | : വി. ബ്രിജീറ്റ് |
| പ്രാർത്ഥനാനിയോഗം | : തിരുബാലസഖ്യം കുട്ടികൾക്കായി |
| സുകൃതജപം | : ഈശോയെ നിന്നെ ഞാൻ സ്നേഹിക്കുന്നു. |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

| | | |
|---|---|---|
| 07 ശനി | : | റീജണൽ സംഗമം - കാഞ്ഞങ്ങാട്, ആലക്കോട് |
| 07 ബുധൻ | : | ലൂർദ്ദ് മാതാവിന്റെ തിരുനാൾ |
| 08 ഞായർ | : | തിരുബാലസഖ്യദിനം |
| 14 ശനി | : | റീജണൽ സംഗമം - ഇരിട്ടി, ചെമ്പേരി |
| 16 തിങ്കൾ | : | വിഭൂതി തിരുനാൾ, വലിയ നോമ്പാചരണം |
| 25 | : | വാ. റാണിമരിയയുടെ തിരുനാൾ |

**2. മേഖലകൾ ശ്രദ്ധിക്കാൻ :** എക്സിക്യൂട്ടീവ്, അഗതിമന്ദിര സന്ദർശനം, പരീക്ഷ ഒരുക്കധ്യാനം, എം.റ്റി.സി. മേഖലാതല സെമിനാറുകൾ, തിരുബാലസഖ്യദിനം

**3. മേഖലാ ഡയറക്ടേഴ്സ്, വൈസ്ഡയറക്ടേഴ് മീറ്റിംഗ്**

മിഷൻലീഗ് - തിരുബാലസഖ്യം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും 2025 -2026 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമായി ഈ മാസം 9-ാം തീയതി തിങ്കളാഴ്ച മേഖലാ ഡയറക്ടേഴ്സ്, വൈസ്ഡയറക്ടേഴ് മീറ്റിംഗ് തളിപ്പറമ്പ് വച്ച് കൂടുന്നതാണ്.

**4. എയ്ഞ്ചൽസ് മീറ്റ്**

ഈ വർഷം ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും എയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. മെയ് ആദ്യ ആഴ്ചകളിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറിയെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുക.

**5. എം.റ്റി.സി. ക്യാമ്പ്**

മേഖലകളിൽ ഇനിയും എം.റ്റി.സി. ക്യാമ്പ് നടത്താത്തവർ സാഹചര്യം അനുസരിച്ച് സാധിക്കുന്നിടത്തോളം ഈ മാസം തന്നെ ക്യാമ്പ് നടത്തി അതിരൂപതാ ക്യാമ്പിലേയ്ക്കുള്ള 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേര്, വീട്ടുപേര്, ഇടവക, വാട്സ്ആപ്പ് നമ്പർ എന്നിവ അതിരൂപതയിൽ നിന്ന് നൽകുന്ന ഫോമിൽ കൃത്യമായി പൂരിപ്പിച്ച് മാർച്ച് 10-ാം തീയതിക്കുള്ളിൽ അതിരൂപതാ ഓഫീസിൽ തരുമല്ലോ. മേഖലകളിൽ ക്യാമ്പ് നടത്തി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെയാണ് അതിരൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്.

**6. പരീക്ഷാവിജയത്തിനായി മദ്ധ്യസ്ഥ പ്രാർത്ഥന**

ഈ വർഷം 10-ാം ക്ലാസ്സ്, പ്ലസ്ടു പരീക്ഷ എഴുതുന്ന എല്ലാ മിഷൻലീഗ് അംഗങ്ങളെയും നമ്മുടെ പ്രാർത്ഥന വഴി ശക്തിപ്പെടുത്താം. ഓരോ ശാഖയിലും പരീക്ഷ എഴുതുന്ന കുട്ടികളുടെ പേരും പരീക്ഷാ ടൈംടേബിളും ശാഖയിലെ മറ്റ് കുട്ടികൾക്ക് നൽകി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുവാനും ദിവ്യബലിയിലും ആരാധനയിലും സന്ധ്യാപ്രാർത്ഥനയിലും ഇവർക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും ഓർമ്മിക്കുമല്ലോ.

**7. ബഹു. വൈസ്ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്**

- 2025 – 2026 വർഷത്തെയും; അതിന് മുമ്പുള്ള വർഷത്തെയും അംഗത്വ ഫീസ്, വാർഷിക വിഹിതം, മറ്റ് കുടിശ്ശികകൾ തരാനുള്ളവർ അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.
- സാധിക്കുന്നവിധത്തിൽ പഞ്ചാബ് മിഷന് ഉണ്ണീശോ കട്ടിൽ വാങ്ങാൻ സഹായിക്കുമല്ലോ.

**8. ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

2026 -27 പ്രവർത്തന വർഷത്തെ ശാഖാഭാരവാഹികളുടെ (ജൂനിയർ - സീനിയർ) തിരഞ്ഞെടുപ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തുകയും അതിരൂപതയിൽ നിന്നും തരുന്ന ഫോമിൽ കൃത്യമായി എഴുതി തരുകയും ചെയ്യുമല്ലോ.

**9. ശാഖാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ ഫെബ്രുവരി മാസം ഇനി സന്ദർശിക്കാത്ത ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**10. മേഖലാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ എല്ലാ മേഖലകളും ഈ മാസം തന്നെ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം മേഖലാ എക്സിക്യൂട്ടീവ് റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുമല്ലോ.

**11. ശാഖാ വൈസ് ഡയറക്ടേഴ്സ്/ മേഖല ഭാരവാഹികൾ റീജണൽ സംഗമം**

ഫെബ്രുവരി 7 ശനിയാഴ്ച രാവിലെ കാഞ്ഞങ്ങാട്, ഉച്ചകഴിഞ്ഞ് ആലക്കോട് റീജനുകളിലായും ഫെബ്രുവരി 14 ശനിയാഴ്ച രാവിലെ ഇരിട്ടി, ഉച്ചകഴിഞ്ഞ് ചെമ്പേരി റീജനുകളിലുമായും വൈസ്ഡയറക്ടേഴ്സ്/ മേഖല ഭാരവാഹികളുടെ സംഗമം നടത്തുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കുമല്ലോ. കൂടുതൽ വിവരങ്ങൾ അറിയിക്കുന്നതായിരിക്കും.

**12. റീജനൽ സെമിനാർ**

പെനുവേൽ: മിഷൻലീഗ് കുട്ടികളിൽ ആത്മീയ ഉണർവും അടിയുറച്ച വിശ്വാസവും പ്രേഷിതതീക്ഷ്ണതയും വളർത്തുക എന്ന ലക്ഷ്യത്തോടെ 5-ാം ക്ലാസുമുതൽ 9-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്കായി പെനുവേൽ എന്ന പേരിൽ റീജനൽ തലത്തിൽ സെമിനാർ നടത്തപ്പെടുന്നു എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തട്ടെ.

**നിർദ്ദേശങ്ങൾ**

1. 5 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളാണ് പങ്കെടുക്കേണ്ടത്.
2. ഫെബ്രുവരി 07-ാം തീയതി ശനിയാഴ്ച രാവിലെ 9.30 ന് കാഞ്ഞങ്ങാട് റീജനും ഉച്ചകഴിഞ്ഞ് 2.30 ന് ആലക്കോട് റീജനിലും ഫെബ്രുവരി 14-ാം തീയതി ശനിയാഴ്ച രാവിലെ 9.30ന് ഇരിട്ടി റീജനും 2.30ന് ചെമ്പേരി റീജനുമായിരിക്കും നടത്തപ്പെടുക.
3. ഒരു ശാഖയിൽനിന്നും ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടേ 5 പേരാണ് പങ്കെടുക്കേണ്ടത്.
4. സെമിനാർ നടത്തപ്പെടുന്ന സ്ഥലവും കൂടുതൽ വിവരങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

**13. ആൽബം നിർമ്മാണ വിജയികൾ**

I^st^ ഉമ്മറപൊയിൽ ശാഖ

II^nd^ കരുവഞ്ചാൽ ശാഖ

III^rd^ മണിക്കടവ് ശാഖ

**പ്രോത്സാഹന സമ്മാനങ്ങൾ:**

കമ്പല്ലൂർ, വെള്ളരിക്കുണ്ട്, കുടിയാന്മല, ചെങ്ങോം, ചെമ്പന്തൊട്ടി, നീലേശ്വരം, കരിക്കോട്ടക്കരി

**14. ക്ലിക്ക് ഷോട്ട് (ഷോർട്ട് ഫിലീം) വിജയികൾ**

I^st^ ചേപ്പറമ്പ ശാഖ

II^nd^ വെള്ളരിക്കുണ്ട് ശാഖ

III^rd^ ഏറ്റുപാറ ശാഖ

**പ്രോത്സാഹനസമ്മാനങ്ങൾ:**

കരുവഞ്ചാൽ, വായാട്ടുപ്പറമ്പ

**15. പൂമ്പാറ്റ (ആംഗ്യപ്പാട്ട്) വിജയികൾ**

I^st^ കരുവഞ്ചാൽ ശാഖ

II^nd^ ബദിയടുക്ക ശാഖ

**16. പ്രബന്ധ രചനാ മത്സര വിജയികൾ**

I^st^ എയ്ഞ്ചൽ കുന്നേൽ – കാലാങ്കി ശാഖ

II^nd^ പീറ്റർ പാറേക്കാട്ടിൽ – കാഞ്ഞിരടുക്കം ശാഖ

III^rd^ അന്നു കൊക്കവയലിൽ – ഉമ്മറപൊയിൽ ശാഖ

**17. സെമിനാറുകൾ, ക്ലാസ്സുകൾ**

- 02.01.2026 ന് കുന്നോത്ത് മേഖല എം.റ്റി.സി ക്യാമ്പിന് ഫാ. ജോസഫ് വയലുങ്കൽ കുട്ടികൾക്ക് സെമിനാർ എടുത്തു.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഫെബ്രുവരി 8-ാം തീയതി ഞായറാഴ്ച തിരുബാലസഖ്യ ദിനമായി നാം ആചരിക്കുകയാണല്ലോ. കുഞ്ഞുങ്ങൾ സഭയുടെ സമ്പത്തും രാഷ്ട്രത്തിന്റെ മുതൽക്കൂട്ടുമാണ്. നമ്മുടെ കുഞ്ഞുങ്ങൾക്ക് നന്മയായത് ചിന്തിക്കുവാനും നന്മയായത് പ്രവർത്തിക്കുവാനും വേണ്ട സാഹചര്യങ്ങൾ നമുക്ക് ഒരുക്കിക്കൊടുക്കാം. ഉണ്ണീശോയുടെ എല്ലാ പ്രിയ കൂട്ടുകാർക്കും തിരുബാലസഖ്യദിനത്തിന്റെ ആശംസകൾ...

അനുസ്മരിക്കുന്ന തിരുനാൾ : വാ. റാണിമരിയ
അനുസ്മരിക്കുന്ന വിശുദ്ധ : ലൂർദ്ദ് മാതാവ്
പ്രാർത്ഥനാനിയോഗം : അനാഥ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക.
സുകൃതജപം : ഈശോയെ അങ്ങയെപ്പോലെ മാതാപിതാക്കളെ അനുസരിച്ച് വളരാൻ എന്നെ സഹായിക്കണെ.
വചനം : ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ (വി. ലൂക്ക 2.49)
എയ്ഞ്ചൽസ് ബീറ്റ്സ് : വാഴ്ത്തപ്പെട്ട റാണി മരിയയുടെ ജീവചരിത്രം കുട്ടികൾക്ക് പറഞ്ഞുകൊടുക്കുക.

**1. ശ്രദ്ധിക്കാൻ**

08 ഞായർ : തിരുബാലസഖ്യദിനം
11 ബുധൻ : ലൂർദ്ദ് മാതാവിന്റെ തിരുനാൾ
25 ഞായർ : വാ. റാണി മരിയയുടെ തിരുനാൾ

**2. തിരുബാലസഖ്യദിനം :** ഫെബ്രുവരി 8-ാം തീയതി ഞായറാഴ്ച തിരുബാലസഖ്യദിനം ശാഖകളിൽ ആഘോഷിക്കുമല്ലോ. തിരുബാലസഖ്യം സംഘടനയെക്കുറിച്ച് കുട്ടികൾ കൂടുതൽ അറിയുന്നതിനും മനസ്സിലാക്കുന്നതിനും ഉപകരിക്കത്തക്ക രീതിയിലുള്ള പ്രോഗ്രാമുകൾ നടത്തുമല്ലോ. അതിരൂപതാതല തിരുബാലസഖ്യദിനം ഫെബ്രുവരി 15-ാം തീയതി ചെടിക്കുളം ശാഖയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**3. എയ്ഞ്ചൽസ് ഫെസ്റ്റ് (അതിരൂപത കലോത്സവം)**

തിരുബാലസഖ്യം അതിരൂപതാ കലോത്സവം (എയ്ഞ്ചൽസ് ഫെസ്റ്റ്) 2026 ജനുവരി 10-ാം തീയതി വായാട്ടുപറമ്പ് സെന്റ് ജോസഫ് സ്കൂളിൽ വച്ച് നടന്നു. രാവിലെ 9.45 ന് വായാട്ടുപറമ്പ് ഫൊറോന

വികാരി ഫാ. തോമസ് തെങ്ങുംപള്ളി കലോത്സവം ഉദ്ഘാടനം ചെയ്തു. ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിൽ അധ്യക്ഷനായിരുന്ന കലോത്സവത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വയലുങ്കൽ ഏവർക്കും സ്വാഗതം ആശംസിച്ചു.

അതിരൂപതാ കലോത്സവത്തിൽ ആലക്കോട്, വായാട്ടുപറമ്പ്, വെള്ളരിക്കുണ്ട് എന്നീ മേഖലകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. 19 മേഖലകളിൽ നിന്നുമായി 500 കലാപ്രതിഭകൾ പങ്കെടുത്തു. മത്സരത്തിൽ പങ്കെടുത്ത എല്ലാകുട്ടികൾക്കും കുട്ടികളെ പഠിപ്പിച്ചൊരുക്കിയ വൈസ്ഡയറക്ടേഴ്സിനും, മാതാപിതാക്കൾക്കും പ്രത്യേകം നന്ദി. കലോത്സവത്തിനുവേണ്ട എല്ലാ ക്രമീകരണങ്ങളും ഏറ്റവും മനോഹരമായി ക്രമീകരിച്ച സെന്റ് ജോസഫ് സ്കൂൾ അധികാരികൾക്കും ചെറുപുഷ്പ മിഷൻലീഗ് ശാഖാഭാരവാഹികൾക്കും ചെറുപുഷ്പ മിഷൻലീഗ് വായാട്ടുപ്പറമ്പ് മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും തിരുബാലസഖ്യം സെൻട്രൽ ടീം അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**4. ഈശോയെപ്പോലെ സന്തോഷമുള്ളവരാകാം...**

ഈ മാസം നമുക്ക് ഈശോയെപ്പോലെ ദൈവഭയമുള്ളവരാകാം എന്ന ഏഴാം അധ്യായം പഠിക്കാം. ഈശോ എല്ലാ കാര്യങ്ങളും പിതാവിനോട് ചോദിച്ചാണ് ചെയ്തിരുന്നത്. ഈശോ പിതാവായ ദൈവത്തിന്റെ ഇഷ്ടം മാത്രമാണ് പ്രവർത്തിച്ചിരുന്നത്. കുഞ്ഞുങ്ങളെ, നമുക്കും ദൈവഭയത്തിൽ വളരാം. ദൈവം നൽകിയ എല്ലാ നന്മകൾക്കും നന്ദി പറയാം...

**5. നിറം കൊടുക്കാമോ?:** പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ദൈവഭയമുള്ളവരാകാം എന്ന ഏഴാം അധ്യായത്തിലെ പേജ് 37 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ഫെബ്രുവരി 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**6. നിങ്ങൾക്കറിയാമോ? :** പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ദൈവഭയമുള്ളവരാകാം എന്ന ഏഴാം അധ്യായത്തിലെ പേജ് 38 ൽ കൊടുത്തിരിക്കുന്നത് സുവിശേഷത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അദ്ധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിതമായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം ഫെബ്രുവരി 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**7. നിറംകൊടുക്കാമോ? ജനുവരി മാസത്തെ വിജയികൾ**

I റെയ്ലിൽ ജിജോ പൂവത്തുംമൂട്ടിൽ - കടുമേനി
II ഇവാന ബിനോയി മഞ്ഞളിയിൽ - പടിയൂർ
III തെരേസ് മലയിക്കൽ - കാഞ്ഞങ്ങാട്

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

''കർത്താവേ അങ്ങു നല്ലവനും ക്ഷമാശീലനുമാണ്, അങ്ങയെ വിളിച്ചപേക്ഷിക്കുന്നവരോട് അങ്ങു സമൃദ്ധമായി കൃപ കാണി ക്കുന്നു" (സങ്കീ 86/5).

സ്നേഹമുള്ള ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

**മേഖലകൾ / യൂണിറ്റുകൾ ശ്രദ്ധിക്കാൻ**

ഫെബ്രുവരി 11 – ലൂർദ്ദ് മാതാവിന്റെ തിരുനാൾ
– രോഗീദിനം

ഫെബ്രുവരി 25 – വാ. സി. റാണി മരിയയുടെ തിരുനാൾ

**മിഷൻയാത്ര**

ഈ വർഷം തലശ്ശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ പഞ്ചാബിലേക്കാണ് മിഷൻയാത്ര പോകുന്നത്. 10 ദിവസത്തെ യാത്ര മെയ് മാസത്തിലാണ് ക്രമീകരിക്കുന്നത്.

**കൊലുസ് – സ്ത്രീ ശാക്തീകരണ യജ്ഞം**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ പെൺകുട്ടികളുടെ ദേശീയ മാസാചരണത്തിന്റെ ഭാഗമായി കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ ടൗണിൽ തലശ്ശേരി ബികെജെഎം സ്കൂൾ ഓഫ് നേഴ്സിങ് കോളേജിന്റെ സഹകരണത്തോടെ സ്ത്രീ ശാക്തീകരണ യജ്ഞം – കൊലുസ് ബോധവൽക്കരണത്തിന് തുടക്കമായി. വെള്ളരിക്കുണ്ടിൽ നിന്ന് ആരംഭിച്ച യാത്ര ചിറ്റാരിക്കാൽ, ചെറുപുഴ, ആലക്കോട്, കരുവഞ്ചാൽ, നടുവിൽ, ചെമ്പേരി, പയ്യാവൂർ, ഉളിക്കൽ, ഇരിട്ടി, മട്ടന്നൂർ, കൂത്തുപറമ്പ് കേന്ദ്രങ്ങളിൽ ഫ്ളാഷ് മോബ് നടത്തി വൈകിട്ട് തലശ്ശേരിയിൽ സമാപിച്ചു. ജില്ല പഞ്ചായത്ത് അംഗം ബിൻസി ജെയ്ൻ ഉദ്ഘാടനം ചെയ്തു. വെള്ളരിക്കുണ്ട് ഫൊറോന വികാരി ഡോ. ജോൺസൺ അന്ത്യാകുളം ഫ്ളാഗ് ഓഫ് ചെയ്തു. വൈസ് പ്രസിഡന്റ് ശ്രേയ ശ്രുതിനിലയം അധ്യക്ഷത വഹിച്ചു. കടന്ന് പോയ വഴികളിൽ ഞങ്ങളെ ചേർത്തുപിടിച്ച, പിന്തുണച്ച, പ്രോത്സാഹിപ്പിച്ച, പുഞ്ചിരിയോടെ സ്വീകരിച്ച എല്ലാവർക്കും പ്രത്യേ

കിച്ച് തലശ്ശേരി ബികെജെഎം സ്കൂൾ ഓഫ് നേഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികൾക്കും മാനേജ്മെന്റിനും തലശ്ശേരി അതിരൂപത യുവജനകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**Safe Gen - ട്രാഫിക് മാസാചരണവും ബോധവത്ക്കരണവും**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച Safe Gen - ട്രാഫിക് മാസാചരണവും ബോധവത്ക്കരണവും തളിപ്പറമ്പ് ബസ്സ്റ്റാന്റിൽ വച്ചു നടന്നു. ട്രാഫിക് നിയമങ്ങൾ സംബന്ധിച്ച ബോധവത്ക്കരണവും സുരക്ഷിത ഗതാഗതത്തിന്റെ ആവശ്യകതയും സമൂഹത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച പരിപാടി തളിപ്പറമ്പ് നഗരസഭ ചെയർമാൻ പി കെ സുബൈർ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് അബിൻ വടക്കേക്കര അധ്യക്ഷത വഹിച്ചു. തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന വികാരി വെരി റവ. ഫാ. മാത്യു ആശാരിപ്പറമ്പിൽ മുഖ്യാതിഥിയായിരുന്നു.

**അഭിമാനനിമിഷം**

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സാമൂഹ്യശാസ്ത്രം അഞ്ചാം ക്ലാസ്സ് പാഠപുസ്തകത്തിൽ അതിരൂപതയുടെ 2022-2023 കാലഘട്ടത്തിലെ തെരുവ്നാടകം **അഗ്നിശലഭങ്ങൾ** ഇടം പിടിച്ചു.

**വിവാഹമംഗളാശംസകൾ**

വിവാഹജീവിതത്തിന്റെ പുതുവഴികളിലേക്ക് പ്രവേശിച്ച കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത വൈസ് പ്രസിഡന്റ് അഖിൽ നെല്ലിക്കനും വധു റിറ്റിക്കും തലശ്ശേരി അതിരൂപത യുവജനകുടുംബത്തിന്റെ പ്രാർത്ഥനാപൂർവ്വകമായ ആശംസകൾ.

**പ്രയാൺ - ഫൊറോന വിസിറ്റ്**

ചെറുപുഴ, ചെമ്പേരി ഫൊറോനകളിലെ വിസിറ്റ് പൂർത്തീകരിച്ചു.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റൊലേറ്റ്

നമ്മുടെ സഭ ഒന്നാകെ ഇത് സമുദായശക്തീകരണ വർഷമായി ആചരിക്കുമ്പോൾ സമുദായത്തിന് പരമപ്രധാനമായ വലിയ നോമ്പി ലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. സഭയുടെ പഠനങ്ങളനുസരിച്ച് പ്രധാന പുണ്യപ്രവർത്തികൾ 3 എണ്ണമാണ്: നോമ്പ്, പ്രാർത്ഥന, ദാന ധർമ്മം. പരമ്പരാഗതമായി മാർതോമ്മാ ക്രിസ്ത്യാനികളുടെ കുടുംബ ങ്ങളിൽ അനുഷ്ഠിച്ചു പോന്നിരുന്ന ഈ പുണ്യങ്ങൾ ഇന്ന് നാമമാത്ര മായ അനുഷ്ഠാനമായി തീർന്നിരിക്കുന്നു. തൽഫലമായി കുടുംബ ങ്ങൾക്ക് ആത്മീയബലം കുറയുകയും തിന്മയുടെ ശക്തികൾക്കെതിരെ പോരാടാനുള്ള കഴിവ് നഷ്ടമാവുകയും ചെയ്യുന്നു. അതിനാൽ ആദ്യ നൂറ്റാണ്ടു മുതൽ തന്നെ നമ്മുടെ പൂർവ്വികർ ദൈവവചനത്തെ അടി സ്ഥാനമാക്കി ജീവിതത്തിൽ പകർത്തിയിരുന്ന ഈ പുണ്യങ്ങൾ ഈ വലിയ നോമ്പുകാലത്ത് നമ്മുടെ കുടുംബങ്ങളിലും വ്യക്തി ജീവിത ത്തിലും തീക്ഷ്ണതയോടെ നമുക്ക് അനുഷ്ഠിക്കാം.

## I. കുടുംബകൂട്ടായ്മ

അതിരൂപതയിലെ കുടുംബകൂട്ടായ്മകളെ ശക്തിപ്പെടുത്തുന്ന തിന്റെ ഭാഗമായി 204 ഇടവകകളിലെ കോർഡിനേറ്റർമാരുടെയും 19 ഫൊറോനാ കൗൺസിൽ പ്രസിഡന്റുമാരുടെയും അതിരൂപതാഭാരവാ ഹികളുടെയും സംയുക്ത സമ്മേളനം തളിപ്പറമ്പ് സെന്റ് മേരീസ് ഓഡി റ്റോറിയത്തിൽവെച്ച് ജനുവരി 22 ന് അഭിവന്ദ്യ പിതാവിന്റെ നേതൃത്വ ത്തിൽ സമ്മേളിച്ചു. കഴിഞ്ഞ മൂന്നുവർഷക്കാലം അവർ ചെയ്ത സേവ നങ്ങൾക്ക് പിതാവ് അതിരൂപതയുടെ നന്ദി അറിയിച്ചു. പ്രസ്തുത സമ്മേ ളനത്തിൽവെച്ച് കുടുംബകൂട്ടായ്മ ആന്തം പിതാവ് റിലീസ് ചെയ്തു.

കുടുംബകൂട്ടായ്മയുടെ ത്രിതല എക്സിക്യൂട്ടീവ് സമിതിയുടെ പ്രവർ ത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ എല്ലാവരും സഹകരിക്കുമല്ലോ.

### 1. ഇടവക എക്സിക്യൂട്ടീവ്

വികാരിയച്ചൻ (ചെയർമാൻ), കോർഡിനേറ്റർ (കൺവീനർ), മദർ സുപ്പീരിയർ, പാരീഷ് കൗൺസിൽ സെക്രട്ടറി, മാതൃവേദി പ്രസിഡന്റ് (വലിയ ഇടവകകളിൽ സോണൽ പ്രസിഡന്റുമാർ).

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (പാരിഷ് കൗൺസിൽ യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഇടവകയിലെ കുടുംബ കൂട്ടായ്മകളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ കൂട്ടായ്മകളുടേയും നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**2. ഫൊറോന എക്സിക്യൂട്ടീവ്**

ഫൊറോന വികാരിയച്ചൻ (ചെയർമാൻ), ഫൊറോന കൗൺസിൽ പ്രസിഡന്റ് (കൺവീനർ), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ഡയറക്ടർ (പ്രസിഡന്റ്), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ആനിമേറ്റർ, ഫൊറോന കൗൺസിൽ സെക്രട്ടറി, മാതൃവേദി മേഖല പ്രസിഡന്റ്, പ്രത്യേക ക്ഷണിതാക്കൾ: എല്ലാ ഇടവകകളിലേയും കോർഡിനേറ്റർമാർ.

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (വൈദികരുടെ മാസധ്യാന യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഫൊറോനയിലെ കുടുംബ കൂട്ടായ്മ പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. മുഴുവൻ ഇടവകളിലേയും കുടുംബകൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ നല്കുക.

**3. അതിരൂപതാ എക്സിക്യൂട്ടീവ്**

സംഘടന ചുമതലയുള്ള വികാരി ജനറാൾ, അതിരൂപതാ ഡയറക്ടർ, അതിരൂപതാ ആനിമേറ്റർ, അതിരൂപതാ പ്രസിഡന്റ്, അതിരൂപതാ സെക്രട്ടറി, മാതൃവേദി അതിരൂപതാ പ്രസിഡന്റ്.

പ്രസ്തുത സമിതി ആവശ്യമായ സമയത്ത് സമ്മേളിച്ച് അതിരൂപതയിലെ മുഴുവൻ കുടുംബ കൂട്ടായ്മകളുടേയും പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് അതിൽ ഫൊറോന കൗൺസിൽ പ്രസിഡന്റുമാർ, ഫൊറോന കൗൺസിൽ സെക്രട്ടറിമാർ എന്നിവരെക്കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ ഫൊറോനയിലെയും കുടുംബ കൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**5. പ്രത്യേക ശ്രദ്ധയ്ക്ക്**

a) എല്ലാ മാസവും മുഴുവൻ വാർഡുകളിലും കുടുംബകൂട്ടായ്മകൾ നടത്തുക.

b) ഓരോ കൂട്ടായ്മയുടേയും മദ്ധ്യസ്ഥൻ/മദ്ധ്യസ്ഥ തിരുനാൾ സമുചിതമായി ആഘോഷിക്കുക.

c) കൂട്ടായ്മയുടെ പേരെഴുതിയ ഒരു ചെറിയ ബോർഡ് ഓരോ കൂട്ടായ്മ പരിധിക്കുള്ളിലും വഴിയരികിലായി സ്ഥാപിക്കുക.

**ഉദാ: സെന്റ് മേരീസ് കുടുംബകൂട്ടായ്മ, ആടാംപാറ ഇടവക**

d) ഏറ്റവും ഉപകാരപ്രദമായ ഒരു ഇൻഷുറൻസ് പദ്ധതിയിൽ കൂട്ടായ്മയിലുള്ള മുഴുവൻ കുടുംബങ്ങളെയും ചേർക്കുവാൻ ഭാരവാഹികൾ നേതൃത്വം കൊടുക്കുക.

e) ഇടവക കൂട്ടായ്മയിൽ നിന്ന് അകന്ന് കഴിയുന്നവരെയും പള്ളിയിൽ കൃത്യമായി വരാത്തവരെയും സന്ദർശിക്കുകയും സഹകരിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

f) ഓരോ ഞായറാഴ്ചത്തെയും തിരുക്കർമ്മങ്ങൾ മനോഹരമാക്കാൻ ദൈവാലയശുചീകരണം, ദൈവാലയ അലങ്കാരം, കുർബ്ബാനയ്ക്ക് കൂടുന്നത്, പാട്ട് പാടുന്നത്, പഴയനിയമ-ലേഖന വായനകൾ എന്നിവ ഓരോ കൂട്ടായ്മകളുടെ നേതൃത്വത്തിൽ ക്രമീകരിക്കുക.

g) കുടുംബ കൂട്ടായ്മ ആന്തം എല്ലാ കൂട്ടായ്മകളിലും ആലപിക്കുക.

h) പ്രായമായവർ, കിടപ്പുരോഗികൾ എന്നിവർക്ക് മാസത്തിൽ ഒരിക്കൽ കുമ്പസാരിപ്പിച്ച് വി. കുർബാന നല്കാനുള്ള ക്രമീകരണങ്ങൾ നടത്തുക.

i) പ്രതിമാസ റിപ്പോർട്ടിന്റെ ഓൺലൈൻ ഫോം പൂരിപ്പിച്ച് അതിരൂപതാ ഓഫിസിലേക്ക് അയക്കുക.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ജനുവരി 1-3, 15-17 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 285 ഓളം പേർ സംബന്ധിച്ചു.

### Time Schedule

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാംദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. **എം.പി.സിയുടെ ഫീസ് 2,000 രൂപയായിരിക്കും.** Online Registration ചെയ്യുമ്പോൾ Reg. Fee 1000 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2026 | | | |
|---|---|---|---|
| February | 02-04 | (Monday - Wednesday) | Thalassery |
| March | 05-07 | (Thusday - Saturday) | Padannakkad |
| March | 19-21 | (Thusday - Saturday) | Thalassery |
| April | 06-08 | (Monday - Wednesday) | Padannakkad |
| April | 23-25 | (Thusday - Saturday) | Thalassery |
| May | 14-16 | (Thusday - Saturday) | Padannakkad |
| June | 18-20 | (Thusday - Saturday) | Thalassery |
| July | 16-18 | (Thusday - Saturday) | Padannakkad |
| August | 13-15 | (Thusday - Saturday) | Thalassery |
| September | 17-19 | (Thusday - Saturday) | Padannakkad |
| October | 15-17 | (Thusday - Saturday) | Thalassery |
| November | 03-05 | (Tuesday - Thursday) | Padannakkad |
| November | 16-18 | (Monday - Wednesday) | Thalassery |
| December | 07-09 | (Monday - Wednesday) | Padannakkad |
| December | 28-30 | (Monday - Wednesday) | Thalassery |

## III. മാതൃവേദി

### (a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

അതിരൂപതാ ഭാരവാഹികളുടെ മീറ്റിംഗ് നടത്തി. അടുത്ത മാസത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

### (b) മത്സരങ്ങൾ

**1. അടുക്കളത്തോട്ട നിർമ്മാണ മത്സരം**

അമ്മമാരുടെ പച്ചക്കറികൃഷിയെ പ്രോത്സാഹിപ്പിക്കാൻ നടത്തിയ അടുക്കളത്തോട്ട നിർമ്മാണ മത്സരത്തിൽ ഒട്ടനവധി അമ്മമാർ പ്രായഭേദമേന്യേ പങ്കെടുത്തു. ഓരോ യൂണിറ്റിലേയും മികച്ച തോട്ടം മേഖലയിൽ അറിയിച്ച് ഓരോ മേഖലയിൽ നിന്നും ഏറ്റവും നല്ലതായി മേഖല ടീം കണ്ടെത്തിയവയുടെ വീഡിയോ രൂപതയിലേക്കയച്ചുതന്നു. വീഡിയോകളും ഇനങ്ങളുടെ ലിസ്റ്റും പരിശോധിച്ച് ഏറ്റവും മികച്ച 7 എണ്ണം അതിരൂപതാ ടീം സന്ദർശിച്ചു. കൃത്യമായ പരിശോധനയുടെ അടിസ്ഥാനത്തിൽ രൂപതയിലെ ഏറ്റവും മികച്ച അടുക്കളത്തോട്ടങ്ങൾ കണ്ടെത്തി.

**വിജയികളായവർ**

ഒന്നാം സ്ഥാനം - ലൂസി പടിഞ്ഞാത്ത് - കുട്ടാപറമ്പ് യൂണിറ്റ്
രണ്ടാം സ്ഥാനം - ഗ്രേസി മാമ്മൂട്ടിൽ - മാടത്തിൽ യൂണിറ്റ്
മൂന്നാം സ്ഥാനം - ജോളി വെട്ടുവാലിൽ - മണ്ടളം യൂണിറ്റ്

നാലാം സ്ഥാനം - റോസമ്മ തയ്യിൽ - ഹൊസങ്കടി യൂണിറ്റ്
അഞ്ചാം സ്ഥാനം - അഞ്ചു ഉറുമ്പിൽ - നീലേശ്വരം യൂണിറ്റ്

**പ്രോത്സാഹന സമ്മാനങ്ങൾ**

ഗ്രേസികുട്ടി ഇരുമ്പനകത്ത്മുകളേൽ - പയ്യന്നൂർ യൂണിറ്റ്
സെലിൻ മേച്ചേരിയിൽ - വെമ്പുവ യൂണിറ്റ്

**2. വചനമെഴുത്ത് മത്സരം**

തലശ്ശേരി അതിരൂപത മാതൃവേദി അമ്മമാർക്കായി സംഘടിപ്പിച്ച വചനമെഴുത്ത് മത്സരത്തിൽ വിജയികളായവർ

**ജൂനിയർ വിഭാഗം**

ഒന്നാം സ്ഥാനം - ജീന പെരുമ്പള്ളിൽ, കൊളക്കാട്
രണ്ടാം സ്ഥാനം - ആഷ്‌ലി ഉടുമ്പനാട്ട്, കുന്നുകൈ
മൂന്നാം സ്ഥാനം - ദീപ്തി പൂവത്തോട്ടത്തിൽ, തോമാപുരം

**പ്രോത്സാഹന സമ്മാനം**

| | |
|---|---|
| ബിന്ദു കാരക്കാട്ട് | - രയറോം |
| സോണിയ കുളംകുത്തിയിൽ | - വെളിമാനം |
| ലിബി താഴപ്പള്ളി | - കിളിയന്തറ |
| ബിൽസി നരിപ്പാറയിൽ | - കാസർഗോഡ് |
| സിനി മേക്കുന്നേൽ | - മാലോം |

**സീനിയർ വിഭാഗം**

ഒന്നാം സ്ഥാനം - റോസ്‌ലി വരിക്കപ്ലാത്തോട്ടത്തിൽ, തിരൂർ
രണ്ടാം സ്ഥാനം - ത്രേസ്യാമ്മ നരിമറ്റത്തിൽ, മണിക്കടവ്
മൂന്നാം സ്ഥാനം - വിജി തുറയ്ക്കൽ, കൊളക്കാട്

**പ്രോത്സാഹന സമ്മാനം**

| | |
|---|---|
| അനു പാറംകുളങ്ങര | - ശ്രീകണ്ഠാപുരം |
| ലിജി പേണ്ടാനത്ത് | - ബദിയടുക്ക |
| ലിൻസി നെല്ലുവേലിൽ | - മണിക്കടവ് |
| മേഴ്സി ജോർജ് | - അങ്ങാടിക്കടവ് |
| സെലിൻ ഏഴുപറയിൽ | - ജയഗിരി |

**കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച യൂണിറ്റുകൾ**

| | | |
|---|---|---|
| മാലോം | - | 24 |
| ആയന്നൂർ | - | 14 |
| കള്ളാർ | - | 14 |
| എടൂർ | - | 14 |
| ഉളിക്കൽ | - | 12 |

**(c) ഫെബ്രുവരി മാസത്തെ മാർഗ്ഗരേഖ**

2 – നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം. ഓരോ അമ്മയും തന്റെ മക്കളെ ദൈവത്തിന് സമർപ്പിച്ച് പ്രാർത്ഥിക്കുക.

2-4 – MPC @ തലശ്ശേരി

4 – ലോക ക്യാൻസർ ദിനത്തിൽ എല്ലാ ക്യാൻസർ രോഗികൾക്കും വേണ്ടി പ്രാർത്ഥിക്കുക.

7 – **കാസർഗോഡ് മേഖല സന്ദർശനം 10.00am**
**കാഞ്ഞങ്ങാട് മേഖലാ സന്ദർശനം 01.30pm**

10 – മൂന്ന് നോമ്പ് ആരംഭം
– **എടൂർ മേഖല സന്ദർശനം 10.00am**
**പേരാവൂർ മേഖലാ സന്ദർശനം 1.30pm**

11 – ലൂർദ്ദ് മാതാവിന്റെ തിരുനാൾ – രോഗികളെ സന്ദർശിക്കുക. അവർക്കു വേണ്ടി പ്രാർത്ഥിക്കുക.

13 – സകല മരിച്ചവരുടേയും തിരുനാൾ (സീറോ മലബാർസഭ) സിമിത്തേരി വൃത്തിയാക്കുക. മരിച്ചവർക്കായുള്ള വി. കുർബ്ബാന, സിമിത്തേരിയിൽ ഒപ്പീസ് എന്നിവയിൽ പങ്കുചേരുക.

14 – **ജ്വാല @ പനത്തടി**

16 – വിഭൂതി തിരുനാൾ – എല്ലാ അമ്മമാരും നോമ്പെടുത്ത് ഉയിർപ്പു തിരുനാളിനായി ഒരുങ്ങുക

17 – **മാലോം മേഖല സന്ദർശനം 10.00am**
**തോമാപുരം മേഖലാ സന്ദർശനം 2.00pm**

18 – **ചെറുപുഴ മേഖല സന്ദർശനം 10.00am**
**മേരിഗിരി മേഖലാ സന്ദർശനം 01.30pm**

21 – **ജ്വാല @ മേരിഗിരി**

25 – വാഴ്ത്തപ്പെട്ട റാണി മരിയ – നോർത്ത് ഇന്ത്യൻ മിഷൻ പ്രദേശങ്ങളിൽ സേവനം ചെയ്യുന്ന മിഷനറിമാർക്ക് ആശംസകൾ നേരുകയും അവരുടെ ഭവനം സന്ദർശിച്ച് മാതാപിതാക്കളെ അഭിനന്ദിക്കുകയും ചെയ്യുക.
– **ആലക്കോട് മേഖല സന്ദർശനം 10.00am**
**വായാട്ടുപറമ്പ് മേഖലാ സന്ദർശനം 01.30pm**

26 – **ചെമ്പന്തൊട്ടി മേഖല സന്ദർശനം 10.00am**
**തളിപ്പറമ്പ് മേഖലാ സന്ദർശനം 01.30pm**

**പ്രത്യേക പ്രവർത്തനങ്ങൾ**

വാഴ്ത്തപ്പെട്ട റാണി മരിയ വീഡിയോ നിർമ്മാണ മത്സരം. സിസ്റ്ററിന്റെ ജീവിതവും പ്രവർത്തനങ്ങളും വിവരിക്കുന്ന 5 മിനിറ്റിൽ കൂടാത്ത വീഡിയോ തയ്യാറാക്കി 25ന് രാത്രി 12 മണിക്ക് മുമ്പായി 9400206974 എന്ന നമ്പറിലേക്ക് അയച്ചു തരിക.

**ജൂബിലി ആഘോഷം**

തോമാപുരം മേഖല ആനിമേറ്റർ സി. ബിൻസിയുടെ ജൂബിലി ആഘോഷം മണ്ഡപം സ്റ്റെല്ല മാരിസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. ഡയറക്ടർ, ആനിമേറ്റർ, ബ്രദർ എന്നിവർ സംബന്ധിക്കുകയും മീറ്റിങ്ങ് ഡയറക്ടർ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ആനിമേറ്റർ ആശംസകൾ അർപ്പിച്ചു.

**ഗവേണിങ്ങ് ബോഡി**

ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഗവേണിങ്ങ് ബോഡിയോഗം ജനുവരി 6ന് ഓഫീസിൽ വച്ച് നടത്തി. ജൂലൈ മുതൽ ഡിസംബർ വരെയുള്ള കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. ഗവേണിങ്ങ് ബോഡി അംഗങ്ങൾ ആയ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, ഫാ. ജോസഫ് റാത്തപ്പള്ളി, ഫാ. ജോസ് വെട്ടിക്കൽ, ഫാ. അഖിൽ മുക്കുഴി എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## IV. അമല പ്രോലൈഫ്

### a) പ്രോലൈഫ് കോർ മീറ്റിംഗ്

പ്രോലൈഫ് കോർ ടീം അംഗങ്ങൾ ഡിസംബർ 31ന് കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വച്ച് മീറ്റിംഗ് കൂടുകയുണ്ടായി. ശ്രീ. ലോറൻസ് കടിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഡയറക്ടർ ഉദ്ഘാടനം ചെയ്തു. പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുന്ന വൈദികരെ കണ്ട് സംസാരിക്കുകയും, അവർക്ക് ഉച്ചഭക്ഷണം നല്കുകയും ചെയ്തു. 22 പേർ ഈ മീറ്റിങ്ങിൽ പങ്കെടുത്തു. ക്രിസ്തുമസ് ഗിഫ്റ്റുകൾ പരസ്പരം കൈമാറി. മീറ്റിങ്ങിൽ തീരുമാനിച്ച കാര്യങ്ങൾ :

1. എല്ലാ മാസവും രണ്ടാം വെള്ളിയാഴ്ച്ച 2.30 ന് ചെമ്പേരി കരുണാലയത്തിൽ ഒത്തുചേർന്ന് ആരാധന നടത്തുക.
2. മാർച്ച് മാസത്തിലെ പ്രോലൈഫ് ദിനത്തോടനുബന്ധിച്ച് ജനുവരി 23, 24 തീയതികളിൽ സന്ദേശഭവനിൽ വച്ച് ദ്വിദിന ക്യാമ്പ് നടത്തുക.
3. അതിരൂപതയുടെ കീഴിലുള്ള പ്ലസ്ടു, ഡിഗ്രി, മറ്റ് പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പ്രോലൈഫ് കുടുംബങ്ങളിലെ കുട്ടികൾക്ക് മാനേജ്മെന്റ് സീറ്റിൽ സൗജന്യമായി അഡ്മിഷൻ നല്കുന്നതിന് പിതാവിന് നിവേദനം നൽകുക.

പ്രോലൈഫ് പ്രവർത്തനങ്ങളുടെ വിജയത്തിനായി ജനുവരി 9 ന് ചെമ്പേരി കരുണായലയത്തിൽ വച്ച് ഈ വർഷത്തെ ആദ്യത്തെ ആരാധന നടത്തി. ശ്രീ ലോറൻസ് സാർ ആരാധനയ്ക്ക് നേതൃത്വം നല്കി. ജപമാല, മദ്ധ്യസ്ഥ പ്രാർത്ഥന, കരുണകൊന്ത എന്നിവയിലൂടെ അതിരൂപതയിലെ കുടുംബങ്ങളെ മുഴുവനും സമർപ്പിച്ച് പ്രാർത്ഥിച്ചു. 15 ഓളം പേർ ഈ ആരാധനയിൽ പങ്കെടുത്തു.

**V. മരിയൻ സിംഗിൾസ്**

ഏകസ്ഥരായി ജീവിക്കുന്നവരുടെ കൂട്ടായ്മയായ മരിയൻ സിംഗിൾ സിന്റെ മീറ്റിംഗ് ജനുവരി 6,7 തീയതികളിലായി സന്ദേശഭവനിൽ നടത്തപ്പെട്ടു. 7-ാം തീയതി വടകരയിലുള്ള സർഗാലയ എന്ന ക്രാഫ്റ്റ് വില്ലേജിലേയ്ക്ക് ഒരു ഉല്ലാസയാത്ര സംഘടിപ്പിച്ചു.

**VI. സഖറിയാസ് കൺവെൻഷൻ**

പാലാ രൂപതയിലെ ളാലം ഇടവകയിൽ ജനുവരി 13-15 തീയതികളിൽ സഖറിയാസ് കൺവെൻഷൻ നടത്തി. ഡയറക്ടർ വി. ബലിയർപ്പിച്ച് വചനസന്ദേശം നല്കി. ഏകദേശം 120 പേർ ഈ സ്നേഹസംഗമത്തിൽ പങ്കെടുത്തു.

ജനുവരി 21, 22, 23 തീയതികളിലായി എടത്വ ദൈവാലയത്തിൽ വച്ച് സഖറിയാസ് കൺവെൻഷൻ നടത്തി. ഏകദേശം 150 പേർ ഈ സ്നേഹ സംഗമത്തിൽ പങ്കെടുത്തു.

**VII. സീറോമലബാർ മാട്രിമോണി**

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തു കൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. **Phone : 9400206974, 8078122191.**

**VIII. പ്രശാന്തി കൗൺസിലിംഗ് സെന്റർ**

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**Phone : 9400206974, 8078122191**

**IX. പ്രോലൈഫ് മാര്യേജ് ബ്യൂറോ**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**XL. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com**
**Web Site: www.familytly.com**

**ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ്

## ഡിക്രി

തലശ്ശേരി അതിരൂപതയുടെ കീഴിലുള്ള കോർപ്പറേറ്റ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങളും ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട് അതിരൂപതയുടെ വിവിധ നയാമിക സമിതികളായ ആലോചന സമിതി, എഡ്യൂക്കേഷൻ കൗൺസിൽ, എഡ്യുക്കേഷൻ ബോർഡ്, കോർപ്പറേറ്റ് ഏജൻസി ഗവേണിംഗ് ബോഡി, ട്രസ്റ്റ് ബോഡി, അജപാലന സമിതി എന്നീ സമിതികളിൽ ചർച്ച ചെയ്ത് അംഗീകരിച്ച നിർദേശങ്ങൾ തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി ഔദ്യോഗികമായി അംഗീകരിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

**1. ലീവ് വേക്കൻസിയിലെ വേതനം :** ലീവ് വേക്കൻസികളിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് ദിവസവേതനം ലഭിക്കാതെ വന്നാൽ അവർക്ക് കോർപ്പറേറ്റ് മാനേജ്മെന്റ് നേരിട്ട് ദിവസവേതനം നൽകുന്നതാണ്.

**2. പൂർവ്വ ഉദ്യോഗാർത്ഥികൾക്ക് മുൻഗണന :** അധ്യാപക നിയമന മാനദണ്ഡങ്ങളുടെ ഭാഗമായി, കോർപ്പറേറ്റ് സ്കൂളുകളിൽ പഠിച്ച ഉദ്യോഗാർത്ഥികൾക്ക് 20 ഗ്രേസ് മാർക്ക് നൽകുന്നതാണ്.

**3. പ്രായപരിധി പരിഗണന :** എഴുത്തുപരീക്ഷയിൽ മുൻപന്തിയിൽ വരുന്ന ആദ്യ 50 പേരിൽ ഉൾപ്പെടുന്ന 35 വയസ്സിന് മുകളിലുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും ഇന്റർവ്യൂ, മോഡൽ ക്ലാസ്സ് എന്നിവയിൽ പങ്കെടുക്കാൻ അവസരം നൽകുന്നതാണ്.

**4. പാനൽ അവധി :** ഓരോ രണ്ടു വർഷം കൂടുമ്പോഴും പുതിയതായി കോർപ്പറേറ്റ് പരീക്ഷ നടത്തി പുതിയ പാനൽ ലിസ്റ്റ് രൂപീകരിച്ച് നിയമനം നടത്തുന്നതാണ്.

**5. കാലാവധി കഴിഞ്ഞ പാനലിലെ ഉദ്യോഗാർത്ഥികൾക്കുള്ള ആനുകൂല്യം**

പാനൽ ലിസ്റ്റിൽ ഉൾപ്പെടുകയും എന്നാൽ നിയമനം ലഭിക്കുന്നതിന് മുമ്പ് പാനലിന്റെ കാലാവധി കഴിഞ്ഞുപോവുകയും ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് തൊട്ടടുത്തുവരുന്ന നിയമന നടപടികളിൽ 25 ഗ്രേസ് മാർക്ക് നൽകുന്നതാണ്.

**6. വേദപാഠം / സന്മാർഗശാസ്ത്രം യോഗ്യത മാർക്ക്**

കോർപ്പറേറ്റ് പരീക്ഷയുടെ ആകെ 150 മാർക്കിൽ 30 മാർക്ക് വേദപാഠം അല്ലെങ്കിൽ സന്മാർഗ വിഷയങ്ങൾക്കായിരിക്കും. ഇതിൽ കുറഞ്ഞത് 18 മാർക്കെങ്കിലും നേടുന്നവർക്ക് മാത്രമേ നിയമനത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു.

**7. സുതാര്യത**

നിയമന നടപടികൾ പൂർണ്ണമായും സുതാര്യമാക്കുന്നതിന്റെ ഭാഗമായി എല്ലാ വിഷയങ്ങളുടെയും പാനൽ ലിസ്റ്റുകൾ അതിരൂപതയുടെ ബുള്ളറ്റിൻ, വെബ്സൈറ്റ്, നോട്ടീസ് ബോർഡ് എന്നിവയിലൂടെ പ്രസിദ്ധീകരിക്കുന്നതാണ്. ഈ തീരുമാനങ്ങൾ 2026 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്.

## സർഗ്ഗോത്സവം - 2025

**കവിതാരചന**

| | | |
|---|---|---|
| ഒന്നാം സമ്മാനം | : | ശ്രീമതി ഷാലിമ സി മാത്യു, സെന്റ് ജോസഫ്സ് എച്ച്.എസ്. പേരാവൂർ |
| രണ്ടാം സമ്മാനം | : | ശ്രീമതി ആതിര സാഗർ, സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്. വെളിമാനം |
| മൂന്നാം സമ്മാനം | : | ശ്രീമതി അനുഭാഗ്യ ജോൺ, നിർമ്മല യു.പി. എസ്. ചെമ്പേരി |

**കഥാരചന**

| | | |
|---|---|---|
| ഒന്നാം സമ്മാനം | : | സിസ്റ്റർ രഞ്ജുമോൾ വി. മാത്യു, മഞ്ഞളാംപുറം യു.പി. |
| രണ്ടാം സമ്മാനം | : | ശ്രീമതി വിജി മാത്യു ടി, ചെറുപുഷ്പ യു.പി. എസ്. ചന്ദനയ്ക്കാംപാറ |
| മൂന്നാം സമ്മാനം | : | ശ്രീമതി ജിസ്മി കെ.ജെ., വയത്തൂർ യു.പി. എസ് |

**ഉപന്യാസം**

| | | |
|---|---|---|
| ഒന്നാം സമ്മാനം | : | ശ്രീമതി ആതിര സാഗർ, സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്. വെളിമാനം |
| രണ്ടാം സമ്മാനം | : | ശ്രീ. സുനിൽ ജോർജ്, സെന്റ് ജോസഫ്സ് എച്ച്.എസ്. പുലിക്കുരുമ്പ |
| മൂന്നാം സമ്മാനം | : | ശ്രീമതി സിന്ധു ജോസഫ്, സെന്റ് ജോസഫ്സ് യു.പി. എസ്. കുന്നോത്ത് |

**വിജയികൾക്ക് അഭിനന്ദനങ്ങൾ**

**സ്നേഹ തണൽ - ഭവനനിർമ്മാണം**

അധ്യാപകരെ സമൂഹം ആദരവോടെ കാണുന്നു. അവരുടെ ഭാഗത്തു നിന്നുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ സമൂഹത്തിന് മാതൃകയും പ്രചോദനവുമാണ്. അതോടൊപ്പം നാം സമൂഹത്തിലെ അവശത അനുഭവിക്കുന്നവരെ മനസ്സിലാക്കുകയും സഹായിക്കാൻ സന്നദ്ധരാണ് എന്ന് പ്രഖ്യാപിക്കുകയുമാണ്. നമ്മുടെ മുൻപിലിരിക്കുന്ന വിദ്യാർത്ഥികളിൽ പലരും സാമ്പത്തികമായി വിഷമതകൾ അനുഭവിക്കുന്നവരാണ്. സ്വന്തമായി ഒരു ചെറിയ ഭവനം പോലും ഇല്ലാത്തവർ ധാരാളമാണ്. നമ്മുടെ ക്ലാസ്സുകളിലിരിക്കുന്ന വിദ്യാർത്ഥികളുടെ കണ്ണുകളിലേക്ക് നോക്കുമ്പോൾ ജീവിതത്തിൽ അവർ

അനുഭവിക്കുന്ന ദൈന്യത മനസ്സിലാകും. അപ്രകാരം വിഷമിക്കുന്ന ഏതാനും കുട്ടികൾക്ക് ഭവനനിർമ്മാണത്തിന് സഹായിക്കാൻ നമുക്ക് ഒരുമിച്ച് കൈകോർക്കാം.

ഇതിനോടകം 08 വീടുകളിലെ പണി നമ്മൾ പൂർത്തിയാക്കി. സഹകരിച്ച നിങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു. ഇനിയും നിങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു. ദൈവകൃപയാൽ നമുക്ക് ലഭിച്ചിരിക്കുന്ന ജോലിയും അതിലൂടെ നമുക്ക് കൈവന്ന ഐശ്വര്യവും സഹോദരങ്ങളുമായി പങ്കുവെയ്ക്കുമ്പോഴാണ് ജീവിതം അർത്ഥ പൂർണ്ണമാകുന്നത്.

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ അധ്യാപക-അനധ്യാപകരും, കോർപ്പറേറ്റ് വിദ്യാഭ്യാസ എജൻസിയും ഒരുമിച്ചു ചേർന്നുള്ള ഒരു സംരംഭമാണിത്. ഇതിനായി നിയമനാംഗീകാരം ലഭിച്ച അധ്യാപക-അനധ്യാപകർ ഒരു ദിവസത്തെ മുഴുവൻ ശമ്പളം 2026 ഫെബ്രുവരി 24 ന് മുൻപായി കോർപ്പറേറ്റ് ഓഫീസിൽ ഏൽപ്പിക്കണം. (സർക്കുലർ നമ്പർ. 08/2022 തീയതി. 03/11/2022 സൂചിപ്പിച്ചിരിക്കുന്നു). നിയമനാംഗീകാരം ലഭിക്കാത്തവർ തങ്ങളുടെ കഴിവ് അനുസരിച്ച് സഹകരിക്കുക.

എല്ലാ പ്രധാനാധ്യാപകരും ഈ തുക സമാഹരിച്ച് ഫെബ്രുവരി 23 ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വെച്ച് നടക്കുന്ന യാത്രയയപ്പ് സമ്മേളനത്തിന് വരുമ്പോൾ ലിസ്റ്റ് സഹിതം അടയ്ക്കാവുന്നതാണ്. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും ജീവനക്കാരുടെയും ജീവകാരുണ്യ പ്രവർത്തനങ്ങളുടെ മുഖമായി ഇതുമാറണം. നമ്മൾ ചെയ്യുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏറ്റവും സംതൃപ്തി നൽകുന്നതും ദീർഘകാലം ഓർമ്മയിൽ നിലനിൽക്കുന്നതുമായ ഒരു സംരംഭമാണിത്. വരും വർഷങ്ങളിലും ഒരു പ്രോഗ്രാമായി ഇത് തുടരണം. നിങ്ങളുടെ സഹകരണത്തിനും ഔദാര്യപൂർണ്ണമായ പങ്കുവെയ്ക്കലിനും മുൻകൂട്ടി നന്ദി അറിയിക്കുന്നു.

**മാസ്റ്റർമൈൻഡ് 2K25**

കൈത്തിരി, അറിവ്, മികവ് എന്നീ മൂന്ന് പുസ്തകങ്ങളാണ് മാസ്റ്റർ മൈൻഡ് സ്കോളർഷിപ്പ് പരീക്ഷയുടെ ഭാഗമായി പുറത്തിറക്കിയത്. പുസ്തകങ്ങൾ എല്ലാ സ്കൂളുകളിലും എത്തിക്കുകയും സമയബന്ധിതമായി പരീക്ഷകൾ നടത്തുകയും ചെയ്തു. **(എൽ.പി (കൈത്തിരി)- 30/-, യുപി (അറിവ്) - 40/-, എച്ച്എസ്, എച്ച്.എസ്.എസ് (മികവ്)- 50/-) പുസ്തകങ്ങളുടെ പൈസ ഇനിയും അടയ്ക്കാത്തവർ ഫെബ്രുവരി 23 ന് യാത്രയയപ്പ് സമ്മേളനത്തിന് വരുമ്പോൾ അടയ്ക്കേണ്ടതാണ്.**

**സ്കോളർഷിപ്പ് പരീക്ഷകൾ**

IV, VII ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കുമുള്ള അക്കാദമിക പരീക്ഷ ഫെബ്രുവരി 13-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 02 മണി മുതൽ അതാത് സ്കൂളുകളിൽ വെച്ച് നടത്തുന്നു.

സന്മാർഗശാസ്ത്രം, മതബോധനം, അക്കാദമിക് (1, 2, 3, 5, 6, 8, 9) പരീക്ഷകൾ ഫെബ്രുവരി 14-ാം തീയതി വിവിധ സെന്ററുകളിൽ വെച്ച് നടത്തുന്നു.

**ഫാ. സ്കറിയ വടശ്ശേരിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**2026-27 അധ്യായന വർഷത്തിലെ വിവിധ സ്കോളർഷിപ്പുകൾ**

1. പ്ലസ് വൺ പരീക്ഷയ്ക്ക് ഫിസിക്സ് കെമിസ്ട്രി - മാത്തമാറ്റിക്സ് വിഷയങ്ങൾക്ക് 95 ശതമാനത്തിൽ അധികം മാർക്ക് ലഭിച്ച കുട്ടികൾക്ക് ഓരോ വർഷവും പതിനായിരം രൂപ മാത്രം ട്യൂഷൻ ഫീസ് അടച്ചുകൊണ്ട് ബിടെക് പഠനം പൂർത്തിയാക്കാവുന്നതാണ്. +2 റിസൾട്ട് വന്നു കഴിഞ്ഞാൽ പിന്നെ അതായിരിക്കും പരിഗണിക്കുക. സ്കോളർഷിപ്പിന് ഇപ്പോൾ അപേക്ഷ സമർപ്പിക്കാം.

2. **KEAM RANK SCHOLARSHIP**

I. 1 - 8000 റാങ്ക് ലഭിക്കുന്നവർക്ക് കോളേജ് ഫീസ് പൂർണ്ണമായി സൗജന്യ മായിരിക്കും.

II. 8001-20,000 വരെ റാങ്ക് ലഭിക്കുന്നവർക്ക് ഗവൺമെന്റ് കോളേജിലെ ഫീസിനു തുല്യമായ പതിനായിരം രൂപ മാത്രം ഒരു വർഷത്തെ ട്യൂഷൻ ഫീസ്.

**വിമൽജ്യോതി MBA കോളേജിൽ സ്കോളർഷിപ്പോടെ പഠിക്കാം**

ഡിഗ്രിക്ക് 50 ശതമാനം മാർക്കോടെ KMAT/CMAT പരീക്ഷ പാസായവർക്ക് അഡ്മിഷന് അപേക്ഷിക്കാവുന്നതാണ്. ഡിഗ്രി പരീക്ഷയ്ക്ക് 85 ശതമാനം മാർക്കുള്ളവർക്ക് ഗവൺമെന്റ് ഫീസിൽ MBA പഠനം പൂർത്തിയാക്കാം. 75% മാർക്കുള്ളവർക്ക് 60,000 രൂപ സ്കോളർഷിപ്പിൽ പഠിക്കാം.

**സാൻജോസ് അക്കാദമി - ജർമൻ ഔദ്യോഗിക പരീക്ഷാകേന്ദ്രം (telc)**

വിമൽജ്യോതി ക്യാമ്പസിൽ പ്രവർത്തിക്കുന്ന സാൻജോസ് അക്കാദമിയിൽ ജർമ്മൻ ഔദ്യോഗിക പരീക്ഷാകേന്ദ്രം അനുവദിച്ചിട്ടുണ്ട്. ഇവിടെ പഠിക്കുന്നവർക്കും, പുറമേ നിന്ന് വരുന്നവർക്കും ഇവിടെ പരീക്ഷയെഴുതാവുന്നതാണ്. എല്ലാ മാസവും പുതിയ ബാച്ചുകൾ ആരംഭിക്കുന്നുണ്ട്. സ്കോളർഷിപ്പോടെ പഠിക്കാനുള്ള അവസരവും ഉണ്ട്.

- ആദ്യം അപേക്ഷിക്കുന്നവരിൽ നിന്നും സ്കോളർഷിപ്പിന് അർഹരായവരെ തിരഞ്ഞെടുക്കുന്നു. സീറ്റുകളുടെ എണ്ണവും ലിമിറ്റ് ചെയ്തിട്ടുണ്ട്. മറ്റു വിവിധ സ്കോളർഷിപ്പുകളും ആനുകൂല്യങ്ങളും അർഹരായവർക്ക് ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി നേരിട്ട് ബന്ധപ്പെടുകയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ വിളിക്കുകയോ ചെയ്യുക.

| | | |
|---|---|---|
| ENGINEERING | : | 8846423448, 7907231291 |
| MBA | : | 9400512240, 7012799277 |
| SANJOS ACADEMY | : | 8281750777, 8281730777 |

## PLACEMENT NEWS - JANUARY 2026

- തീരുവനന്തപുരം Technopark ആസ്ഥാനമായി പ്രവർത്തിരുന്ന REIZEND TECHNOLOGIES Pvt. Ltd നടത്തിയ Off-Campus Recruitment - ൽ വിമൽജ്യോതിയിലെ 75 അവസാനവർഷ വിദ്യാർത്ഥികൾ പങ്കെടുത്തു. 2 വിദ്യാർത്ഥികൾ അവസാന റൗണ്ടിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.
- AI driver support, Digital Engineering, IT Operations എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന MOVATE (Formerly CSS Crop) വിമൽ ജ്യോതിയിൽ ക്യാംപസ് റിക്രൂട്ട്മെന്റ് നടത്തുന്നു. Selection Process ജനുവരി മാസം അവസാനത്തോടെ പൂർത്തിയാക്കുമെന്ന് കരുതുന്നു.
- Campus Recruitment Training രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ Edutech കമ്പനിയായ FACE Prep ജനുവരി അവസാനവാരത്തിൽ campus Recruitment-നായി എത്തുന്നു. 200-ഓളം അവസാന വർഷ വിദ്യാർത്ഥികൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. 3 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ വാർഷിക ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- പ്രമുഖ Private Sector ബാങ്കായ South indian Bank ഡിസംബർ മാസത്തിൽ Online Test നടത്തുകയുണ്ടായി. 5 അവസാന വർഷ വിദ്യാർത്ഥികൾ GD & Personal Interview റൗണ്ടിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഈ വിദ്യാർത്ഥികളുടെ Interview റൗണ്ടുകൾ ജനുവരി മാസം അവസാനത്തോടെ നടക്കും. Selection Process ഫെബ്രുവരി പകുതിയോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
- Automobile Pump നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന പ്രശ്ത കമ്പനിയായ STANADYNE നടത്തിയ കാംപസ് റിക്രൂട്ട്മെന്റിലൂടെ 44 അവസാന വർഷ വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കുകയുണ്ടായി. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ April 19, 2026 ന് മുമ്പായി ജോലിയിൽ പ്രവേശിക്കേണ്ടതാണ്.
- IBM, SL LUMAX, O. P MOBILITY, LUMEL എന്നീ കമ്പനികൾ February / March മാസങ്ങളിലായി റിക്രൂട്ട്മെന്റ് നടത്തുന്നതിന് താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# നിർമലഗിരി കോളേജ്
## കൂത്തുപറമ്പ്

**യൂണിവേഴ്സിറ്റി ഹോക്കി ചാമ്പ്യൻഷിപ്പ് നിർമലഗിരി കോളേജിന് ഇരട്ട കിരീടം**

നിർമ്മലഗിരി കോളേജിന്റെ ആഭിമുഖ്യത്തിൽ മാങ്ങാട്ടുപറമ്പ് ക്യാമ്പസിൽ നടന്ന കണ്ണൂർ യൂണിവേഴ്സിറ്റി ഹോക്കി ചാമ്പ്യൻഷിപ്പിൽ പുരുഷവനിതാ വിഭാഗങ്ങളിൽ നിർമ്മലഗിരി കോളേജ് ചാമ്പ്യൻമാരായി. കണ്ണൂർ യൂണിവേഴ്സിറ്റി കായിക വിഭാഗം മേധാവി ജോ ജോസഫ്, ഉപമേധാവി അനൂപ് എന്നിവർ ട്രോഫികൾ വിതരണം ചെയ്തു. ചെന്നൈയിൽ വെച്ചുനടക്കുന്ന ദക്ഷിണ മേഖല ഹോക്കി ചാമ്പ്യൻഷിപ്പിനുള്ള പുരുഷ വനിത ടീമുകളെ നിർമ്മലഗിരി കോളേജ് കായിക വിഭാഗം മേധാവി ഷിനിൽ കുര്യാക്കോസ്, കോടിയേരി ബാലകൃഷ്ണൻ സ്മാരക ഗവൺമെന്റ് കോളേജ് കായികവിഭാഗം മേധാവി ഫ്രിജൊ എന്നിവർ announce ചെയ്തു.

**'ആശ്രയ പദ്ധതി' മൂന്നാം ഘട്ടത്തിന് കോളേജിൽ തുടക്കമായി**

വിദ്യാഭ്യാസ നവീകരണവും സാമൂഹിക പ്രതിബദ്ധതയും കൈകോർക്കുന്ന 'ആശ്രയ പദ്ധതി' മൂന്നാംഘട്ടത്തിന് നിർമ്മലഗിരി കോളേജിൽ തുടക്കമായി. 'ഡാറ്റാ ഏകീകരണവും സ്കൂൾ-ഉന്നത വിദ്യാഭ്യാസ സമന്വയവും' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച പരിപാടി കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു ഉദ്ഘാടനം ചെയ്തു.

കൂത്തുപറമ്പ് ബി.ആർ.സി, നിർമ്മലഗിരി കോളേജ് ഐ.ക്യു. എ.സി. (IQAC), ഹോം സയൻസ് വിഭാഗം എന്നിവയുടെ സംയുക്ത സംരംഭമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പാലാപ്പറമ്പ് അഗതിമന്ദിരമായ സ്നേഹനികേതനിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്ത്, അവിടുത്തെ മുതിർന്ന അന്തേവാസികൾക്കായി അനുയോജ്യമായ സംരംഭകത്വ പദ്ധതികൾ ആവിഷ്കരിക്കാനാണ് മൂന്നാം ഘട്ടത്തിൽ ലക്ഷ്യമിടുന്നത്.

ഐ.ക്യു.എ.സി. കോർഡിനേറ്റർ ഫാ. ഡോ. മാർട്ടിൻ ജോസഫ് ചടങ്ങിൽ സ്വാഗതം ആശംസിച്ചു. ഹോം സയൻസ് വിഭാഗം മേധാവി

ദീപ്തി ലിസ്ബെത്ത് കെ, അസിസ്റ്റന്റ് പ്രൊഫസർ ഐശ്വര്യ എ, അസിസ്റ്റന്റ് പ്രൊഫസർ അക്ഷയ ഇ, ബി.ആർ. സി ഉദ്യോഗസ്ഥ ഷെറിൻ, ട്രെയിനർ ദിജേഷ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. കൂത്തുപറമ്പ് ജി.എച്ച്.എസ്.എസ്, പാട്യം ജി.എച്ച്.എസ്. എസ്, കോട്ടയം മലബാർ ജി.എച്ച്.എസ്.എസ്, കൂത്തുപറമ്പ് ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളും ഈ ഉദ്യമത്തിൽ പങ്കാളികളായി.

**സെമിനാർ സംഘടിപ്പിച്ചു**

മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ വിപണിയിലെ പുതിയ പ്രവണതകളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മലഗിരി കോളേജ് (ഓട്ടോണമസ്) ലെ ഹിസ്റ്ററി, ഹോം സയൻസ് വിഭാഗങ്ങൾ സംയുക്തമായി 'കരിയറുകളുടെ ഭാവി: അടുത്ത പത്ത് വർഷത്തിനുള്ളിൽ' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. അമൃത വിശ്വ വിദ്യാപീഠത്തിന്റെ സഹകരണത്തോടെയാണ് പരിപാടി നടന്നത്. കോളേജ് മിനി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു ഉദ്ഘാടനം ചെയ്തു. ആധുനിക തൊഴിൽ ലോകത്തെ വെല്ലുവിളികൾ ഏറ്റെടുക്കാൻ വിദ്യാർത്ഥികൾ സജ്ജരാകണമെന്ന് അവർ ഉദ്ബോധിപ്പിച്ചു. പ്രമുഖ ട്രെയിനറും കൗൺസിലറുമായ പ്രശാന്തി പി.എം. സെഷന് നേതൃത്വം നൽകി. വരും ദശകങ്ങളിൽ സാങ്കേതികവിദ്യ തൊഴിൽ മേഖലയിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ചും പുതുതായി രൂപപ്പെടുന്ന അവസരങ്ങളെക്കുറിച്ചും അവർ മാർഗനിർദ്ദേശങ്ങൾ നൽകി. പരിപാടിയിൽ ഹോം സയൻസ് വിഭാഗം അധ്യക്ഷ ദീപ്തി ലിസ്ബെത്ത് കെ., ഹിസ്റ്ററി വിഭാഗം അധ്യക്ഷ രേഷ്മ ടോം എന്നിവർ സംസാരിച്ചു.

**അഭിമാനനേട്ടം**

നിർമ്മലഗിരി കോളേജ് (ഓട്ടോണമസ്), 9 (കെ) ഗേൾസ് ബറ്റാലിയൻ എൻ.സി.സി യൂണിറ്റിലെ കേഡറ്റ് ശിവനന്ദ കെ ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. എസ്.എൻ.ഐ.സി. ഡൽഹി പ്രധാനമന്ത്രി റാലിയിൽ കേരളലക്ഷദ്വീപ് ഡയറക്ടറേറ്റിനെ പ്രതിനിധീകരിച്ച് ശിവനന്ദ പങ്കെടുക്കും. ന്യൂഡൽഹിയിലെ സഫ്ദർജംഗിൽ ജനുവരി 14 മുതൽ ആരംഭിക്കുന്ന പരിപാടിയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട എൻ.സി.സി കേഡറ്റുകളാണ് പങ്കെടുക്കുന്നത്. നിർമ്മലഗിരി കോളേജിലെ രണ്ടാം വർഷ ജന്തുശാസ്ത്ര വിദ്യാർത്ഥിനിയാണ് ശിവനന്ദ.

**കോളേജ് കലോത്സവം സംഘടിപ്പിച്ചു**

കണ്ണൂർ യൂണിവേഴ്സിറ്റി കലോത്സവത്തോടനുബന്ധിച്ച് നിർമ്മലഗിരി കോളേജിൽ 'ധനക്' എന്ന പേരിൽ 2025–26 ഫൈൻ ആർട്സ് ഫെസ്റ്റിവൽ

നടത്തി. 2025 ഡിസംബർ 15 മുതൽ 18 വരെ സ്റ്റേജ് ഇതര മത്സരങ്ങളും ജനുവരി എട്ടാം തീയതി സ്റ്റേജ് മത്സരങ്ങളുമാണ് നടത്തിയത്. കോളേജിലെ വിവിധ ഡിപ്പാർട്ട്മെന്റ് വിദ്യാർത്ഥികൾ മത്സരങ്ങളിൽ പങ്കെടുത്തു. ഓവറോൾ ചാമ്പ്യൻഷിപ്പ് കെമിസ്ട്രി വിഭാഗം കരസ്ഥമാക്കി. വിജയികൾക്ക് സർട്ടിഫിക്കറ്റും മെമെന്റോയും പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു സി. നൽകി. ഫൈൻ ആർട്സ് കൺവീനർ ഡോ. സിജി മാത്യു അസിസ്റ്റന്റ് പ്രൊഫസർ എഡ്വിൻ ജെറാർഡ് അസിസ്റ്റന്റ് പ്രൊഫസർ രേഷ്മ ടോം, ഫൈൻ ആർട്സ് സെക്രട്ടറി ജീവശ്രീ എന്നിവർ കോളേജ് കലോത്സവത്തിന് നേതൃത്വം നൽകി.

**പാലിയേറ്റീവ് ദിനം ആചരിച്ചു**

നിർമ്മലഗിരി കോളേജ് എൻഎസ്എസിന്റെയും സ്നേഹ സ്പർശത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പാലിയേറ്റീവ് ദിനം ആചരിച്ചു. കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു സി. ഉദ്ഘാടനം ചെയ്തു. സ്നേഹസ്പർശം ചെയർമാൻ ദീപക് കുമാർ അധ്യക്ഷത വഹിച്ചു സ്നേഹസ്പർശം ട്രഷറർ ഡോ. എം.കെ. സുന്ദരം, സിസ്റ്റർ ധന്യ മരിയ, ശ്രീമതി മേരി ജോർജ് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. സ്നേഹ സ്പർശം ഡയറക്ടർമാരായ ശ്രീ. കുഞ്ഞു ബി.ടി. ശ്രീമതി ലിസി സ്റ്റാൻലി എന്നിവർ ക്ലാസുകൾ നയിച്ചു. എൻഎസ് എസ് പ്രോഗ്രാം ഓഫീസർ ഡോക്ടർ ദീപു തോമസ് സ്വാഗതവും യൂണിറ്റ് സെക്രട്ടറി ദേവനന്ദ് കെ.കെ. നന്ദിയും പറഞ്ഞു.

**പ്രസംഗ പരിശീലന ക്ലാസ്സ്**

നിർമലഗിരി കോളേജ് മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പ്രസംഗകല നൈപുണ്യ വികസന കോഴ്സായി തെരഞ്ഞെടുത്ത നാലാം സെമസ്റ്റർ വിദ്യാർഥികൾക്കായി പ്രസംഗ പരിശീലനം സംഘടിപ്പിച്ചു. പ്രശസ്ത വാഗ്മിയും കോളേജ് മുൻ പ്രിൻസിപ്പാളുമായ റവ. ഫാ. ജിയോ പുളിക്കൽ ക്ലാസ് നയിച്ചു. നിർമലഗിരി കോളേജ് വൈസ് പ്രിൻസിപ്പലും മലയാളവിഭാഗം അസോസിയേറ്റ് പ്രൊഫസറുമായ ഡോ. ജോബി ജേക്കബ് പരിപാടിക്ക് നേതൃത്വം നൽകി.

**പി ആർ ഒ**
നിർമലഗിരി കോളേജ്

TRACE
THALASSERY ARCHDIOCESE FOR RAISING AWARENESS AND COMMUNITY ENRICHMENT

## ഹെൽപ്പ് ഡെസ്ക്

**CMHM ഒഡീഷ റീജിയണൽ കോൺഫറൻസിൽ ക്ലാസ് നടത്തി**

കാത്തലിക് മെന്റൽ ഹെൽത്ത് മിനിസ്ട്രിയുടെ (CMHM) നേതൃത്വത്തിൽ ഫാ. ഡയറക്ടർ ഒറീസയിലുള്ള ജാസഗുഡ എസ്. വി.ഡി. സെന്ററിൽ വച്ച് നടത്തപ്പെട്ട റീജണൽ കോൺഫറൻസിൽ പങ്കെടുത്ത് ക്ലാസുകൾ നയിച്ചു. 110 ഓളം വൈദികരും സമർപ്പിതരും അല്മായരും പങ്കെടുത്തു. തുടർന്ന് സമ്പൽപൂർ രൂപതയുടെ ജ്യോതി ഭവൻ മൈനർ സെമിനാരിയിലെ വിദ്യാർത്ഥികൾക്കും, ഹാൻഡ് മെയ്ഡ്സ് ഓഫ് മേരി (HM) സഭാ സമൂഹത്തിലെ നോവിസിനും, എഫ്.സി.സി. സഭാസമൂഹത്തിലെ ആസ്പിരൻസിനും ക്ലാസുകൾ നയിച്ചു. മണിപ്പൂരിൽനിന്നും മതപീഡനത്തിന്റെ ഭാഗമായി ഉർസുലൈൻ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലുള്ള ഹോസ്റ്റലിൽ താമസിക്കുന്ന അമ്പതോളം കുട്ടികൾക്ക് മെന്റൽ ട്രോമാ കെയർ പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും അവൾക്ക് പിന്തുണ നൽകുകയും ചെയ്തു.

**ഫാ. ജോസഫ് റാത്തപ്പിള്ളിൽ**
*ഡയറക്ടർ*

**ഫാ. ആന്റണി മുതുകുന്നേൽ**
*പ്രോട്ടോ സിഞ്ചല്ലൂസ്*

# ലെയ്റ്റി അപ്പൊസ്സ്റ്റോലേറ്റ്
## എ. കെ. സി. സി.

**സമുദായ ശക്തീകരണം രാഷ്ട്ര പുരോഗതിക്ക്**

*കത്തോലിക്ക കോൺഗ്രസ് 108-ാം ജന്മവാർഷികാഘോഷങ്ങൾ: സമുദായ ശക്തീകരണ വർഷാചാരണം അന്തർദേശീയ സമ്മേളനം മഹാറാലികുടിയേറ്റ സംഗമം പതാക പ്രയാണം 2026 മാർച്ച് 14 ന് കണ്ണൂർ പോലീസ് മൈതാനിയിൽ:*

രാജ്യത്തിന്റെ വളർച്ചയ്ക്കും കേരളത്തിന്റെ നവോത്ഥാനത്തിനും നിസ്തുലമായ സംഭാവനകൾ നൽകിയ ക്രൈസ്തവ സമൂഹത്തിന്റെ അതിജീവനം ഇന്ന് ഗുരുതരമായ ഭീഷണിയാണ് നേരിടുന്നത്. വിവിധ രൂപങ്ങളിലുള്ള അധിനിവേശ ശ്രമങ്ങളും സംഘടിത ആക്രമണങ്ങളും നമ്മുടെ സമുദായത്തിനെതിരെ ശക്തമാകുന്നു. തല്പരകക്ഷികൾ പലപ്പോഴും ഈ അധിനിവേശ ശക്തികൾക്ക് മൗനപിന്തുണ നൽകുന്ന അവസ്ഥയും നാം കാണുന്നു. സമുദായത്തിന്റെ വലിയൊരു ജനവിഭാഗമായ കർഷകരുടെ ന്യായമായ ആവശ്യങ്ങൾ പോലും അവഗണിക്കപ്പെടുന്നു. കുടിയിറക്കലിനും സമുദായത്തെ ഇല്ലായ്മ ചെയ്യുവാനുമുള്ള ഒളിഞ്ഞും തെളിഞ്ഞുമുള്ള അജണ്ടകൾ നടപ്പിലാക്കപ്പെടുന്നു.

വിദ്യാഭ്യാസ രംഗത്തെ ക്രൈസ്തവ സമുദായത്തിന്റെ ചരിത്രപരമായ സംഭാവനകൾ തമസ്കരിക്കപ്പെടുകയും, നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ദുർബലപ്പെടുത്താനുള്ള സൂക്ഷ്മവും ശക്തവുമായ നീക്കങ്ങൾ നടക്കുകയും ചെയ്യുന്നു. മാധ്യമങ്ങളിലൂടെയും സാമൂഹ്യ വേദികളിലൂടെയും സമുദായത്തെ അപമാനിക്കാനും മുറിവേല്പിക്കാനും ഗൂഢശക്തികൾ കിണഞ്ഞു പരിശ്രമിക്കുന്നത് കണ്ടില്ലെന്ന് നടിക്കാനാവില്ല. സഭാപിതാക്കന്മാരെയും സമുദായ നേതാക്കളെയും അപകീർത്തിപ്പെടുത്താനുള്ള അജണ്ടകളും, വിശ്വാസത്തെ ഇല്ലാതാക്കാനുള്ള പ്രവണതകളും വ്യാപകമാകുന്നു.

ആകർഷകമായ തൊഴിലും മാന്യമായ വേതനവും സ്വസ്ഥതയുള്ള ജീവിത സാധ്യതകളും ഇല്ലാത്തതിനാൽ യുവജനങ്ങൾ നാടുവിടാൻ നിർബന്ധിതരാകുന്ന ഭീകരയാഥാർത്ഥ്യം നമ്മുടെ കൺമുമ്പിലുണ്ട്. ഇത്തരം സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ, കത്തോലിക്ക കോൺഗ്രസിന്റെ 108-ാം ജന്മവാർഷികാ

ഘോഷങ്ങൾ ഒരു ആഘോഷം മാത്രമല്ല അതിജീവനത്തിന് വേണ്ടിയുള്ള കത്തോലിക്കാ സമുദായത്തിന്റെ ശക്തമായ പ്രചരണവേദിയായി കണ്ണൂരിൽ മാറുകയാണ്.

**സമുദായ ശക്തീകരണം രാഷ്ട്ര പുരോഗതിക്ക്** എന്ന സന്ദേശം ഉയർത്തിപ്പിടിച്ച്, സമുദായ ശക്തീകരണ വർഷാചാരണത്തിന്റെ ഭാഗമായി, ഇന്ന് നാം നേരിടുന്ന വെല്ലുവിളികളെ തുറന്നുപറഞ്ഞും, സമുദായത്തിന്റെയും പൊതുസമൂഹത്തിന്റെയും മുന്നിൽ അവതരിപ്പിച്ചും, രാഷ്ട്രീയഭരണ കേന്ദ്രങ്ങളിൽ ശക്തമായ ഇടപെടലുകൾ കത്തോലിക്ക കോൺഗ്രസ് നടത്തുകയാണ്. രാജ്യത്ത് ക്ഷയിച്ചുവരുന്ന മതസൗഹാർദ്ദം, വികസനവിരുദ്ധ രാഷ്ട്രീയ സമീപനങ്ങൾ, നിഗൂഢമായ കുടിയിറക്ക് അജണ്ടകൾ, ഇതുവരെ പുറത്തുവിടാത്ത ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് ഇവയെല്ലാം സത്വര പരിഹാരം ആവശ്യപ്പെടുന്ന ഗുരുതര പ്രശ്നങ്ങളാണ്. ഈ സാഹചര്യത്തിൽ, സമുദായ ശക്തീകരണമെന്നതാണ് കാലഘട്ടത്തിന്റെ അനിവാര്യത എന്ന് തിരിച്ചറിഞ്ഞുകൊണ്ട്, സഭാ നേതൃത്വത്തോടൊപ്പം ഒറ്റക്കെട്ടായി സമുദായ സംഘടനയായ കത്തോലിക്ക കോൺഗ്രസ് മുന്നേറുകയാണ്.

കേരളത്തിനകത്തും പുറത്തുമുള്ള രൂപതകളിൽ നിന്നും, ഇന്ത്യയ്ക്കകത്തും ഇന്ത്യയ്ക്ക് പുറത്തുമുള്ള രാജ്യങ്ങളിൽനിന്നും, സീറോ മലബാർ സമുദായാംഗങ്ങളും പ്രതിനിധികളും സഭാനേതൃത്വവും അച്ചടക്കത്തോടെ തലശ്ശേരി അതിരൂപത ഒരുക്കുന്ന കണ്ണൂരിലെ മഹാറാലിയിൽ അണിചേരും. ഒരുമയുടെയും ഐക്യത്തിന്റെയും ശബ്ദമാണ് നമ്മുടെ ശക്തി എന്ന് തിരിച്ചറിഞ്ഞുകൊണ്ടാണ്, തലശ്ശേരി അതിരൂപതയുടെ ആതിഥേയത്വത്തിൽ, 2026 മാർച്ച് 13, 14 തീയതികളിൽ, കത്തോലിക്ക കോൺഗ്രസിന്റെ 108-ാം ജന്മവാർഷികാഘോഷങ്ങൾ: കുടിയേറ്റസംഗമം, അന്തർദേശീയ സമ്മേളനം, മഹാറാലി എന്നിവയോടെ തലശ്ശേരിയിലും കണ്ണൂരിലും സംഘടിപ്പിക്കപ്പെടുന്നത്.

അന്തർദേശീയ സമ്മേളനവും മഹാറാലിയും വിജയിപ്പിക്കാൻ നമുക്ക് കണ്ണൂരിൽ അണിചേരാം... രാജ്യത്ത് മതസൗഹാർദ്ദവും, സ്നേഹ സംസ്കാരവും, സഹിഷ്ണുതയും സംരക്ഷിക്കാൻ, കർഷക അതിജീവനത്തിനായി ഒരുമിച്ച് നിലകൊള്ളാൻ, പുതിയ വികസന സംസ്കാരം പടുത്തുയർത്താൻ, പൗരാവകാശ സംരക്ഷണത്തിനായി ശബ്ദമുയർത്താൻ, സമാധാനത്തിന്റെ വക്താക്കളായി നമുക്ക് കണ്ണൂരിൽ അണിചേരാം.

**അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്**

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് 6-1-26 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2:30ന് മണിക്കടവ് ഫൊറോനയിലെ മണിപ്പാറ സെന്റ് മേരീസ് പള്ളിയുടെ പാരീഷ് ഹാളിൽ ചേർന്നു. അതിരൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം മണിക്കടവ് ഫൊറോന വികാരി റവ. ഫാ. പയസ് പടിഞ്ഞാറേമുറിയിൽ ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ മുഖ്യഭാഷണം നടത്തിയ യോഗത്തിൽ മണിക്കടവ്

ഫൊറോനാ ഡയറക്ടർ ഫാ. അനിൽ മണിപ്പാറ ഇടവക ഡയറക്ടർ ഫാ. ജോസഫ് കുരിശുമ്മൂട്ടിൽ അതിരൂപത ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം ട്രഷറർ സുരേഷ് ജോർജ് കാഞ്ഞിരത്തിങ്കൽ വൈസ് പ്രസിഡണ്ടുമാരായ ബെന്നിച്ചൻ മഠത്തിനകം, ഷിനോ പാറക്കൽ, ഐ.സി. മേരി, ഗ്ലോബൽ സെക്രട്ടറി പീയൂസ് പറയിടം, വർക്കിംഗ് കമ്മിറ്റിയംഗം ബെന്നി പുതിയാപുറം മണിക്കടവ് ഫൊറോന പ്രസിഡണ്ട് അഡ്വ. ബിജു ഒറ്റപ്ലാക്കൽ എന്നിവർ സംസാരിച്ചു.

**തീരുമാനങ്ങൾ**

1 കണ്ണൂര് വെച്ച് നടത്തുന്ന 108-ാം ജന്മദിന വാർഷിക സമ്മേളനവും സാമുദായിക ശാക്തീകരണ റാലിയും വിജയിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും അതിനായി ജനുവരി 7 മുതൽ 18 വരെ തീയതികളിലായി എല്ലാ ഫൊറോനകളിലും യൂണിറ്റ് പ്രസിഡന്റ് സെക്രട്ടറി ട്രഷറർ മാരെയും ഫൊറോന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് യോഗം ചേരുവാനും ഫൊറോന തല സ്വാഗതസംഘം രൂപീകരിക്കുന്നതിനും തീരുമാനിച്ചു.

2 ജനുവരി 21 ന് രാവിലെ 10 മണിക്ക് തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സാന്നിധ്യത്തിൽ തലശ്ശേരി അതിരൂപതയിലെ എല്ലാ സംഘടനകളുടെയും ഡയറക്ടർമാരെയും രൂപതാ ഭാരവാഹികളെയും കത്തോലിക്കാ കോൺഗ്രസ് അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് സാമുദായിക സമ്മേളനം വിജയിപ്പിക്കുന്നതിന് അതിരൂപതതലത്തിൽ സ്വാഗതസംഘം രൂപീകരിക്കുന്നതിന് തീരുമാനിച്ചു. ഫൊറോന മീറ്റിങ്ങുകളിൽ ചാർജുള്ള അതിരൂപതാ വൈസ് പ്രസിഡണ്ട്മാരും രൂപത സെക്രട്ടറിമാരും ഡയറക്ടർ അച്ചനും അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തും ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റവും ട്രഷറർ സുരേഷ് ജോർജ് കാഞ്ഞിരത്തിങ്കലും സംബന്ധിക്കുന്നതാണ്.

3 ഫൊറോന കമ്മിറ്റികളുടെ നേതൃത്വത്തിൽ ജനുവരി 30നു മുമ്പായി എല്ലാ യൂണിറ്റുകളിലും മീറ്റിംഗ് വിളിച്ചു ചേർത്ത് സാമുദായിക സമ്മേളനം വിജയിപ്പിക്കുന്നതിന് ഇടവകകളിലെ എല്ലാ ഭവനങ്ങളിലും എല്ലാ സംഘടനകളുടെയും സഹകരണത്തോടെ യൂണിറ്റ് ഭാരവാഹികൾ സന്ദർശിക്കുന്നതിന് തീരുമാനിച്ചു.

4 സ്വാഗതസംഘം രൂപീകരിക്കുന്നതിന് മുന്നോടിയായി അഭിപ്രായങ്ങളും പദ്ധതികളും നിർദ്ദേശിക്കുന്നതിനായി അതിരൂപത പ്രസിഡന്റ് ഫിലിപ്പ് വെളിയത്ത് ചെയർമാനായി നിർദേശക സമിതി രൂപീകരിച്ചു.

**നിർദേശക സമിതി അംഗങ്ങൾ:** *ഫാ. ഫിലിപ്പ് കവിയിൽ, ജിമ്മി ആയിത്തമറ്റം, സുരേഷ് കാഞ്ഞിരത്തിങ്കൽ, ഷിനോ പാറക്കൽ, ബിജു ഒറ്റപ്ലാക്കൽ, ജോർജ് കാനാട്ട്. ഷാജൻ മാസ്റ്റർ, ജോസഫ് മാത്യു കൈതമറ്റം, ഡോ. ജോസഫ് തോമസ്.*

5 ത്രിതല പഞ്ചായത്തുകളിൽ വിജയികളായ സീറോ മലബാർ സഭ അംഗങ്ങൾക്ക് അതിരൂപത നേതൃത്വവുമായി സഹകരിച്ച് ഫെബ്രുവരി 9 തിങ്കളാഴ്ച ചെമ്പേരിയിൽ വച്ച് സ്വീകരണം നൽകുന്നതിന് തീരുമാനിച്ചു.

**പൊതു പ്രവർത്തനങ്ങൾ**

ക്രിസ്തുമസിനോട് അനുബന്ധിച്ച് കത്തോലിക്ക കോൺഗ്രസിന്റെ വിവിധ ഫൊറോന, ഇടവക യൂണിറ്റുകൾ അഗതി മന്ദിരങ്ങൾ സന്ദർശിക്കുകയും ഭക്ഷണസാധനങ്ങൾ നൽകുകയും ചെയ്തു.

**സ്വീകരണങ്ങൾ**

ഭാരതത്തിന്റെ ഉപരാഷ്ട്രപതി ശ്രീ. സി.പി. രാധാകൃഷ്ണൻ രാഷ്ട്രപതി ഭവനിൽ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, പ്രസിഡണ്ട് രാജീവ് കൊച്ചുപറമ്പിൽ എന്നിവരെ ക്രിസ്തുമസിനോട് അനുബന്ധിച്ച് സ്നേഹവിരുന്നിൽ ക്ഷണിക്കുകയുണ്ടായി. സ്നേഹവിരുന്നിൽ പങ്കെടുത്ത് ഉപരാഷ്ട്രപതിയുടെ ക്രിസ്മസ് സമ്മാനം സ്വീകരിച്ചു. ഇത് കത്തോലിക്കാ കോൺഗ്രസ് ഭാരതത്തിൽ നടത്തുന്ന ശ്രദ്ധേയമായ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ ലഭിച്ച ദേശീയ അംഗീകാരമായി കണക്കാക്കുന്നു.

ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പുകളിൽ വിജയികളായ കത്തോലിക്ക കോൺഗ്രസ് അംഗങ്ങളെ അതിരൂപത കമ്മറ്റി അഭിനന്ദിച്ചു. ഉളിക്കൽ ഗ്രാമപഞ്ചായത്ത് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ട യൂത്ത് കൗൺസിൽ കോർഡിനേറ്റർ എബിൻ കുമ്പുക്കലിന് സ്വീകരണം നൽകി.

ജെബി കോശി കമ്മീഷൻ റിപ്പോർട്ട് ഇത്രയും കാലമായി പ്രസിദ്ധീകരിക്കാത്തതിലും കമ്മീഷൻ നിർദ്ദേശങ്ങൾ നടപ്പിലാക്കാത്തതിലും കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

പാലത്തുംകടവിൽ കടുവയുടെ ആക്രമണത്തിൽ നാല് പശുക്കൾ കൊല്ലപ്പെട്ട ഉടമയുടെ ഭവനത്തിൽ ചെന്ന് കത്തോലിക്കാ കോൺഗ്രസ് കുന്നോത്ത് ഫൊറോന ഭാരവാഹികൾ ആശ്വസിപ്പിക്കുകയും അർഹമായ നഷ്ടപരിഹാരം സർക്കാരിൽ നിന്ന് വാങ്ങി കൊടുക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്തു.

ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി അംഗം ബെന്നി പുതിയപുറം, ഫൊറോനാ പ്രസിഡണ്ട് മാത്യു വള്ളംകോട്ട് സെക്രട്ടറി ഷിബു കുന്നപ്പള്ളി എന്നിവരുടെ നേതൃത്വത്തിലാണ് സ്ഥലം സന്ദർശിച്ചത്.

**സംഘടനാ പ്രവർത്തനങ്ങൾ**

കത്തോലിക്കാ കോൺഗ്രസ് 108-ാം ജന്മദിന വാർഷികവും സാമുദായ ശാക്തീകരണ സമ്മേളനവും മഹാറാലിയും വിജയിപ്പിക്കുന്നതിനായി തലശ്ശേരി അതിരൂപതയിലെ ഫൊറോനകളിൽ സ്വാഗതസംഘ രൂപീകരണ

യോഗം വിജയകരമായി നടന്നു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത്, ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, ട്രഷറർ സുരേഷ് ജോർജ് കാഞ്ഞിരത്തിങ്കൽ, വൈസ് പ്രസിഡണ്ടുമാരായ ബെന്നിച്ചൻ മഠത്തിനകം, ടോമി കണയങ്കൽ, ഷിനോ പാറക്കൽ, ഐ.സി മേരി, കൂടാതെ ഓരോ ഫൊറോനയിലേക്കും ഉത്തരവാദിത്വമുള്ള രൂപതാ സെക്രട്ടറിമാർ എന്നിവരുടെ നേതൃത്വത്തിൽ ഫൊറോനകൾ സന്ദർശിച്ച് സ്വാഗതസംഘം രൂപീകരിച്ചു.

ബഹു. ഫൊറോനാ വികാരിയച്ചന്മാർ രക്ഷാധികാരിമാരായും കത്തോലിക്ക കോൺഗ്രസ് ഫൊറോന ഡയറക്ടർ അച്ചന്മാർ എക്സിക്യൂട്ടീവ് രക്ഷാധികാരിയായും, ഫൊറോനാ പ്രസിഡണ്ടുമാർ ജനറൽ ഫൊറോനാ കൺവീനറായും, സെക്രട്ടറിമാർ ജോയിന്റ് കൺവീനറായും തലശ്ശേരി അതിരൂപത വിവിധ സംഘടനയിലെ ഫൊറോന ഭാരവാഹികൾ കോർഡിനേറ്റർമാരായും സ്വാഗതസംഘം രൂപീകരിച്ചു.

ജനുവരി 22 മുതൽ ഫെബ്രുവരി 5 വരെയുള്ള സമയങ്ങളിൽ ഫൊറോന തല സംഘാടക സമിതിയുടെ നേതൃത്വത്തിൽ ഇടവകകളിൽ കത്തോലിക്ക കോൺഗ്രസ് അംഗങ്ങൾ ഇടവകയിലെ വിവിധ സംഘടനകൾ, കൈകാരന്മാർ, കോഡിനേറ്റർമാർ, പാരീഷ് കൗൺസിൽ അംഗങ്ങൾ, സമുദായ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് സ്വാഗതസംഘം രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

സാമുദായ ശാക്തീകരണ സമ്മേളനത്തിന്റെ വിജയത്തിനായി കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ട് ശ്രീ. രാജീവ് കൊച്ചുപറമ്പിലിന്റെ അധ്യക്ഷതയിൽ തലശ്ശേരിയിൽവെച്ച് ചേർന്ന ആലോചനസമിതി യോഗം ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ ഭാരവാഹികളായ ഡോ. ജോസുകുട്ടി ഒഴുകയിൽ, ബെന്നി ആൻറണി തുടങ്ങിയവർ സംബന്ധിച്ച യോഗത്തിൽ കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത ഭാരവാഹികൾ പങ്കെടുത്തു.

ചെമ്പന്തൊട്ടി ഫൊറോനയിൽ കത്തോലിക്കാ കോൺഗ്രസിന്റെ വനിതാ ഫോറം രൂപീകരണവും വിവിധ പഞ്ചായത്തുകളിൽ തിരഞ്ഞെടുക്കപ്പെട്ട സമുദായ അംഗങ്ങളായവർക്ക് സ്വീകരണവും നൽകി.

ചെമ്പന്തൊട്ടി ഫൊറോനയിലെ 12 ഇടവകകളിൽ നിന്നായി നിരവധി വനിതകൾ പങ്കെടുത്ത വനിത ഫോറം രൂപീകരണയോഗവും ജനപ്രതിനിധികൾക്കുള്ള സ്വീകരണവും ഫൊറോനാ പ്രസിഡണ്ട് ജോസഫ് മാത്യു കൈതമറ്റത്തിന്റെ അധ്യക്ഷതയിൽ നടുവിൽ സെന്റ് മേരീസ് പള്ളിയുടെ പാരീസ് ഹാളിൽ വച്ച് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് ജനറൽ

സെക്രട്ടറി ജിമ്മി ആയിത്തമറ്റം, ഫൊറോന ഡയറക്ടർ ഫാ. ജോബി ചെരുവിൽ, ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ, ഗ്ലോബൽ സെക്രട്ടറി ഷീജ കാറുകളം, വൈസ് പ്രസിഡണ്ട് ഷിനോപാറക്കൽ തുടങ്ങിയവർ സംസാരിച്ചു.

കണ്ണൂരിൽ വച്ച് നടക്കുന്ന സമുദായ ശാക്തീകരണ സമ്മേളനത്തിന്റെ പ്രവർത്തനങ്ങൾക്കായി നൽകുന്ന തുകയുടെ ആദ്യഗഡു ചെമ്പന്തൊട്ടി ഫൊറോനയിൽ വച്ച് ഡയറക്ടർ ഫാ. ജോബി ചെരുവിൽ ജോസഫ് മാത്യു കൈതമറ്റം എന്നിവരിൽ നിന്ന് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിലും അതിരൂപത ഭാരവാഹികളും സ്വീകരിച്ചു.

മാർച്ച് 13, 14 തീയതികളിലായി കണ്ണൂർ വെച്ച് നടക്കുന്ന കത്തോലിക്ക കോൺഗ്രസ് 108-ാ ജന്മദിന വാർഷികത്തിന്റെയും സാമുദായിക ശാക്തീകരണ റാലിയുടെയും മഹാസമ്മേളനത്തിന്റെയും സംഘാടക സമിതി രൂപീകരണം ഗ്ലോബൽ പ്രസിഡണ്ട് ശ്രീ. രാജീവ് കൊച്ചുപറമ്പിന്റെ അധ്യക്ഷതയിൽ തലശ്ശേരി സന്ദേശ്ഭവനിൽ ചേർന്ന് യോഗത്തിൽ വെച്ച് തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു.

തലശ്ശേരി അതിരൂപതയിലെ ബഹു. വൈദികർ, വിവിധ സംഘടനകളുടെ രൂപത ഭാരവാഹികൾ, കത്തോലിക്കാ കോൺഗ്രസിന്റെ ഗ്ലോബൽ സമിതി ഭാരവാഹികൾ, വിവിധ രൂപതകളിൽനിന്നും വന്ന പ്രതിനിധികൾ, തലശ്ശേരി അതിരൂപതയിലെ കത്തോലിക്ക കോൺഗ്രസ് പ്രവർത്തകർ, സമുദായ അംഗങ്ങൾ എന്നിവർ പങ്കെടുത്ത സ്വാഗത-സംഘാടകസമിതി രൂപീകരണ യോഗത്തിൽ ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ കണ്ണൂർ സമ്മേളനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം ചെയ്തു സംസാരിച്ചു.

തലശ്ശേരി അതിരൂപത വികാരി ജനറാൾ ബഹുമാനപ്പെട്ട മോൺ. ആന്റണി മുതുകുന്നേൽ ആമുഖഭാഷണം നടത്തി. സംഘാടകസമിതി പ്രഖ്യാപനം വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി നിർവഹിച്ചു. ഗ്ലോബൽ വൈസ് പ്രസിഡണ്ട് പ്രൊഫസർ കെ.എം. ഫ്രാൻസിസ് വിഷയാവതരണം നടത്തി.

അതിരൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് ഗ്ലോബൽ ട്രഷറർ ടോണി ജോസഫ് പുഞ്ചക്കുന്നേൽ ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ എന്നിവർ സംസാരിച്ചു

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*

# കരിസ്മാറ്റിക് മൂവ്മെന്റ്

**സോണൽ കൂട്ടായ്മ :** 13-01-2016 ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ച് ഏകദിന സോണൽ കൂട്ടായ്മ നടന്നു. കെ.സി എസ്.സി. അംഗം റവ. സി. മരിയറ്റ് എം.എസ്.എം.ഐ. ആരാധനയ്ക്ക് നേതൃത്വം നൽകി. സോണൽ ആനിമേറ്റർ റവ. ഫാ. ജോസഫ് കൊളുത്താപ്പള്ളി വി. കുർബാനയും വചന സന്ദേശവും നൽകി.

**സബ് സോൺ ഏകദിന കൺവെൻഷൻ :** ഡിസംബർ 6-ന് വാഴക്കുണ്ടം ദൈവാലയത്തിൽ വച്ച് ചെറുപുഴ സബ് സോണിന്റെ ഏകദിന കൺവെൻഷൻ നടന്നു. കെ.സി.എസ്.സി. മുൻ ജോയിന്റ് കോർഡിനേറ്റർ സെബാസ്റ്റ്യൻ താന്നിക്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഇടവകവികാരി റവ. ഫാ. അഗസ്റ്റിൻ പാണ്ട്യാമ്മാക്കൽ ഉദ്ഘാടനം ചെയ്ത് വചനസന്ദേശം നൽകി.

**കെറിഗ്മ മിനിസ്ട്രി :** ജനുവരി 6-ന് മണ്ഡപം ദൈവാലയത്തിൽ വച്ച് കെറിഗ്മ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഏകദിന കൂട്ടായ്മ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടന്നു. ഔട്ട് റീച്ചിൽ പങ്കെടുക്കുന്ന എല്ലാവരേയും ഉൾപ്പെടുത്തികൊണ്ട് സെൻട്രൽ ടീം കെറിഗ്മ മിനിസ്ട്രി അംഗം മേരി മലേപറമ്പിൽ, തോമസ് പടിഞ്ഞാട്ടുമാലിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**വചന പാരായണം**

ഡിസംബർ മാസം സമ്പൂർണ്ണവചന വായന മാസമായി ആചരിച്ചു.

**സിസ്റ്റേഴ്സ് മിനിസ്ട്രി :** ഡിസംബർ 2-ന് സിസ്റ്റേഴ്സ് മിനിസ്ട്രിയുടെ നേതൃത്വ കൂട്ടായ്മ തോമാപുരത്ത് വച്ച് നടന്നു.

**അതിരൂപതാ സംഗമം:** ഡിസംബർ 17 ന് സബ് റീജിയൻ തലത്തിൽ മദർ ഹോമിൽ വച്ച് നടത്തിയ ജാഗരണപ്രാർത്ഥനയ്ക്ക് കാസർഗോഡ് സോണിൽ നിന്ന് 85 പേർ പങ്കെടുത്തു.

**സഹസ്രദിന പ്രാർത്ഥന:** ഡിസംബർ 24-ാം തീയതി സഹസ്രദിന പ്രാർത്ഥന നല്ലോമ്പുഴ സെന്റ് വിൻസെൻഷ്യൻ ഭവനത്തിൽ വച്ച് നടന്നു.

**സബ് സോൺ സർവ്വീസ് ടീം മീറ്റിംഗ്:** ജനുവരി 3-ന് ചെറുപുഴ, തോമാപുരം സബ് സോണുകളുടെ സംയുക്ത സർവ്വീസ് ടീം കൂട്ടായ്മ വാഴക്കുണ്ടം ദേവാലയത്തിൽ വച്ച് നടന്നു. 7-01-20 26 ന് കൂരാംകുണ്ട് ആശ്രമത്തിൽ വച്ച് വെള്ളരിക്കുണ്ട് മാലോം സബ് സോണുകളുടെ സംയുക്ത മീറ്റിങ്ങ് സംഘടിപ്പിച്ചു.

**പുനസംഘടന:** കെറിഗ്മ മിനിസ്ട്രിയുടെ കാസർഗോഡ് സർവ്വീസ് ടീം പുനഃക്രമീകരണം നടത്തി. പുതിയ കോർഡിനേറ്റർ ആയി റെമീജിയസ് മച്ചിയാനിക്കലിനെയും സെക്രട്ടറിയായി ഫ്രാൻസീസ് കണ്ടൻചിറ എന്നിവരേയും തിരഞ്ഞെടുത്തു.

**തലശ്ശേരി അതിരൂപത ബൈബിൾ കൺവെൻഷൻ മദ്ധ്യസ്ഥ പ്രാർത്ഥന**

വെള്ളരിക്കുണ്ട് ദൈവാലയത്തിൽ ജനുവരി 30, 31 ഫെബ്രുവരി 1,2,3 തീയതികളിലായി നടക്കാനിരിക്കുന്ന കൺവെൻഷന്റെ വിജയത്തിനായുള്ള 30 ദിവസത്തെ ദിവ്യകാരുണ്യ ആരാധനയിലും മധ്യസ്ഥ പ്രാർത്ഥനയിലും സോണിൽനിന്ന് അംഗങ്ങൾ പങ്കെടുത്തു.

**സായാഹ്ന കൺവെൻഷൻ:** ചെറുപുഴ സബ് സോണിൽ എല്ലാ ഇടവകകളിലും സായാഹ്ന കൺവെൻഷനുകൾ നടന്നു വരുന്നു.

**തെരുവ് വചനപ്രഘോഷണം:** ജനുവരി 17-ന് രാജപുരം പനത്തടി സബ് സോണുകളിൽ തെരുവ് വചന പ്രഘോഷണം നടത്തി.

**തിരുസന്നിധേ:** കണ്ണൂർ സോണിൽ പൈസക്കരി സബ് സോണിന്റെ നേതൃത്വത്തിൽ 23-12-2025 ചൊവ്വാഴ്ച പൈസക്കരി ദേവമാത ഫൊറോന ദൈവാലയത്തിൽ വച്ച് ജൂബിലേവൂസ് തിരുസന്നിധേ 2026 പ്രാർഥന കൂട്ടായ്മ നടന്നു.

**കെരിഗ്മ കോഴ്സ് - കണ്ണൂർ സോൺ**

കണ്ണൂർ സോണിൽ കെരിഗ്മ മിനിസ്ട്രിയുടെ നേതൃത്വത്തിൽ 19-01-2026 തിങ്കളാഴ്ച വൈകുന്നേരം 4.00 മണി മുതൽ 22-01-2026 വ്യാഴാഴ്ച വൈകുന്നേരം 04.00 വരെ തളിപ്പറമ്പ് ദർശന ധ്യാന കേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്ന കെരിഗ്മ കോഴ്സ് 2026 ന്റെ വിജയത്തിനായി പൂപ്പറമ്പ് അൽഫോൻസോ മരിയ ഫുസ്കോ ദൈവാലയത്തിൽ വച്ച് 16-01-2026 വെള്ളിയാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തപ്പെട്ടു.

കണ്ണൂർ സോണിൽ ചെമ്പേരി സബ് സോണിന്റെ നേതൃത്വത്തിൽ 23-01-2026 വെള്ളിയാഴ്ച രാവിലെ 09.00 മണി മുതൽ ഉച്ചക്ക് 01.00 മണി വരെ ചെമ്പേരി ലൂർദ് മാതാ ബസലിക്കയിൽ വച്ച് ഫാ. റാഫ്സൺ പീറ്റർ (OCD) നയിക്കുന്ന ജൂബിലേവൂസ് തിരുസന്നിധേ 2026 നടത്തപ്പെടുന്നു.

**കണ്ണൂർ സോൺ സർവ്വീസ് സമിതി**

സർവ്വീസ് ടീം മീറ്റിംഗ് ബഹു. സെബാസ്റ്റ്യൻ മുട്ടത്തുപാറയിൽ അച്ചന്റെ നേതൃത്വത്തിൽ 27-01-2026 ചൊവ്വാഴ്ച രാവിലെ 09.30 ന് - കണ്ണൂർ സോണിന്റെ പുതിയ ആലയമായ ബഥേൽ കരിസ്മാറ്റിക്ക് സെന്റർ - സ്നേഹഗിരി, ആലക്കോട് വച്ച് സോണൽ സർവ്വീസ് സമിതി അംഗങ്ങൾ, KAC അംഗങ്ങൾ, സബ് സോൺ കോ-ഓർഡിനേറ്റർമാർ, മിനിസ്ട്രി കോ-ഓർഡിനേറ്റർമാർ എന്നിവർ സംയുക്തമായി ഒരുമിക്കുന്നു. രാവിലെ 09.30 നാണ് മീറ്റിംഗ് ആരംഭിക്കുന്നത്.

**ഫാ. സേവ്യർ പുത്തൻപുരയയ്ക്കൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**പുതുവത്സര പ്രോഗ്രാമുകൾ**

**ആലക്കോട് മിഷൻ:** ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മയിലെ അംഗങ്ങൾ വർഷാരംഭ ഞായറാഴ്ചയിൽ ആലക്കോട് സെന്റ് മേരിസ് ഇംഗ്ലീഷ് മീഡിയത്തിൽ ഒന്നിച്ചു ചേർന്ന് ബലിയർപ്പിച്ച് പുതുവർഷ പ്രാർത്ഥനകൾ ചൊല്ലി തങ്ങളെ തന്നെ ദൈവത്തിന് സമർപ്പിച്ചു. ആഘോഷങ്ങളുടെ ഭാഗമായി പ്രസിഡണ്ട് ശ്രീ. സനീഷ് മധുര പലഹാരങ്ങൾ വിതരണം ചെയ്തു. ഫെബ്രുവരി 16 ന് നടക്കുന്ന 22-ാം വാർഷിക പ്രോഗ്രാമുകളെ കുറിച്ച് ചർച്ച ചെയ്തു.

**മോനച്ച സെന്റ് ജോൺസ് റിഹാബിറ്റേഷൻ സെന്റർ**

ബ്രദർ മാനുവേൽ, ബ്രദർ സെബാസ്റ്റ്യൻ, സെന്ററിലെ സഹോദരങ്ങൾ എന്നിവർക്കൊപ്പം പുതുവത്സര ബലി അർപ്പിച്ചു. പുതുതായി എത്തിച്ചേർന്ന സഹോദരങ്ങൾക്ക് പൂക്കൾ നൽകി സ്വാഗതം ചെയ്തു.

**ബാംഗ്ലൂർ മിഷൻ**

പുതുവത്സരത്തിലെ ആദ്യ ആംഗ്യഭാഷ ബലിയർപ്പണം 11-ാം തീയതി ഞായറാഴ്ച സെന്റ് പാട്രിക് ചർച്ചിൽ നടത്തപ്പെട്ടു. അംഗങ്ങൾ പുതുവർഷത്തിലെ കർമ്മപരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു. ഗ്രൂപ്പ് അംഗമായ മഞ്ജുവിന്റെ മകളായ ആരോണിന്റെ ജന്മദിന ആഘോഷത്തിൽ അംഗങ്ങളോടൊപ്പം പങ്കുചേർന്ന് പ്രാർത്ഥനാ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

**ശാലോം ടെലിവിഷൻ**

ആദം മീഡിയ മിനിസ്ട്രയുടെ ഭാഗമായി മാർച്ച് 15-ാം തീയതി മുതൽ ഞായറാഴ്ച വിശുദ്ധ ബലികൾ ആംഗ്യഭാഷയിൽ സംരക്ഷണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ശാലോം ടെലിവിഷനും ആദം മിനിസ്ട്രിയും സംയുക്തമായി ലോകമെമ്പാടുമുള്ള ബധിര സമൂഹത്തിനായി ഒരുക്കുന്ന ആത്മീയ ശുശ്രൂഷയുടെ ഭാഗ്യമായി 22-ാം തീയതി പെരുവണ്ണാമുഴി ശാലോം ടെലിവിഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ട വിശുദ്ധ ബലി അർപ്പണത്തിന് ഫാ. പ്രിയേഷ്, എറണാകുളം ബധിര കൂട്ടായ്മ ആനിമേറ്റർ സിസ്റ്റർ അഭയ എഫ്.സി.സി., ശ്രീമതി ലിൻസി എന്നിവർ നേതൃത്വം നൽകി. ലോക ബധിര സമൂഹത്തിന് ശാലോം ടെലിവിഷൻ നൽകുന്ന

കരുതലിന്, സ്നേഹത്തിന്, പരിഗണനയ്ക്ക് ഡയറക്ടർ പെരിയ ബഹു. ഷെവലിയാർ ശ്രീ. ബെന്നിക്കും ശാലോം കുടുംബത്തിനും നന്ദിയും അഭിനന്ദനങ്ങളും.

**വയനാട് മിഷൻ**

വയനാട് റീജൻ ബധിര സമൂഹത്തിനായി പുൽപ്പള്ളി തിരുഹൃദയ ദൈവാലയത്തിൽ വച്ച് 25-ാം തീയതി വിശുദ്ധ ബലിയർപ്പിച്ചു. പുൽപ്പള്ളി യിൽ ആദ്യമായി നടത്തുന്ന ആംഗ്യഭാഷ വിശുദ്ധ ബലിയിലേക്ക് വികാരി ബഹു. ജോഷിയച്ചൻ ഏവരെയും സ്വാഗതം ചെയ്തു. മാനന്തവാടി, ബത്തേരി, പുൽപ്പള്ളി മേഖലകളിൽ നിന്നും 40 ഓളം ആളുകൾ ബലിയിൽ പങ്കുചേർന്നു. ബഹു. ജോഷിയച്ചനും, ഇടവക സമൂഹത്തിനും, വയനാട് മിഷൻ ആനിമേറ്റർ സിസ്റ്റർ എസ്.എ.ബി.എസിനും നന്ദി.

**മലബാർ ട്രെയിനിംഗ് കോളേജ് പേരാവൂർ**

27-ാം തീയതി മലബാർ കോളേജിലെ കുട്ടികൾക്കായി ആംഗ്യഭാഷ പരിശീലനം സംഘടിപ്പിച്ചു. കോളേജ് യൂണിയൻ ഭാരവാഹികൾ സ്വാഗതവും നന്ദിയും അറിയിച്ചു. മീറ്റിങ്ങിൽ കോളേജ് പ്രിൻസിപ്പൽ ശ്രീമതി പ്രീജ അധ്യക്ഷതപദം അലങ്കരിച്ചു.

**ബേത്സഥാ മീറ്റ് പേരാവൂർ**

പേരാവൂർ ആർക്കി എപ്പിസ്കോപ്പൽ ഫൊറോന ദേവാലയത്തിന്റെ തിരുനാളിനോടനുബന്ധിച്ച്, ഇടവക സമൂഹം ഫൊറോനയിലെ ഭിന്നശേഷി ക്കാരായ വിശ്വാസ സമൂഹത്തെ ചേർത്തുനിർത്തുന്നതിന്റെ ഭാഗമായി ഇടവകയിലെ രോഗികൾക്കും, വൃദ്ധമാതാപിതാക്കൾക്കുമായി ഒരുക്കിയ കൂട്ടായ്മയിൽ ബേത്സഥാ കുടുംബത്തെയും ഉൾപ്പെടുത്തി. 29-ാം തീയതി രാവിലെ 9.30 ന് വിശുദ്ധബലിക്ക് മിനിസ്ട്രി ഡയറക്ടർ ഫാ. പ്രിയേഷ് നേതൃത്വം നൽകി. പെരിയ ബഹു. ഷാജി തെക്കേമുറിയിലച്ചൻ ഏവരെയും സ്വാഗതം ചെയ്തു. തുടർന്ന് നടന്ന മീറ്റിംഗിൽ തിരുഹൃദയ സന്യാസിനി സമൂഹം പ്രൊവിൻഷ്യൽ സിസ്റ്റർ ട്രീസാ പാലക്കൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ബേത്സഥാ അംഗങ്ങളുടെയും ചെറുപുഷ്പ മിഷൻലീഗ് കുട്ടികളുടെയും കലാപരിപാടികൾ മീറ്റിംഗിന് ആനന്ദമേകി. പെരിയ ബഹു. വികാരിയച്ചൻ ഷാജി തെക്കേമുറിയിൽ കൂട്ടായ്മയിൽ പങ്കുചേർന്ന എല്ലാ അംഗങ്ങൾക്കും സമ്മാനങ്ങൾ നൽകി. ഇടവക സമൂഹം സ്നേഹവിരു ന്നൊരുക്കി രോഗികളോട്, ഭിന്നശേഷി സമൂഹത്തോട് ഇടവകയുടെ പ്രതി ബദ്ധതയും, സ്നേഹവും പ്രകടമാക്കി.

ഈശോയുടെ പ്രിയപ്പെട്ടവരെ ഒത്തിരി ഏറെ സ്നേഹിക്കുവാൻ മനസ്സു കാണിച്ച ബഹു. വികാരിയച്ചനും, കൊച്ചച്ചനും, ഇടവക സമൂഹത്തിനും, തിരുഹൃദയ സന്യാസിനി സമൂഹം, കെ.സി.വൈ.എം, മാതൃവേദി, മറ്റു സംഘടനകൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യ - ലഹരിവിരുദ്ധസമിതി

## മുക്തിശ്രീ, പ്രതീക്ഷ മദ്യപാനരോഗ ചികിത്സാകേന്ദ്രം

ലഹരിക്കെതിരെ യോജിച്ച പോരാട്ടത്തിന് വിജയം കാണുംവരെ തയ്യാറെടുക്കേണ്ട കാലഘട്ടമാണിത്. അത്രയേറെ ഭീതിദമായ അവസ്ഥ യാണ് നാട്ടിൽ. കുഞ്ഞുങ്ങൾ മുതൽ ലഹരിയുടെ കരാളഹസ്തങ്ങ ളിൽ പെട്ട് ഞെരിഞ്ഞമരുന്നു. ക്രൂരമായ കൊലപാതകങ്ങൾ ഉൾപ്പെടെ കുറ്റകൃത്യങ്ങൾ ലഹരി ഉപയോഗത്തിന്റെ പരിണിതഫലമായി പെരു കുന്നു. കുടുംബ ബന്ധങ്ങൾ ശിഥിലമാകുന്നതിന്റെയും വാഹനാപകട ങ്ങൾ പെരുകുന്നതിന്റെയും പ്രധാനകാരണവും ലഹരി ഉപയോഗം തന്നെ. അപ്പോഴാണ് അനിയന്ത്രിതമായ മദ്യപാനത്തിന് എല്ലാ ഒത്താ ശകളും ചെയ്തു കൊടുക്കുന്ന സർക്കാറിന്റെ കുത്തഴിഞ്ഞ മദ്യനയം. പുതുവത്സരത്തിൽ പാതിരാ വരെ മദ്യഷാപ്പുകൾ തുറന്നും പുതിയ ബ്രാൻഡിന് പേരിടീൽ മത്സരം നടത്തിയും ഒക്കെ ഘട്ടംഘട്ടമായി മദ്യ നിരോധനം എന്ന പ്രഖ്യാപിതനയം കാറ്റിൽ പറത്തി, നാട്ടിൽ സുലഭ മായി മദ്യം ഒഴുക്കുന്ന സർക്കാർ ആരുടെ ക്ഷേമത്തിന് വേണ്ടിയാണ് ഭരിക്കുന്നതെന്ന് പുനർവിചിന്തനം നടത്തണം.

**സർക്കാറിന്റെ മദ്യനയത്തിനെതിരെ ജനം നൽകിയ താക്കീതാണ് തിരുഞ്ഞെടുപ്പു ഫലം**

തലശ്ശേരി അതിരൂപത മദ്യ - ലഹരി വിരുദ്ധസമിതിയുടെയും മുക്തിശ്രീയുടെയും ഭാരവാഹികളുടെ സംയുക്തയോഗം ജനുവരി ഏഴാം തീയതി നെല്ലിക്കാംപൊയിൽ പള്ളിയിൽ വെച്ച് ചേർന്നു. സർക്കാറിന്റെ മദ്യനയത്തിനെതിരെയുള്ള ശക്തമായ താക്കീതാണ് ത്രിതല പഞ്ചാ യത്ത് തിരഞ്ഞെടുപ്പ് ഫലമെന്ന് യോഗം വിലയിരുത്തി. ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പിലാക്കുമെന്ന് തിരഞ്ഞെടുപ്പു പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്ത ഇടതുമുന്നണി കേരളമാകെ മദ്യലഭ്യത ഉറപ്പു വരു ത്തുവാനാണ് ശ്രമിക്കുന്നത്. പുതുവർഷത്തിൽ സംസ്ഥാനത്തെ മദ്യത്തിൽ കുളിപ്പിക്കുവാനാണ് പാതിരാവരെ മദ്യഷാപ്പുകൾ തുറന്നു പ്രവർത്തിപ്പിച്ചതെന്നും കുട്ടികളെയും യുവജനങ്ങളെയും മദ്യത്തിലേക്ക് ആകർഷിക്കുവാനാണ് പുതിയ ബ്രാൻഡുകൾക്ക് പേരീടിൽ കർമ്മത്തിന് മത്സരം സംഘടിപ്പിച്ച് പാരിതോഷികം നൽകുന്നതെന്നും യോഗം കുറ്റ

പ്പെടുത്തി. സർക്കാരിന്റെയും മുന്നണിയുടെയും വഞ്ചനാത്മകമായ മദ്യഅനുകൂല നിലപാടിനെതിരെയുള്ള വിധിയെഴുത്ത് വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിലും പ്രതിഫലിക്കുമെന്നും യോഗം മുന്നറിയിപ്പ് നൽകി. മദ്യവിപത്തിൽ ഏറ്റവും കൂടുതൽ ദുരിതവും സങ്കടവും അനുഭവിക്കുന്ന സ്ത്രീകളുടെ കണ്ണീരിന്റെ ഫലമാണ് സർക്കാരിനേറ്റ തിരിച്ചടിയെന്ന് മുക്തിശ്രീ അംഗങ്ങൾ ചൂണ്ടിക്കാട്ടി.

നെല്ലിക്കാംപൊയിൽ തീർത്ഥാടന ദൈവാലയത്തിൽ കൂടിയ നേതൃസംഗമം ഫൊറോനവികാരി വെരി റവ. ഫാ. ജോസഫ് കാവനാടി ഉദ്ഘാടനം ചെയ്തു. മദ്യ-ലഹരി വിരുദ്ധ സമിതി അതിരൂപത പ്രസിഡണ്ട് ടോമി വെട്ടിക്കാട്ടിൽ, മുക്തിശ്രീ പ്രസിഡണ്ട് ഷിനോ പാറയ്ക്കൽ, ആനിമേറ്റർ സിസ്റ്റർ ജോസ്മരിയ സി.എം.സി., ദേവസ്യ തൈപ്പറമ്പിൽ, സോളി രാമച്ചനാട്ട്, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, സോയി പുറവക്കാട്ട്, മേരിക്കുട്ടി പാലക്കലോടി, തങ്കമ്മ പാലമറ്റം, പൈലി വലിയക്കണ്ടം, ജോസ് ചിറ്റേട്ട്, ഷെൽസി കാവനാടി, വിൻസന്റ് മുണ്ടാട്ടുചുണ്ടയിൽ, ജിൻസി കുഴിമുള്ളിൽ, സിനി കൊച്ചുപറത്താനം, മോളി കൈനിയിൽ എന്നിവർ പ്രസംഗിച്ചു.

**മോൺ. തോമസ് തൈത്തോട്ടത്തിലച്ചന് ആദരവ്**

പ്രതീക്ഷയുടെ സ്ഥാപക ഡയറക്ടറും മദ്യ-ലഹരി വിരുദ്ധ സമിതിയുടെ അനിഷേധ്യ നേതാവുമായ മോൺ. തോമസ് തൈത്തോട്ടത്തിലച്ചനെ ഡി. അഡിക്ഷൻ സെന്ററുകളുടെ കോഡിനേഷൻ സമിതി പ്രത്യേകമായി ആദരിച്ചു. കേരളത്തിലെ മദ്യവിരുദ്ധ പ്രസ്ഥാനത്തിന്റെ അഭിമാനവും എക്കാലത്തെയും മദ്യവിരുദ്ധ പ്രവർത്തകർക്ക് പ്രചോദനവും ആണ് മോൺ. തോമസ് തൈത്തോട്ടമെന്ന് സമിതി വിലയിരുത്തി. പെരുമ്പാവൂർ യൂണിറ്റ് ഡി അഡിക്ഷൻ സെന്ററിൽ നടന്ന യോഗത്തിൽ വെച്ച് മോൺ. തോമസ് തൈത്തോട്ടത്തിലച്ചനുള്ള മെമന്റോയും പൊന്നാടയും പ്രത്യേക പുരസ്കാരവും സമ്മാനിച്ചു.

**അഭിനന്ദനങ്ങൾ**

തലശ്ശേരി അതിരൂപതാ മുക്തിശ്രീയുടെ ട്രഷററായ മോളി കൈനിയിൽ നടുവിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. നെല്ലിക്കാംപൊയിൽ വെച്ച് ചേർന്ന നേതൃസംഗമത്തിൽ വെച്ച് പുതിയ സ്ഥാനലബ്ധിയിൽ മോളിയെ അഭിനന്ദിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

**മണിപ്പാറയിൽ വെച്ച് ഏകദിന ഉപവാസവും മണിക്കടവ് ഫൊറോനയുടെ സമ്പൂർണ മദ്യ-ലഹരി വിരുദ്ധ സമിതി പ്രഖ്യാപനവും**

മദ്യ-ലഹരി വിരുദ്ധസമിതിയുടെ എക്കാലത്തെയും പ്രചോദനവും ദീപസ്തംഭവുമായ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ രക്തസാക്ഷി ദിനമായ ജനുവരി 30 നോടനുബന്ധിച്ച് 29-ാം തീയതി വ്യാഴാഴ്ച രാവിലെ 10

മണി മുതൽ മണിപ്പാറ ടൗണിൽ വെച്ച് ഏകദിന ഉപവാസസമരം നടക്കും. മണിക്കടവ് ഫൊറോനയിലെ എല്ലാ ഇടവകകളിലും മദ്യ-ലഹരി വിരുദ്ധസമിതിയുടെയും മുക്തിശ്രീയുടെയും യൂണിറ്റുകൾ രൂപികൃതമാക്കുന്നതിന്റെ സമ്പൂർണ മദ്യ-ലഹരി വിരുദ്ധ സമിതി ഫൊറോന പ്രഖ്യാപനവും തദവസരത്തിൽ നടക്കും. മണിക്കടവ് ഫൊറോനയിലെ എല്ലാ യൂണിറ്റുകളുടെയും മണിപ്പാറ ഇടവകയിലെ ദിയാക്കോണിയയുടെ സംയുക്താ ആഭിമുഖ്യത്തിൽ രാവിലെ 10ന് ആരംഭിച്ച് വൈകിട്ട് 6ന് അവസാനിക്കുന്ന ഏകദിന ഉപവാസത്തിൽ ബഹു. ഫൊറോന വികാരി, മറ്റു വൈദികർ, ജനപ്രതിനിധികൾ, മദ്യ-ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും അതിരൂപതാ-ഫൊറോന ഭാരവാഹികൾ, മണിപ്പാറ ഇടവകയിലെ വിവിധ ഭക്തസംഘടനാ പ്രതിനിധികൾ എന്നിവർ പങ്കെടുക്കും. ഇടവകവികാരി റവ. ഫാ. ജയിസ് കുരിശുംമൂട്ടിലിന്റെയും കോഡിനേറ്റർ പൈലി വലിയകണ്ടത്തിലിന്റെയും നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങൾ നടന്നു വരുന്നു. മണിപ്പാറ ഇടവകയ്ക്ക് പ്രത്യേക അഭിനന്ദനങ്ങൾ. സമാന മാതൃകയിൽ എല്ലാ ഇടവകകളിലും യൂണിറ്റുകൾ ആരംഭിച്ച് സജീവമാക്കുവാൻ ബഹു. ഫൊറോന വികാരിമാരും, ഫൊറോന ഡയറക്ടർമാരും ഇടവകവികാരിമാരും ശ്രദ്ധിക്കുമല്ലോ.

**എ. എ കൂട്ടായ്മ**

മദ്യ വിമുക്തരുടെ കൂട്ടായ്മയായ എ.എ കൂട്ടായ്മ ജനുവരി 4 ന് പ്രതീക്ഷയിൽ നടന്നു. പെരുമ്പടവ് സ്വദേശിയായ നാരായണൻകുട്ടി സാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ധാരാളം ആളുകൾ പങ്കെടുത്തു. ഫെബ്രുവരിയിലെ കൂട്ടായ്മ ആദ്യ ഞായറാഴ്ചയായ ഫെബ്രുവരി 1 ന് പ്രതീക്ഷയിൽ വച്ച് നടക്കും. പ്രശസ്ത മദ്യ-ലഹരി വിരുദ്ധ പ്രവർത്തകൻ ശ്രീ. തങ്കച്ചൻ കൊല്ലക്കൊമ്പിൽ നേതൃത്വം നൽകും. പ്രതീക്ഷയിൽ മുൻകാലങ്ങളിൽ ചികിത്സ തേടി പോയവരെയും കുടുംബാംഗങ്ങളെയും പറഞ്ഞയക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**സംസ്ഥാന ഡയറക്ടർമാരുടെ സമ്മേളനം**

22 ന് പി.ഒ.സി-യിൽ വെച്ച് നടന്ന കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതിയുടെ രൂപത ഡയറക്ടർമാരുടെയും ഭാരവാഹികളുടെയും മീറ്റിംഗിൽ അതിരൂപതാ ഡയറക്ടർ ഫാ. ജയ്സൺ കോലക്കുന്നേൽ പങ്കെടുത്തു. ലഹരി വ്യാപനത്തിനെതിരെ സ്വീകരിക്കേണ്ട ഫലപ്രദമായ നടപടികൾ യോഗം ചർച്ച ചെയ്തു.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. കുര്യാക്കോസ് കോലക്കുന്നേൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി. എസ്. എസ്. എസ്.**

**ചെറുകിട കർഷകർക്ക് കാർബൺ ഫണ്ട് ലഭ്യമാക്കാൻ TSSS**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ചെറുകിട കർഷകർക്ക് കാർബൺ ഫണ്ട് ലഭ്യമാക്കുന്ന ഒരു പദ്ധതിക്ക് തുടക്കം കുറിച്ചു. പദ്ധതിയുടെ ഭാഗമായി ഒരു ഏക്കറോ അതിനുമുകളിലോ സ്ഥലമുള്ള കർഷകർക്ക് ഉപകാരപ്പെടുന്ന രീതിയിൽ ഗ്രീനേറ്റഡ് ക്ലൈമ-ടെക് കമ്പനിയുമായുള്ള ധാരണപത്രത്തിൽ (MoU) ഒപ്പുവച്ചു.

പദ്ധതി പ്രകാരം, കർഷകർക്ക് സൗജന്യമായി കാർബൺ ഫണ്ട് ലഭ്യമാക്കുന്നതാണ് ലക്ഷ്യം. ഇതിന് കൃഷിയിടത്തിലെ കാർബൺ ക്രെഡിറ്റ് സാധ്യത പഠനം, കർഷക ബോധവൽക്കരണം, കാർബൺ ഫണ്ട് രജിസ്ട്രേഷന് ആവശ്യമായ ഡോക്യുമെന്റേഷൻ എന്നിവ ഉൾപ്പെടുന്നു. ഈ പ്രവർത്തനങ്ങൾ ഗ്രീനേറ്റഡ് ക്ലൈമ-ടെക് കമ്പനിയുടെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ചാണ് നടപ്പാക്കുന്നത്, അതിനാൽ കർഷകർക്ക് ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാമ്പത്തിക ബാധ്യത ഉണ്ടായിരിക്കുകയില്ല.

ഇന്ത്യയിൽ നിലവിൽ കാർബൺ പോളിസി രൂപീകരിച്ചിട്ടില്ലാത്തതിനാൽ കാർബൺ ക്രെഡിറ്റുകളുടെ വിപണനം വിദേശ മാർക്കറ്റിലാണു നടക്കുന്നത്. ചെറുകിട കർഷകർക്ക് ഇതൊരു വെല്ലുവിളിയാണെന്ന് കണക്കിലെടുത്ത്, ഒരേ വിഭാഗത്തിൽപ്പെടുന്ന കർഷകരുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് വിപണന സാധ്യത ഉറപ്പാക്കുന്നതാണ് പദ്ധതി. ഫെബ്രുവരിയിൽ പദ്ധതി പ്രാബല്യത്തിൽ വരും.

ധാരണപത്രത്തിൽ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാദർ ബിബിൻ വരമ്പകത്ത്, ഗ്രീനേറ്റഡ് ക്ലൈമ-ടെക് ബിസിനസ് ഹെഡ് ശരത്ചന്ദ്രപ്രസാദ് എന്നിവർ ഒപ്പുവെച്ചു. ചടങ്ങിൽ ടി.എസ്.എസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആൽബിൻ തെങ്ങുംപള്ളിൽ, ഗ്രീനേറ്റഡ് ക്ലൈമ-ടെക് റീജണൽ കറസ്പോൺഡന്റ് റിജോയ് എന്നിവരും പങ്കെടുത്തു.

**കാൻസർ പരിശോധന ക്യാമ്പ്**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി മലബാർ ക്യാൻസർ സെന്ററുമായി സഹകരിച്ച് നടത്തിവരുന്ന സൗജന്യ കാൻസർ പരിശോധന ക്യാമ്പ് ഈ മാസം ജനുവരി 5 ന്, തോമാപുരം TSSS-ന്റെ ഓഫീസിൽ വച്ച് നടത്തപ്പെട്ടു. മലബാർ കാൻസർ സെന്റർ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ ഡോ. ഫിൻസിന്റെയും ടീമംഗങ്ങളുടെയും നേതൃത്വത്തിലാണ് ക്യാമ്പ് നടത്തിയത്. അടുത്ത മാസത്തെ കാൻസർ പരിശോധനക്യാമ്പ് ഫെബ്രുവരി 14-ന് ആലക്കോട്വച്ച് നടത്തപ്പെടുന്നതാണ്.

**പ്രതിമാസ പ്രവർത്തനങ്ങൾ**

2025 ഫെബ്രുവരി മാസത്തിൽ നടത്തേണ്ട പ്രവർത്തനം ചുവടെ ചേർക്കുന്നു.

**ഫെബ്രുവരി 4: ലോക കാൻസർ ദിനം (World Cancer Day)**

ലോക കാൻസർ ദിനത്തോടനുബന്ധിച്ച് എല്ലാ യൂണിറ്റുകളും കാൻസർ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. കാൻസർ രോഗങ്ങളുടെ പ്രാരംഭ ലക്ഷണങ്ങൾ, പ്രതിരോധ മാർഗങ്ങൾ, സമയബന്ധിത ആരോഗ്യ പരിശോധനയുടെ പ്രാധാന്യം എന്നിവ ഉൾക്കൊള്ളുന്ന ബോധവത്കരണ ക്ലാസ് നടത്തുക. അതോടൊപ്പം, ഈ മാസം ഫെബ്രുവരി 14 ന് ആലക്കോട് വെച്ച് നടക്കുന്ന കാൻസർ ക്യാമ്പിൽ പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫെബ്രുവരി 13: ദേശീയ വനിതാ ദിനം (National Women's Day)**

ദേശീയ വനിതാ ദിനത്തോടനുബന്ധിച്ച് എല്ലാ യൂണിറ്റുകളും 5 മുതൽ 12 വരെ പഠിക്കുന്ന പെൺകുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ചിത്രരചനാ മത്സരം സംഘടിപ്പിക്കുക. മത്സരത്തിനുള്ള വിഷയം ദേശീയ വനിതാ ദിനവുമായി ബന്ധപ്പെട്ടതായിരിക്കണം; വിഷയം യൂണിറ്റുകൾക്ക് സ്വതന്ത്രമായി തിരഞ്ഞെടുക്കാവുന്നതാണ്.

**Radio 4U 89.6 FM കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ**

കാസർഗോഡ് ജില്ലയിലെ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോയായ റേഡിയോ ഫോർ യു 89.6 എഫ്എം പ്രവർത്തന മികവുകൊണ്ട് മാധ്യമ പ്രവർത്തന രംഗത്ത് നവോത്ഥാനം തീർക്കുകയാണ്. നിരവധി കുട്ടികളും മുതിർന്നവരും തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദിയായി റേഡിയോ ഫോർയുവിനെ തിരഞ്ഞെടുത്ത് കഴിഞ്ഞു. കാസർഗോഡ് ജില്ലയിലെ സാമൂഹിക സാസ്കാരിക പരമായ പരിപാടികൾ കോർത്തെടുത്തുകൊണ്ടു നിരവധി പ്രോഗ്രാമുകൾ ചെയ്യാൻ ഈ കഴിഞ്ഞ കാലങ്ങളിൽ സാധിച്ചിട്ടുണ്ട്.

**ക്രിസ്തുമസ് കരോൾ ഗാനം മത്സരം സംഘടിപ്പിച്ചു**

ഈ വർഷത്തെ ക്രിസ്തുമസിനോട് അനുബന്ധിച്ച് റേഡിയോ ഫോർ

യൂ 89.6 FM സംഘടിപ്പിച്ച ക്രിസ്തുമസ് കരോൾ ഗാനമത്സരത്തിന്റെ സമ്മാനങ്ങൾ വിതരണം ചെയ്തു.

**അക്ഷരമുറ്റം:** റേഡിയോ 4U 89.6 FM വിദ്യാർത്ഥികളെ ലക്ഷ്യമാക്കി തയ്യാറാക്കിയ 'അക്ഷരമുറ്റം' എന്ന പരിപാടിയുടെ ആദ്യ എപ്പിസോഡ് ഈ മാസം പ്രക്ഷേപണം ചെയ്തു.

തിരുനാളുകളോട് അനുബന്ധിച്ചോ, മറ്റേതെങ്കിലും ഫെസ്റ്റിവലിനോട് അനുബന്ധിച്ചോ, ഏതെങ്കിലും വ്യക്തിക്കോ ഗ്രൂപ്പിനോ റേഡിയോയിൽ പരസ്യം നൽകാനും അതിലൂടെ മാർക്കറ്റിംഗ് വിപുലപ്പെടുത്താനും താല്പര്യം ഉണ്ടെങ്കിൽ റേഡിയോയുമായി ബന്ധപ്പെടാവുന്നതാണ്. വിളിക്കേണ്ട നമ്പർ: **7067625028.**

**ജോബ് അലേർട്ട് :** റേഡിയോയിൽ ആർജെ ആയിട്ടോ മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് ആയിട്ടോ ജോലി ചെയ്യാൻ താല്പര്യമുള്ളവർ ഉണ്ടെങ്കിൽ റേഡിയോയുമായി ബന്ധപ്പെടുക.

- **രോഗീസന്ദർശനം & ചികിത്സാസഹായം :**

ബദിയടുക്ക, എണ്ണപ്പാറ, മണ്ടളം, പുലിക്കുരുമ്പ, പനത്തടി, ചുണ്ടപറമ്പ്, ചെമ്പന്തൊട്ടി എം.എസ്.എസ്, പടുപ്പ്, കല്ലുവയൽ, മണിക്കടവ്, പുളിങ്ങോം, അറബി, ചന്ദനക്കാംപാറ, നെല്ലിക്കുറ്റി എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ കിടപ്പുരോഗികളെ സന്ദർശിച്ച് സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

- **അഗതിമന്ദിരം & അനാഥാലയം സന്ദർശനം**

പടുപ്പ്, വെള്ളരിക്കുണ്ട്, ചുള്ളി, മാങ്ങോട്, അരീക്കമല എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ അഗതിമന്ദിരങ്ങളും അനാഥാലയങ്ങളും സന്ദർശിച്ച് സാമ്പത്തിക സഹായത്തിനൊപ്പം ആവശ്യമായ സാധനങ്ങളും വിതരണം ചെയ്തു.

- **മെഡിക്കൽ ക്യാമ്പ്**

ജനുവരി മാസത്തെ സൈക്യാട്രിക് മെഡിക്കൽ ക്യാമ്പ് ഈ മാസം 25-ാം ചെമ്പേരി വിമല ആശുപത്രിയിൽ വെച്ച് ഉച്ചയ്ക്ക് 2:30 ന് ഡോക്ടർ സിസ്റ്റർ വിനീതയുടെ നേതൃത്വത്തിലുള്ള സംഘം നടത്തുന്നതാണ്.

- **ബോധവത്കരണ ക്ലാസ്**

മുണ്ടാനൂർ യൂണിറ്റ് ക്യാൻസർ സംബന്ധിച്ച ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.

ചന്ദനക്കാംപാറ യൂണിറ്റ് കർഷകദിനത്തോടനുബന്ധിച്ച് ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു

- **വിവാഹ സഹായം**

പുലിക്കുരുമ്പ യൂണിറ്റ് ഒരു കുടുംബത്തിന് വിവാഹ ആവശ്യങ്ങൾക്കായി സാമ്പത്തിക സഹായം നൽകി.

**വിവിധ ദിനാഘോഷങ്ങൾ**

**ഇന്ത്യൻ സൈനിക ദിനം: ജനുവരി 15**

ഇന്ത്യൻ സൈനിക ദിനത്തോടനുബന്ധിച്ച് മുണ്ടാനൂർ, പാലാവയൽ, പൈസക്കരി എന്നീ യൂണിറ്റുകൾ സൈനികർക്കുള്ള ആദരസൂചകമായി നന്ദിയും പ്രോത്സാഹനവും പ്രകടിപ്പിക്കുന്ന കത്തുകൾ തയ്യാറാക്കി അയച്ചു.

**മറ്റ് പ്രവർത്തനങ്ങൾ**

- കരുവഞ്ചാൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പച്ച പപ്പായയിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലന ക്ലാസിന് കൃഷി വിജ്ഞാനകേന്ദ്രത്തിൽനിന്നുള്ള ഡോ. ശ്രുതി നേതൃത്വം നൽകി
- കരുവഞ്ചാൽ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ കൂൺ കൃഷി സംബന്ധമായ പരിശീലന ക്ലാസ് സംഘടിപ്പിച്ചു.
- പടുപ്പ് യൂണിറ്റ് സ്വാഭിമാൻ, ബയോ മൗണ്ടൻ ഉൽപ്പന്നങ്ങൾ യൂണിറ്റുകളിൽ വിതരണം ചെയ്തു.
- മുണ്ടാനൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരു കുടുംബത്തിന് ധന സഹായം നൽകി.
- മണിക്കടവ് യൂണിറ്റിന്റെ നേതൃത്വത്തിൽ ക്രിസ്മസിനോട് അനുബന്ധിച്ച് രണ്ട് കുടുംബങ്ങൾക്ക് ക്രിസ്മസ് കിറ്റ് വിതരണം ചെയ്തു.
- മണിക്കടവ് യൂണിറ്റിന്റെ നേതൃത്വത്തിൽ നട്ടുവളർത്തിയ പച്ചക്കറികൾ വിളവെടുത്തു.
- കാഞ്ഞിരക്കൊല്ലി യൂണിറ്റിന്റെ നേതൃത്വത്തിൽ കുടുംബദിനത്തോടനുബന്ധിച്ച് ഭവനസന്ദർശനം നടത്തി.
- കാഞ്ഞിരക്കൊല്ലി യൂണിറ്റ് യുവജനദിനത്തോടനുബന്ധിച്ച് യുവജനങ്ങളുമായി സൗഹൃദം പങ്കുവെക്കുന്ന പരിപാടി സംഘടിപ്പിച്ചു.
- ക്രിസ്തുമസ് ദിനത്തോടനുബന്ധിച്ച് എല്ലാ യൂണിറ്റുകളിലും യൂണിറ്റ് അംഗങ്ങൾ ക്രിസ്മസ് ഫ്രണ്ട് എടുക്കുകയും സമ്മാനങ്ങൾ കൈമാറുകയും, കേക്ക് മുറിച്ച് ആഘോഷപരമായി ക്രിസ്തുമസിന്റെ സന്തോഷം പങ്കുവെക്കുകയും ചെയ്തു.
- കല്ലുവയൽ യൂണിറ്റ് അംഗങ്ങൾ വയനാട്ടിലേക്ക് സ്റ്റഡി ടൂർ സംഘടിപ്പിച്ചു.
- കരിവേടൻകുണ്ട് - വെയർ കം ബ്രിഡ്ജ് -ന് വായാട്ടുപറമ്പ് ഗ്രാമികാംഗങ്ങളും തദ്ദേശവാസികളും ചേർന്ന് ഷട്ടർ ഇടുകയും കരിവേടൻകുണ്ട് ജംഗ്ഷനിൽ ദിശാബോർഡ് സ്ഥാപിക്കുകയും ചെയ്തു.
- TSSS വായാട്ടുപറമ്പ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ചാരിറ്റി പ്രവർത്തന ധനസമാഹരണത്തിനായി ആക്രി (സ്ക്രാപ്പ്) ശേഖരിച്ചു.
- കാർത്തികപുരത്തെ NSS ക്യാമ്പിൽ, ഇടിച്ചക്കയിൽ നിന്നുള്ള വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനെക്കുറിച്ചുള്ള ക്ലാസ്, TSSS കരുവഞ്ചാൽ

ട്രസ്റ്റ് അംഗങ്ങളായ ശ്രീ. ജോസ്റ്റിൻ സാറും അറക്കൽ ഏലിയാമ്മ ടീച്ചറും ചേർന്ന് നടത്തി.

- പൈസക്കരി, പേരാവൂർ ആർ.സി.സി. പുലിക്കുരുമ്പ, ക്ലബുകളിൽ പുതുതായി തെരഞ്ഞെടുത്ത അംഗങ്ങളെ ആദരിച്ചു.
- കണിച്ചാർ യൂണിറ്റ് 10 നിർധന കുടുംബങ്ങൾക്ക് ഭക്ഷ്യ-ധാന്യ കിറ്റ് വിതരണം ചെയ്തു.
- പൈസക്കരി, ചന്ദനക്കാംപാറ, നെല്ലിക്കുറ്റി എന്നീ യൂണിറ്റുകൾ കാർഷികദിനാചരണ പരിപാടി സംഘടിപ്പിച്ച് കർഷകരെ ആദരിച്ചു.
- ചന്ദനക്കാംപാറ യൂണിറ്റ് ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ക്രിസ്മസ് കിറ്റ് വിതരണം ചെയ്തു.
- ചെമ്പന്തൊട്ടി എം.എസ്.എസ്. രണ്ട് വിധവകൾക്ക് ബെഡ് നൽകി.
- ചന്ദനക്കാംപാറ യൂണിറ്റ് ക്വിസ് മത്സരം നടത്തി.
- കാഞ്ഞങ്ങാട് യൂണിറ്റ് ക്രിസ്തുമസിനോട് അനുബന്ധിച്ച് ഇടവകയിലെ രണ്ട് കുടുംബങ്ങൾക്ക് ക്രിസ്തുമസ് കിറ്റ് വിതരണം ചെയ്തു.
- നാട്ടക്കൽ, പരപ്പ, മണ്ടളം എന്നീ യൂണിറ്റുകൾ ക്രിസ്തുമസിനോടനുബന്ധിച്ച് നിർധന കുടുംബങ്ങൾക്ക് കേക്ക് വിതരണം ചെയ്യുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു.
- നാട്ടക്കൽ യൂണിറ്റ് പഞ്ചായത്തുമായി ചേർന്ന് പുഴയിൽ തടയണ നിർമ്മാണം നടത്തി.
- എണ്ണപ്പാറ യൂണിറ്റ് ബസ് സ്റ്റോപ്പ് ശുചീകരിക്കുകയും പെയിന്റ് അടിക്കുകയും ചെയ്തു.
- പനത്തടി യൂണിറ്റ് പുതപ്പ് വിതരണം നടത്തി.
- ബദിയടുക്ക യൂണിറ്റ് ഇടവകയ്ക്ക് ഒരു ഡസ്റ്റ്ബിൻ നിർമ്മിച്ച് നൽകി.
- ബദിയടുക്ക യൂണിറ്റ് കാർമ്മൽ സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്കൊപ്പം ക്രിസ്തുമസ് ആഘോഷിച്ചു.
- ബദിയടുക്ക യൂണിറ്റ് ഡിറ്റർജന്റ് ഉത്പന്നങ്ങളുടെ നിർമാണത്തെപ്പറ്റി രണ്ട് സ്കൂളുകളിൽ ക്ലാസുകൾ സംഘടിപ്പിച്ചു.
- മണ്ടളം യൂണിറ്റിന്റെ നേതൃത്വത്തിൽ ആട് വളർത്താനും തയ്യൽ മെഷീൻ വാങ്ങാനും ആവശ്യമായ സാമ്പത്തിക സഹായം നൽകി.

**ഫാ. ജോർജ് തെങ്ങുംപള്ളിൽ**
അസ്സോസിയേറ്റ് ഡയറക്ടർ, TSSS

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, TSSS

**ഫാ. തോമസ് കളത്തിൽ**
സ്റ്റേഷൻ ഡയറക്ടർ, റേഡിയോ ഫോർ യു

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**ബയോ മൗണ്ടൻ കമ്പനി അഭിമാനത്തോടെ**

ഡൽഹി ഉപരാഷ്ട്രപതി ഭവനിൽവെച്ച് **ഇന്ത്യൻ ഉപരാഷ്ട്രപതി ശ്രീ. സി. പി രാധാകൃഷ്ണനെ** ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി സ്ഥാപകൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനോടൊപ്പം കമ്പനി എം.ഡി. ഫാ. ബെന്നി നിരപ്പേൽ സന്ദർശിച്ചു. കർഷകർക്കായി ബയോ മൗണ്ടൻ കമ്പനി ചെയ്യുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചറിയുകയും കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകൾ നേരുകയും ചെയ്തു.

**ബിസ്സിനസ് മീറ്റ്**

ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്ന കട ഉടമകളുടെ ബിസിനസ് മീറ്റ് നടത്തി. ജനുവരി 11 ന് കുന്നോത്ത് ബയോ മൗണ്ടൻ കമ്പനിയിൽ വച്ച് നടത്തിയ യോഗത്തിൽ അമ്പതോളം കട ഉടമകൾ പങ്കെടുത്തു. ബയോ മൗണ്ടൻ ഉല്പന്നങ്ങൾ കൂടുതൽ കടകളിലേക്ക് വിപണനത്തിനായി എത്തിക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നടത്തുകയും ആശയങ്ങൾ കൈമാറുകയും ഒപ്പം ബയോ മൗണ്ടൻ കറിപൗഡർ പ്രൊഡക്ഷൻ യൂണിറ്റ് സന്ദർശിച്ച് പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

**ബയോമൗണ്ടൻ കമ്പനിയിൽനിന്നും കാർഷികലോണും മെംബർഷിപ്പും**

തലശ്ശേരി അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനായി നമ്മൾ ആരംഭിച്ച സംരംഭമാണല്ലോ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി. നാളിതുവരെ ഉള്ള പ്രവർത്തനങ്ങളിലൂടെ ഏഴായിരത്തോളം അംഗങ്ങളെ കമ്പനിയിൽ ചേർക്കാനും ബയോമൗണ്ടൻ കമ്പനിയെ ഏറ്റവും നല്ല ഫാർമർ പ്രൊഡ്യൂസർ കമ്പനിയായി വളർത്തുവാനും നമുക്ക് സാധിച്ചു.

നമ്മുടെ എല്ലാ ഇടവകകളിലും ബയോമൗണ്ടൻ കമ്പനിയുടെ കർഷക ഗ്രൂപ്പുകൾ ഉണ്ടാകേണ്ടത് കർഷകർക്കും കമ്പനിയുടെ വളർച്ചക്കും ആവശ്യമാണ്. അതിനായി നിങ്ങളെല്ലാവരുടെയും സഹകരണം അപേക്ഷിക്കുന്നു. സെപ്റ്റംബർ മാസത്തോടുകൂടി നമ്മുടെ എല്ലാ ഇടവകകളിലും കമ്പനിയുടെ ഗ്രൂപ്പുകൾ രൂപീകരിക്കാൻ നമുക്ക് സാധിക്കണം. അതിനുള്ള ഒരു പദ്ധതി കാനറ ബാങ്കുമായി സംസാരിച്ച് നമ്മൾ തയ്യാറാക്കിയിട്ടുണ്ട്.

നമ്മുടെ കർഷകർ എല്ലാരുംതന്നെ വലിയ പലിശക്ക് പണം എടുത്ത് കടത്തിലാകുന്ന സാഹചര്യത്തിൽ, കുറഞ്ഞ പലിശയിൽ ലോൺ എളുപ്പത്തിൽ ലഭിക്കുവാനും തിരച്ചടവുകൾ എളുപ്പത്തിൽ പൂർത്തിയാക്കാനും വലിയ നടപടി ക്രമങ്ങളില്ലാതെ ലഭിക്കുന്നതും ഗ്രൂപ്പ് ലോണുകളാണ്.

ഒരു ലക്ഷം രൂപയുടെയോ രണ്ട് ലക്ഷം രൂപയുടെയോ ലോണുകൾ എടുക്കാൻ കർഷകരെ സഹായിച്ചാൽ നമ്മുടെ ഗ്രാമത്തിൽ സാമ്പത്തിക വളർച്ച കൊണ്ടുവരുവാനും ഒപ്പം കർഷകരെ ശാസ്ത്രീയമായി ലോൺ കൈകാര്യം ചെയ്യാനും അവരിൽ സാമ്പത്തിക അച്ചടക്കം രൂപീകരിക്കാനും സാധിക്കും. ഈ കാലഘട്ടത്തിൽ കർഷകരെ സാമ്പത്തിക ഭദ്രതയിലേക്ക് കൊണ്ടു വരിക എന്നത് ആവശ്യമാണ്. ലോൺ തിരിച്ചടവുകൾ എല്ലാ ദിവസമോ, ആഴ്ചയിലോ ലഭിക്കുന്ന മുറയ്ക്ക് ഗൂഗിൾ പേയ് വഴി നടത്താനുമുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

പത്ത് പേരടങ്ങുന്ന ഗ്രൂപ്പിന് പ്രസിഡന്റ്, സെക്രട്ടറി എന്ന രീതിയിൽ 2 ലീഡർമാർ ഉണ്ടായിരിക്കും. അവരുടെ നമ്പറിലേക്ക് തുകൾ അടക്കുന്ന ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ ലഭിക്കും. അതിനാൽ ആരെല്ലാം എത്ര രൂപ വെച്ച് അടച്ചു എന്നതിന്റെ കൃത്യവിവരങ്ങൾ അറിയുവാൻ സാധിക്കും.

നിലവിൽ ബാങ്ക് ലോൺ എടുക്കുമ്പോൾ ലോൺ ചാർജും ഡോക്യുമെന്റേഷൻ ചാർജും ബാങ്ക് വ്യക്തികളിൽ നിന്നും എടുക്കാറുണ്ട്. എന്നാൽ ഈ ചിലവുകളെല്ലാം കർഷകർക്കുവേണ്ടി കമ്പനി വഹിക്കുന്നതിനാൽ ഒരു ലക്ഷം രൂപ ലോൺ എടുക്കുന്നവർ ₹ 2500/ രൂപയുടെയും രണ്ട് ലക്ഷം രൂപ എടുക്കുന്നവർ ₹ 5000/ രൂപയുടെയും ഷെയറുകൾ എടുക്കേണ്ട ആവശ്യമേ ഉള്ളൂ. ഈ തുക നഷ്ടമാകുന്നില്ല. മറിച്ച് കർഷകന് കമ്പനിയുടെ ഷെയർ ലഭിക്കുകയും കമ്പനിയുടെ ഡിവിഡന്റ് കിട്ടാൻ അർഹനാക്കുകയും ചെയ്യുന്നു. ആയതിനാൽ നിലവിൽ ഗ്രൂപ്പ് ഉള്ളവർക്കോ പുതുതായി ഗ്രൂപ്പ് തുടങ്ങുന്നവർക്കോ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

സാമ്പത്തിക അച്ചടക്കമുള്ള വ്യക്തികളെ ഉൾക്കൊള്ളിച്ചുകൊണ്ട് പത്ത് പേരടങ്ങുന്ന രണ്ടോ മൂന്നോ ഗ്രൂപ്പുകളാക്കുകയാണെങ്കിൽ നമ്മുടെ എല്ലാ ഇടവകകളിലും ആഗസ്റ്റ് മാസത്തോടെ യാതൊരു ബുദ്ധിമുട്ടും കൂടാതെ ബയോ മൗണ്ടൻ യൂണിറ്റുകൾ തുടങ്ങാൻ സാധിക്കും. ഗ്രൂപ്പുകൾ രൂപീകരിച്ചാൽ തുടർന്ന് വേണ്ട എല്ലാ ക്രമീകരണങ്ങളും ബഹു. വൈദികർക്ക് ബുദ്ധിമുട്ട് വരാത്തരീതിയിൽ ബയോ മൗണ്ടൻ ഓഫീസ് നേരിട്ട് ചെയ്തു കൊള്ളും. നമ്മുടെ എല്ലാ കർഷകരും ലോണുകൾ എടുക്കുന്നവരാണ്. അതിനാൽ ഈ അവസരം കമ്പനിക്കും ഇടവകയ്ക്കും കർഷകർക്കും ഉപകാരപ്രദമാകും. നിങ്ങളുടെ ഓരോരുത്തരുടെയും ആത്മാർഥമായ സഹകരണം അപേക്ഷിക്കുന്നു.

**ലോണിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ**

കാർഷിക മേഖലയുടെ വളർച്ചക്കും കർഷകരുടെ ഉന്നമനത്തിനും വേണ്ടി നൽകുന്ന ലോൺ ഷെയർ എടുത്ത് മെമ്പർഷിപ്പ് നേടുന്ന കർഷകർക്ക് പത്ത് പേരടങ്ങുന്ന ബയോ മൗണ്ടൻ ഗ്രൂപ്പുകൾ രൂപികരിച്ച് ബയോ മൗണ്ടൻ

കമ്പനിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു ഗ്രൂപ്പുകൾക്കായിരിക്കും ലോണിനായി മുൻഗണന. 2 ലോണുകളാണ് ഉള്ളത്

1. ഒരു ലക്ഷം രൂപയുടെയും
2. രണ്ട് ലക്ഷം രൂപയുടെയും

   ഏതെങ്കിലും ഒരു ലോണാണ് ഗ്രൂപ്പിലെ ഒരു വ്യക്തിക്ക് ലഭിക്കുക.

1. ഒരു ലക്ഷം രൂപയുടെ ലോൺ എടുക്കുന്നവർക്ക് പ്രതിമാസം ₹3600/ രൂപ വെച്ച് 32 തവണയായി അടച്ചു ലോൺ ക്ലോസ് ചെയ്യാവുന്നതാണ്.
2. രണ്ട് ലക്ഷം രൂപയുടെ ലോൺ എടുക്കുന്നവർക്ക് പ്രതിമാസം ₹6500/ രൂപ വെച്ച് 36 തവണയായി അടച്ചു ലോൺ ക്ലോസ് ചെയ്യാവുന്നതാണ്.
3. ഒരു ലക്ഷം രൂപയുടെ ലോൺ എടുക്കുന്ന എല്ലാവരും ₹2500/ രൂപയുടെ ഷെയർ എടുക്കണം.
4. രണ്ട് ലക്ഷം രൂപയുടെ ലോൺ എടുക്കുന്ന എല്ലാവരും ₹5000/ രൂപയുടെ ഷെയർ എടുക്കണം.
5. കാനറ ബാങ്ക് വഴി കുടുംബശ്രീ ലിംഗേജ് ലോൺ ഉള്ളവർക്ക് SHG ലോൺ എടുക്കാൻ സാധിക്കുന്നതല്ല.

**ഷെയർ എടുക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ**

1. ലോണിന് ആവശ്യമായ ബാങ്ക് ഡോക്യുമെന്റുകളുടെയും, മുദ്ര പേപ്പറിന്റെയും, ഓരോ ഗ്രൂപ്പിനും ബാങ്ക് അക്കൗണ്ട് തുറക്കാനുമുള്ള ചിലവുകളും ബയോ മൗണ്ടൻ കമ്പനി വഹിക്കുന്നതാണ്.
2. വ്യക്തികൾക്ക് ഷെയർ എടുക്കുന്നതിന്റെ ചിലവുകൾ മാത്രമേ വരുന്നുള്ളൂ. മറ്റു ചിലവുകൾ ഉണ്ടാകില്ല.
3. ഷെയർ എടുക്കുന്ന തുക നഷ്ടം ആകുന്നില്ല. കമ്പനിയുടെ ഡിവിഡെന്റ് ലഭിക്കുന്നതാണ്.
4. ലോൺ തിരിച്ചടവ് ഓരോ ഗ്രൂപ്പിനും ബാങ്കിലേക്ക് നേരിട്ട് ഗൂഗിൾ പേയ് വഴി ചെയ്യാൻ ഉള്ള സൗകര്യം ഉണ്ടാവുന്നതാണ്.
5. ലോൺ തിരിച്ചടവ് എളുപ്പത്തിലക്കാൻ

* ഒരു ലക്ഷം രൂപ എടുക്കുന്നവർക്ക് പ്രതിദിനം 120 രൂപയും

* രണ്ട് ലക്ഷം രൂപ എടുക്കുന്നവർക്ക് പ്രതിദിനം 200 രൂപയും വെച്ച് ഗൂഗിൾ പേയ് വഴി അതാത് ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് അടക്കാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ബയോ മൗണ്ടൻ SHG ലോൺ സംബന്ധമായ എല്ലാ വിവരങ്ങൾക്കും വിളിക്കുന്നതിനായി 9526054322 (ഉഷ/കമൽ) എന്ന നമ്പർ ഉപയോഗിക്കാവുന്നതാണ്.

**പുട്ടുപൊടി യൂണിറ്റ്**

ബയോ മണ്ടൻ കമ്പനിയുടെ പുതിയ സംരംഭമായ പുട്ടുപൊടി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ പുരോഗമിക്കുന്നു. ഡിസംബർ മാസം അവസാനത്തോടുകൂടി പുട്ടുപൊടി യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രൊഡക്ഷൻ തുടങ്ങാൻ സാധിക്കുന്നതാണ്. നമ്മുടെ ഈ സംരംഭത്തിന്റെ വിജയത്തിനായി നിങ്ങളുടെ എല്ലാവരുടെയും പ്രാർഥനയും സഹകരണവും അപേക്ഷിക്കുന്നു.

**ഇടവകകളിലെ ഷെയർ**

കോട്ടൂർ, വെള്ളാട് എന്നീ ഇടവകകൾ ബയോ മൗണ്ടൻ കമ്പനിയുടെ ഷെയർ എടുത്തു.

അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശമനുസരിച്ച് ഞങ്ങളും കർഷകർക്കൊപ്പം ഉണ്ട് എന്ന് അറിയിച്ചുകൊണ്ട് ബയോ മൗണ്ടൻ കമ്പനിയിൽ ഷെയർ എടുത്ത ഇടവകകൾക്കും ബഹു. വികാരി അച്ചന്മാർക്കും ഇടവക അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക വളർച്ചയ്ക്കുംവേണ്ടി നമ്മൾ ആരംഭിച്ച ബയോ മൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചന്മാരുടെയും ഇടവക അംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ആയതിനാൽ ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂട്ടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺനമ്പറും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരി യച്ചന്റെ പേരും പള്ളിയുടെ ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ. നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസഭവന ങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായ നേതാക്കളുടെയും ഭക്ത സംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉല്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉല്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനെക്കാളും വിലക്കുറവും നമ്മുടെ ഉല്പന്നങ്ങൾക്കുണ്ട്. ഒപ്പം ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്. ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറി ലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തി ക്കുന്നതായിരിക്കും. ഫോൺ: 9656054322. Mail.id: tsssbiomountain @ gmail.com

ഫെബ്രുവരി മാസത്തിൽ എല്ലാ ഫൊറോനകളിലേക്കും ഇടവകകളി ലേക്കും നേരിട്ടുവരുവാനും ബഹു. വൈദികരുടെ നിർദേശങ്ങളും അഭിപ്രായ ങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്. ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കി മാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
ചെയർമാൻ

**ഫാ. സ്കറിയ നിരപ്പേൽ**
മാനേജിംഗ് ഡയറക്ടർ

**ഫാ. ജോസഫ് മുണ്ടപ്ലാക്കൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

# ഇൻഫാം

കേരളത്തിലെ കർഷകസമൂഹം ഇന്ന് തങ്ങളുടെ നിലനില്പിനെയും ജീവിതവ്യവസ്ഥയെയും തളർത്തുന്ന പലവിധത്തിലുള്ള പ്രതിസന്ധികളുടെ ഭാരം വഹിച്ചുകൊണ്ടിരിക്കുകയാണ്. ഉല്പ്പാദന ചെലവുകളുടെ ഉയർച്ച, വിപണിയിലെ അനിശ്ചിതത്വം, ആവശ്യമായ പിന്തുണാസംവിധാനങ്ങളുടെ അഭാവം, വന്യമൃഗങ്ങളുടെ ശല്യം എന്നിവ ഇവരെ കൂടുതൽ നിരാശയിലേക്ക് നയിക്കുന്നു. കർഷകരുടെ പ്രശ്നങ്ങൾക്ക് സമഗ്രമായ പരിഹാരങ്ങൾ മുന്നോട്ട് വയ്ക്കാതെയും, അവരെ സ്ഥിരമായ സുരക്ഷാവലയത്തിലേക്ക് കൊണ്ടുവരാതെയും തുടരുന്ന സമീപനം ഈ മേഖലയിലെ പുരോഗതിയെ തന്നെ തടസ്സപ്പെടുത്തുന്നു. കർഷകർക്ക് സ്ഥിരതയുള്ളവരുമാനം ഉറപ്പാക്കാനും, ആധുനിക കൃഷിയിലേക്ക് അവരെ പ്രാപ്തരാക്കാനും ശക്തമായ നയങ്ങളും കൂട്ടായ ഇടപെടലുകളും അത്യാവശ്യമാണ്. നാം ഒരുമിച്ചു നിന്നാൽ മാത്രമേ കർഷകരുടെ ഭാവിയും കൃഷി മേഖലയുടെ നിലനിൽപ്പും ഉറപ്പാക്കാൻ കഴിയൂ. അതിനായി നമുക്ക് ഐക്യത്തോടെ മുന്നോട്ട് നീങ്ങാം...

**സർക്കാർ കാർഷികനയംവ്യക്തമാക്കണം: ഇൻഫാം**

അടുത്തു വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിനെ കർഷകർ വളരെ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. കർഷകർക്കൊപ്പമെന്ന് പറഞ്ഞ് അധികാരത്തിലെത്തിയ സർക്കാർ കഴിഞ്ഞ 10 വർഷമായി കർഷകരുടെ ജീവിതം ദുസ്സഹമാക്കിയതല്ലാതെ യാതൊരു വാഗ്ദാനങ്ങളും നടപ്പിലാക്കിയിട്ടില്ല. കഴിഞ്ഞ 10 വർഷം കൊണ്ട് നികുതികൾ പല മടങ്ങ് വർദ്ധിച്ചു, നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം രൂക്ഷമായി. എന്നാൽ കാർഷികോല്പ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതുമൂലം കർഷകർ പ്രതിസന്ധിയിലാണ്. കാലാവസ്ഥാ വ്യതിയാനവും വന്യമൃഗശല്യവും രാസവളങ്ങളുടെ വിലക്കയറ്റവും കർഷകരെ കടക്കെണിയിലാക്കി. ജപ്തിനടപടികളെ ഭയന്ന് കർഷക ആത്മഹത്യ ദിനംപ്രതിയായി. കർഷകസമരങ്ങളും നിവേദനങ്ങളും സർക്കാർ അവഗണനയുടെ ഭാഗമാകുന്നു. റബ്ബറിന് 250 രൂപയും പെൻഷൻ 2500/ രൂപയും എന്ന സർക്കാർ വാഗ്ദനങ്ങൾ ഇന്നും സ്വപ്നമായി തുടരുന്നു.

അടുത്തു വരുന്ന തിരഞ്ഞെടുപ്പിൽ കർഷകർക്ക് പ്രയോജനകരമായ നിയമനിർമ്മാണങ്ങൾ നടപ്പിലാക്കാൻ കർഷകർ ഒറ്റക്കെട്ടായി ജാഗ്രതയോടെ ശക്തമായ നിലപാടുകൾ സ്വീകരിക്കാൻ നമുക്ക് പരിശ്രമിക്കാം.

## ഇൻഫാം കണ്ണൂർ, കാസർഗോഡ് ജില്ലാ സിൽവർ ജൂബിലി ആഘോഷങ്ങൾ സംഘടിപ്പിച്ചു

ഇൻഫാം കണ്ണൂർ, കാസർഗോഡ് ജില്ലാ സിൽവർ ജൂബിലി ആഘോഷങ്ങൾ 2025 ഡിസംബർ 15, 16 തീയതികളിൽ വിപുലമായ പരിപാടികളോടെ വിജയകരമായി സംഘടിപ്പിച്ചു. കർഷകരുടെ സാമൂഹ്യ-സാമ്പത്തിക പുരോഗതിയും കാർഷിക മേഖലയിലെ വെല്ലുവിളികളും ചർച്ച ചെയ്യുന്നതിനായി ജില്ലയിലെ വിവിധഭാഗങ്ങളിൽ നിന്നുള്ള കർഷകർ, സംഘടനാ ഭാരവാഹികൾ, അതിഥികൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. ഡിസംബർ 15ന് ഒരുക്കയോഗങ്ങളും സംഘടനാ അവലോകന ചർച്ചകളും നടന്നു. ഡിസംബർ 16ന് നടന്ന മുഖ്യാഘോഷപരിപാടികൾ രജിസ്ട്രേഷനോടെ ആരംഭിച്ച് ഔദ്യോഗിക ഉദ്ഘാടനം, വിഷയാവതരണങ്ങൾ, സംവാദങ്ങൾ, പൊതുസമ്മേളനം എന്നിവയോടെ മുന്നോട്ട് നീങ്ങി. ഇൻഫാമിന്റെ 25 വർഷത്തെപ്രവർത്തന പാരമ്പര്യവും കർഷകസമൂഹത്തിനു നൽകിയ സംഭാവനകളും ഭാവിപ്രവർത്തനപദ്ധതികളും നേതാക്കൾ ഈ അവസരത്തിൽ വിശദീകരിച്ചു. സമാപന സമ്മേളനത്തോടുകൂടി സിൽവർ ജൂബിലി ആഘോഷങ്ങൾ സമാപിച്ചപ്പോൾ, കർഷക ശക്തീകരണത്തിനും കാർഷിക മേഖലയിലെ ദീർഘകാല വികസനത്തിനും ഇൻഫാം നൽകുന്ന പ്രതിബദ്ധത വീണ്ടും ഊന്നിപ്പറയപ്പെട്ടു.

**ശ്രീ. സ്കറിയ നെല്ലംകുഴി**
പ്രസിഡണ്ട്, തലശ്ശേരി അതിരൂപത

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, തലശ്ശേരി അതിരൂപത




# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2026 ഫെബ്രുവരി

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

01-05 : ആന്തരിക സൗഖ്യ ധ്യാനം
07 : ഏകദിന കൺവെൻഷൻ
08-11 : കന്നഡ ധ്യാനം
13 : ഏകദിന ധ്യാനം (2 pm - 8 pm)
14 : ഏകദിന കൺവെൻഷൻ
15-19 : ആന്തരിക സൗഖ്യ ധ്യാനം
21 : ഏകദിന കൺവെൻഷൻ
22-26 : English Retreat
27 : ഏകദിന ധ്യാനം (2 pm - 8 pm)
31 : ഏകദിന കൺവെൻഷൻ

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

07-10 : ആന്തരിക സൗഖ്യ ധ്യാനം
21-24 : ആന്തരിക സൗഖ്യ ധ്യാനം

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

07 : ഏകദിന ധ്യാനം (9 am - 2 pm)
08-10 : ആന്തരിക സൗഖ്യാനുഭവ ധ്യാനം
13 : ജാഗരണ പ്രാർത്ഥന (06 pm - 09 pm)

**4. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി, തളിപ്പറമ്പ് ഫോൺ: 6238303093**

06 : ജാഗരണ പ്രാർത്ഥന
08-13 : ഹീലിംഗ് & ഡെലിവറൻസ്
19-22 : വചനാഭിഷേക ധ്യാനം

**5. സിയോൻ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ: 7306859339**

08-12 : MSMI സിസ്റ്റേഴ്സിനായുള്ള ധ്യാനം
13 : ജാഗരണ പ്രാർത്ഥന (06 pm - 10.30 pm)
15-20 : MSMI സിസ്റ്റേഴ്സിനായുള്ള ധ്യാനം
21-25 : ആന്തരിക സൗഖ്യ ധ്യാനം

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

**ഡിസംബർ 2025**

21 കണ്ണൂർ നഗരത്തിൽ സംഘടിപ്പിച്ച എക്യുമെനിക്കൽ ക്രിസ്തുമസ് സെലബ്രേഷൻ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് സംഘടിപ്പിച്ച ക്രിസ്തുമസ് നോയൽ നൈറ്റ് പ്രോഗ്രാമിനെത്തിയവരെ സ്വാഗതം ചെയ്തു.

22 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് തലശ്ശേരി അതിരൂപതാംഗങ്ങളായ ബ്രദർ മാത്യു മൂന്നുപീടികയിലിൽ, ബ്രദർ അജിത്ത് കരോട്ടുകുന്നേൽ എന്നിവർക്ക് ഡീക്കൻപട്ടം നൽകി. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ദീപികാ കണ്ണൂർ യൂണിറ്റിന്റെ ക്രിസ്തുമസ് ആഘോഷപരിപാടി ഉദ്ഘാടനം ചെയ്തു. തുടർന്ന് കരുവൻചാൽ പ്രീസ്റ്റ് ഹോമിലെത്തി ബഹു. വൈദികരെ സന്ദർശിച്ച് ക്രിസ്തുമസ് ആശംസ നേർന്നു. രാത്രി 9 മണിയോടെ ഓൺലൈനായി ചേർന്ന സിനഡൽ കമ്മീഷൻ ഫോർ സെമിനാരിയൻസ് മീറ്റിംഗിൽ പങ്കെടുത്തു.

23 രാവിലെ കരുണാപുരത്ത് പുതുതായി നിർമ്മിച്ച എം.എസ്.എം.എച്ച്.സി. കോൺവെന്റ് വെഞ്ചരിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡ് മീറ്റിംഗിൽ പങ്കെടുത്തു.

24 ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസ് കമ്പനി ഗവേർണിംഗ്ബോഡി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിലെത്തിയ വിവിധ സന്ദർശകരെ സ്വീകരിച്ചു.

25 കത്തീഡ്രൽ ദൈവാലയത്തിൽ ക്രിസ്തുമസ് കുർബ്ബാനയർപ്പിച്ചു.

26 രാവിലെ കിളിയന്തറ ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ജേക്കബ് കാശാൻകാട്ടിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം ആലക്കോട് ഫൊറോനാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ജോസഫ് വലിയപ്ലാക്കൽ എം.എസ്.ജെ യുടെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം നെല്ലിപ്പാറ ഇടവകാ ദൈവാലയത്തിന്റെ ജൂബിലി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

27 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

28 ചെമ്പേരി കരുണാലയത്തിന്റെ ജൂബിലി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

29 രാവിലെ രാജമുടി ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ജോസഫ് അയിലൂക്കുന്നേലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷ

യിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം മുത്താറിക്കുളത്ത് പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. തുടർന്ന് ചന്ദനക്കാംപാറയിൽവച്ച് ബഹു. ജോസഫ് ചാത്തനാട്ടച്ചന്റെ ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

30 രാവിലെ കള്ളാർ ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ജോസഫ് പാറക്കാലായിലിന്റെയും ഡീക്കൻ സെബിൻ പാലയ്ക്കലിന്റെയും പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം തോട്ടത്താടി ഫൊറോനാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ജോസഫ് വടക്കേമുളഞ്ഞനാലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

31 രാവിലെ ചന്ദനക്കാംപാറ ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ മാത്യു വടക്കേലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് മണിപ്പാറ ഇടവകയിൽവച്ച് എയ്ഡൻ ടോം അനൂപ് ആഞ്ഞിലിത്തോപ്പിലിന് മാമ്മോദീസാ നൽകി. ഉച്ചയ്ക്കുശേഷം ചെങ്ങോം ഇടവകയിൽവച്ച് കെ.സി.വൈ.എം പേരാവൂർ ഫൊറോനാ സമിതി ഏർപ്പെടുത്തിയ ജെറിൻ ജോസഫ് റോയി ശാസ്താംകുന്നേൽ സ്മാരക പുരസ്കാരം **സുവർണ്ണ ബെന്നിക്ക്** സമ്മാനിച്ചു.

## ജനുവരി 2026

01 രാവിലെ വെള്ളരിക്കുണ്ട് ഫൊറോനാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ജസ്റ്റിൻ പടിക്കരയുടെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് മുളപ്ര ദൈവാലയത്തിൽവച്ച് അഖിൽ നെല്ലിക്കലിന്റെയും റിറ്റി വരിക്കപ്ലാന്തടത്തിലിന്റെയും വിവാഹം ആശീർവ്വദിച്ചു. ഉച്ചയ്ക്കുശേഷം ചെറുപുഴയിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു.

02 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന ആലോചനാസമിതി മീറ്റിംഗിനും എ.കെ.എം. ട്രസ്റ്റ് മീറ്റിംഗിനും അധ്യക്ഷത വഹിച്ചു.

03 രാവിലെ രാജഗിരി ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ മാത്യു പൂക്കുളത്തേലിന്റെയും, ഡീക്കൻ ജോസഫ് പൂക്കുളത്തേലിന്റെയും പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം തിരുവമ്പാടി ദൈവാലയത്തിൽവച്ച് ഹെമ്‌ലിൻ പുരയിടത്തിലിന്റെയും റോഷ്മി പാംപ്ലാനിയുടെയും വിവാഹം ആശീർവ്വദിച്ചു.

04-05 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

06-10 മൗണ്ട് സെന്റ് തോമസിൽവച്ച് നടന്ന സീറോമലബാർസഭ സിനഡിൽ പങ്കെടുത്തു.

11 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

12 രാവിലെ വായാട്ടുപറമ്പ് ഫൊറോനാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ചാക്കോച്ചൻ മൂലേക്കാട്ടിലിന്റെയും, ഡീക്കൻ മാത്യു കണിവേലിയുടെയും പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം വെള്ളരിക്കുണ്ടിൽവച്ച് ചേർന്ന ബൈബിൾ കൺവെൻഷൻ സംഘാടകസമിതി യോഗത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

13 രാവിലെ വെള്ളരിക്കുണ്ട് ഫൊറോനാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ജോർജ് പാറയ്ക്കലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയോടെ എടൂർ സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ വാർഷികവും യാത്രയയപ്പ് സമ്മേളനവും ഉദ്ഘാടനം ചെയ്തു. വൈകുന്നേരം ബദിയടുക്ക ഹോളിഫാമിലി പബ്ലിക് സ്കൂൾ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

14 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

15 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം കിളിയന്തറ ഇടവകയിൽ നിര്യാതയായ കത്രീന കളപ്പുരയ്ക്കലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

16 കുന്നോത്ത് മേജർ സെമിനാരി കമ്മീഷൻ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന പാരിഷ് സോഫ്റ്റ്വെയർ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

17 രാവിലെ കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് പിലാത്തറയിൽ SVD ജൂബിലി സ്മാരക കെട്ടിടത്തിന്റെ ആശീർവ്വാദകർമ്മം നിർവ്വഹിച്ചു. വെണ്ണക്കല്ല് ഇടവകയിൽവച്ച് ബഹു. മാത്യു കുറുംപ്രാത്ത് അച്ചന്റെ ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം കുന്നുംകൈ ഇടവകാ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

18 മേരിഗിരിയിൽ പുതുതായി നിർമ്മിച്ച പള്ളിമുറിയും, നവീകരിച്ച സെമിത്തേരിയും, പുതിയ ബാസ്ക്കറ്റ്ബോൾ കോർട്ടും വെഞ്ചരിച്ചു. ഉച്ചയ്ക്കുശേഷം ഫാ. ജോസഫ് വേങ്ങക്കുന്നേലിന്റെ ഭവനം സന്ദർശിച്ചു. വൈകുന്നേരം കാർത്തികാപുരം ഇടവകാ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

20 പേരാവൂർ, എടൂർ, കുന്നോത്ത്, മണിക്കടവ്, നെല്ലിക്കാംപൊയിൽ ഫൊറോനയിലെ വൈദികരുടെ റീജിയണൽ സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ചെറുപനത്തടി സെന്റ് മേരീസ് സ്കൂൾ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

FEBRUARY 2026

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 07:30 am | - | Perumpunna |
| | 10:45 am | - | Peravoor |
| | 05:30 pm | - | Cathedral |
| 02 | | - | Ernakulam |
| 03 | 10:00 am | - | Priest Regional Meet |
| | 06:00 pm | - | Vellarikkund: Bible Convention |
| 04-08 | | - | Bangalore: CBCI Plenary Meeting |
| 09 | 10:00 am | - | Chemperi |
| 10 | 09-12 pm | - | Thalassery: Visitors Day |
| 11 | 10:00 am | - | Priest Regional Meet |
| 12-13 | | - | Ernakulam |
| 14 | 10:00 am | - | Josegiri Nursing College |
| | 03:30 pm | - | Vilangad |
| 15 | 09:00 am | - | Chedikkulam: Jubilee |
| | 04:00 pm | - | Aravanchal: Jubilee |
| 16 | 10:00 am | - | Thalassery: Historians Meet |
| | 06:00 pm | - | Shalome Shooting |
| 17 | 06:00 pm | - | Kanjirakkolly: UP School Jubilee |
| 18 | 09-12 pm | - | Thalassery: Visitors Day |
| 19-21 | | - | Ernakulam |
| 22 | | - | Balal: Pastoral Visit |
| 23 | 02:00 pm | - | Chemperi |
| 24 | 10:00 am | - | Presbyteral Council |
| 25-27 | | - | Ernakulam |
| 28 | 10:00 am | - | Finance Council (Budget Session) |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**ജനുവരി 2026**

01 രാവിലെ കോഴിച്ചാൽ ഇടവകയിൽ ഡീ. ബോബിൻ പുളിയനാപ്പള്ളിക്ക് പൗരോഹിത്യപട്ടം നൽകി.

ഉച്ചകഴിഞ്ഞ് പാലാവയൽ ഇടവകയിൽ വച്ച് സിഎസ്ടി സഭാംഗമായ ഡീ. ആൽബർട്ട് കല്ലൂരിനും, എംഎസ്ടി സഭാംഗമായ ഡീ. അലൻ കാഞ്ഞിരമറ്റത്തിനും പൗരോഹിത്യപട്ടം നൽകി.

02 രാവിലെ പെരുമ്പടവ് ഇടവകയിൽ ഡീ. ജേക്കബ് തുണ്ടത്തിലിനു പൗരോഹിത്യപട്ടം നൽകി.

വൈകുന്നേരം കാലാങ്കി ഇടവകയിൽ വടക്കേമുറിയിൽ അനീഷ് - ലിൻസി എന്നിവരുടെ നാലാമത്തെ മകൾ അഡാലിയായ്ക്ക് പ്രാരംഭ കൂദാശകൾ നൽകി.

03 രാവിലെ പാലാവയൽ ഇടവകയിൽ ഡീ. ആൽബർട്ട് (ജോർജ്) മാപ്പിളപ്പറമ്പിലിന് പൗരോഹിത്യ നൽകി.

ഉച്ചയ്ക്ക് ചെമ്പേരിയിൽ നടന്ന ബഹുമാനപ്പെട്ട ജോസ് ഇളയാനിതോട്ടം അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്കും വിശുദ്ധ കുർബാന അർപ്പണത്തിലും പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് മേരിഗിരി ഇടവകയിൽ പന്തുകളം കുടുംബത്തിലെ അതുലിന്റെ വിവാഹത്തിന് മുമ്പുള്ള കുടുംബപ്രാർത്ഥനയിൽ നേതൃത്വം നൽകി.

വൈകുന്നേരം പാണത്തൂർ ഇടവകയിൽ പൂന്തോട്ടത്തിൽ ജിനീന - അലൻ എന്നിവരുടെ ഒത്തുകല്യാണത്തിനും, ജിനിറ്റ് - ജെനീഷ എന്നിവരുടെ വിവാഹത്തിനും കാർമികത്വം വഹിച്ചു.

04 പടന്നക്കാട് നല്ലിടയൻ ദേവാലയത്തിലെ തിരുനാളിന് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

05 രാവിലെ കൊന്നക്കാട് ഇടവകയിൽ സിഎസ്ടി സഭാഗങ്ങളായ ഡീ. ജോൺ ചെല്ലങ്കോട്ടിനും, ഡീ. അനുഗ്രഹ് വലിയവീട്ടിലിനും പൗരോഹിത്യപട്ടം നൽകി.

6-10 വരെ കാക്കനാട് നടന്ന സീറോ-മലബാർ സിനഡിൽ സംബന്ധിച്ചു.

11 രാവിലെ ഉളിക്കൽ ഇടവകയിലെ പ്രധാന തിരുനാളിന് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

13 മണിക്കടവ് ഇടവകയിൽ നിര്യാതയായ കാഞ്ഞിരത്താംകുന്നിൽ അന്നമ്മയ്ക്കുവേണ്ടി വിശുദ്ധ കുർബാന അർപ്പിക്കുകയും സെമിത്തേരിയിലെ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

തുടർന്ന് കുന്നോത്ത് എച്ച്എസ്എസിലെ വാർഷിക ആഘോഷത്തിലും അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിലും പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് പാലാവയൽ എച്ച്എസ്എസ്-ലെ വാർഷിക ആഘോഷത്തിലും അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിനും പങ്കെടുത്തു.

14 രാവിലെ ചെമ്പേരി എച്ച്എസ്എസ്സിലെ വാർഷിക ആഘോഷത്തിലും അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിലും പങ്കെടുത്തു.

തുടർന്ന് അരീക്കമല ഇടവകയിൽ അറയ്ക്കൽ തങ്കച്ചൻ - ലില്ലി ദമ്പതികളുടെ മകൻ ജോയലിന്റെയും വധു അനീറ്റയുടെയും വിവാഹം ആശീർവ്വദിച്ചു.

17 മാനന്തവാടി രൂപത ദീപ്തിഗിരി ഇടവകയിലെ പ്രധാന തിരുനാളിന് വി. കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

18 മണ്ഡ്യ രൂപത കർമലാരാം ഇടവകയിൽ പ്രധാന തിരുനാളിന് വിശുദ്ധ കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും, പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു.

19 മാനന്തവാടി രൂപതയിൽ ചെറുകാട്ടൂർ ഇടവകയിൽ പുതുതായി നിർമ്മിച്ച ഗ്രോട്ടോയുടെ വെഞ്ചിരിപ്പ് നടത്തുകയും, പ്രധാന തിരുനാളിന് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു.

20 മാനന്തവാടി രൂപതയിലെ കൊട്ടിയൂർ ഇടവകയിലെ പ്രധാന തിരുനാളിന് വി. കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

21 രാവിലെ GSMS-ൽ ക്ലാസെടുത്തു.

ഉച്ചകഴിഞ്ഞ് മേരിഗിരി ഇടവകയിൽ ബഹു. കുര്യാക്കോസ് അറയ്ക്കലച്ചന്റെ യാത്രയയപ്പ് സൽക്കാരത്തിലും സമ്മേളനത്തിലും പങ്കുകൊണ്ടു.

23 പേരാവൂർ ഇടവകയിലെ പ്രധാന തിരുനാളിനോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

24 ചെമ്പേരി ബസിലിക്ക ഇടവകയിൽ കുട്ടികൾക്ക് ആഘോഷമായ വിശുദ്ധ കുർബാന നൽകി.

ഉച്ചകഴിഞ്ഞ് പടിമരുത് ഇടവകയിൽ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

25 രാവിലെ ചെറുപുഴ ഇടവക ദൈവാലയത്തിലെ തിരുനാളിന് വിശുദ്ധ കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് കാർത്തികപുരം ഇടവകയിൽ പുതുതായി നിർമ്മിച്ച ഗ്രോട്ടോയുടെ വെഞ്ചിരിപ്പ്കർമ്മം നിർവഹിച്ചു.

26 മാനന്തവാടി രൂപത മണിമൂളി ഇടവകയിൽ പ്രധാന തിരുനാളിന് വിശുദ്ധ കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

27 പയ്യമ്പള്ളി ഇടവകയിൽ വച്ച് നടന്ന സി. മേഴ്സിറ്റ എസ് എച്ചിന്റെ

ഗോൾഡൻ ജൂബിലി ആഘോഷത്തിൽ വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

28 രാവിലെ GSMS-ൽ ക്ലാസെടുത്തു.

30 വൈകുന്നേരം കാലിച്ചാനടുക്കം ഇടവക തിരുനാളിനോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

31 തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിലെ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

## FEBRUARY 2026 ENGAGEMENTS

### ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 01 | 09:30 am | - | Holymass at Thirumani |
| | 05:00pm | - | Holymass at vellarikkund |
| 04 | | - | Class GSMS |
| 06 | 4:30 pm | - | Holy mass at Perumpunna |
| 07 | 4:00 pm | - | Holy Mass at Josegiri |
| 08 | 10:00 am | - | Holymass at Mandalam |
| 09 | 10:30 am | - | Memorial Mass at Palathumkadavu |
| 11 | 08:45 am | - | Class GSMS |
| | 04:00 pm | - | 100th Birthday Celebration at Edoor |
| | 05:30pm | - | School Anniversary at Peratta |
| 12 | 10:00am | - | Jubilee Celebration at Dwarakha |
| 14 | 10:00 am | - | Family Gathering at Kiliyanthara |
| | 04:00pm | - | Olymass at Marygiri |
| 15 | 05:30 pm | - | Baptism paisakiri |
| 18 | | - | Class GSMS |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

# മാർ ജോർജ് വലിയമറ്റം

## ഡിസംബർ 2025

19 രാവിലെ കരിക്കോട്ടക്കരി പള്ളിയിൽവച്ച് ഫാ. മാണി കണ്ടത്തിൽ മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു.

20 രാവിലെ തിരുവമ്പാടിയിൽവച്ച് സിസ്റ്റർ മേരി റോസ് സിഎംസിയുടെ ഗോൾഡൻ ജൂബിലി ഉദ്ഘാടനം ചെയ്യുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

21 ഉച്ചകഴിഞ്ഞ് തലശ്ശേരി സമരിറ്റൻ ഹോമിൽവച്ച് നടന്ന ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്തു. വൈകുന്നേരം ബിഷപ്പ് ഹൗസിൽ നടന്ന ക്രിസ്മസ് ആഘോഷങ്ങളിലും പങ്കെടുത്തു.

25 തലശ്ശേരി കത്തീഡ്രൽ പള്ളിവെച്ച് തിരുപ്പിറവി കർമ്മത്തിൽ സംബന്ധിച്ചു. തുടർന്ന് ജോസ്ഗിരി ആശുപത്രിയിൽ വച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

26 പേരട്ട പള്ളിയിൽ വച്ച് ഡീക്കൺ അജോയ്സ് പൊട്ടക്കുളത്തിന് പൗരോഹിത്യം പട്ടം നൽകി.

27 തീയതി കല്ലുവയലിൽ വച്ച് നടന്ന വലിയമറ്റം കുടുംബയോഗത്തിൽ സംബന്ധിച്ചു.

28 വെണ്ണക്കല്ല് വച്ച് ലയോന തെരേസ റോണിക്ക് കിഴക്കേക്കരയ്ക്ക് മാമോദിസ നൽകി.

ഉച്ചകഴിഞ്ഞ് ചെമ്പേരി കരുണാലയത്തിൽ വച്ച് കരുണാലയത്തിന്റെ 50-ാം ജൂബിലിയോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

വൈകുന്നേരം മണിക്കടവ് പള്ളിയിൽവച്ച് നിവിന്റെയും കൊച്ചുത്രേസ്യ യുടെ വിവാഹം ആശീർവദിച്ചു.

29 കടുമേനി പള്ളിയിൽ വച്ച് ബഹുമാനപ്പെട്ട മാത്യു വളവനാൽ അച്ചന്റെ സിൽവർ ജൂബിയോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

## ജനുവരി 2026

01 രാവിലെ കാവുന്തല പള്ളിയിൽ വച്ച് ഡീക്കൻ സേവ്യയർ കുരുവിളനിക്കൽ തിരുപ്പട്ടം നൽകി.

03 ബഹുമാനപ്പെട്ട ഇളയാനിത്തോട്ടം അച്ചന്റെ ശവസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ് കരുണാപുരം പള്ളിയിൽ വച്ച് അതുൽ ജോൺ - അർപ്പിത തോമസിന്റെയും വിവാഹം ആശീർവദിച്ചു.

04 അടയ്ക്കാത്തോട് പള്ളിയിൽ വച്ച് അമലിന്റെയും - ശാമിലിയുടെയും വിവാഹ ആശീർവദിച്ചു

05 കോലുവള്ളി പള്ളിയിൽ വച്ച് ഡിക്കൻ ക്ലെമന്റ് നരിക്കുഴിക്ക് പൗരോഹിത പട്ടം നൽകി.

05-06 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സിനഡിൽ സംബന്ധിച്ചു.

11 കൊട്ടോടി പള്ളിയിൽ വച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

13 പെരുവണ്ണാമൂഴിയിൽ വച്ച് ഫാ. ജോസഫ് പുളിന്താനത്തിന്റെ അച്ചന്റെ ജ്യേഷ്ഠൻ തോമസ് ചേട്ടന്റെ സംസ്കാരശുശ്രൂഷയിൽ കാർമികത്വം വഹിച്ചു.

16 കാർത്തികപുരം പള്ളിയിൽ വെച്ച് തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

---

## FEBRUARY 2026 ENGAGEMENTS

### ARCHBISHOP EMERITUS GEORGE VALIAMATTAM

02 - Bible convention: Vellarikund

**Secretary to the Archbishop Emeritus**




തലശ്ശേരി അതിരൂപത ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്യുന്നു.
തളിപ്പറമ്പ്, 26 ജനുവരി 2026



RNI Reg. No. 5910 Date of Publication: 28/01/2026
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2025-27
വാല്യം : 09 ലക്കം : 02 വില : ₹10

# ഫെബ്രുവരി 11
# പരിശുദ്ധ ലൂർദ്ദ് മാതാവിന്റെ തിരുനാൾ



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.